www.malankaralibrary.com

അഭിവന്ദ്യ തട്ടിൽ പിതാവ് | കേരള ലേബർ മൂവ്മെന്റ് | സെക്ടുകളും അത്ഭുതങ്ങളും

# കാരുണികൻ

Vol. 7 No.07 July 2010

Rs. 25/-

www.karunikan.com

സമ്പൂർണ്ണ ദൈവശാസ്ത്ര മാസിക



## അസംഘടിത തൊഴിലാളികൾ

www.malankaralibrary.com



അസംഘടിത തൊഴിലാളികളാണ് ഇത്തവണത്തെ പ്രമേയം. തൊഴിലാളികളിൽ മഹാഭൂരിപക്ഷവും ഈ ഗണത്തിൽ പെടുന്നുവെന്നതാണ് ഞെട്ടിപ്പിക്കുന്ന സത്യം. മുഖ്യധാരാ രാഷ്ട്രീയ പാർട്ടികൾ ഇടപെടാൻ മടിച്ചു നിൽക്കുന്ന ഈ രംഗത്ത് സഭാ സമൂഹത്തിന് എന്ത് ചെയ്യാനാവും? ഇതാണ് സഭാനേതൃത്വം ഗൗരവമായി ചിന്തിക്കേണ്ട വിഷയം.


കേരള ലേബർ മൂവ്മെന്റ് (K.L.M) എന്ന സംഘടനയാണ് ഈ രംഗത്തുള്ള സഭയുടെ ഏറ്റവും ശക്തമായ മാധ്യമം. ഈ സംഘടനയെയും ഇതിന്റെ പ്രവർത്തനങ്ങളെയും വായനക്കാർക്ക് പരിചയപ്പെടുത്തുന്നതാണ് പ്രധാന ലേഖനങ്ങളെല്ലാം. ഇതിനെ തിരിച്ചറിഞ്ഞ് പിന്തുണക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്താൽ സാമൂഹ്യനീതിയുടെ ഏറ്റവും ശ്രേഷ്ഠമായ ഉപകരണമായി കെ.എൽ.എമ്മിനെ രൂപാന്തരപ്പെടുത്താൻ സഭയ്ക്കു കഴിയും.

കാരുണികൻ
സമ്പൂർണ്ണ ദൈവശാസ്ത്ര മാസിക

**വിലാസം:**
എഡിറ്റർ, കാരുണികൻ
പെരുമാനൂർ പി. ഒ.
എറണാകുളം - 682 015
ഫോൺ : 0484 - 2665233
ഫാക്സ് : 0484 - 2665433
e-mail : karunikan@rediffmail.com
website: www.karunikan.com

www.malankaralibrary.com


# ഇപ്പോൾ വില്പനയിൽ




## നാട്ടുവെളിച്ചം

ഡോ. മാത്യു ഇല്ലത്തുപറമ്പിൽ

ആനുകാലിക ജീവിതാനുഭവങ്ങളെ ധാർമ്മിക വെളിച്ചത്താൽ പ്രകാശിതമാക്കുന്ന ലേഖനങ്ങളുടെ സമാഹാരം.

വില 90 രൂപ.




## ക്രിസ്തു കേന്ദ്രീകൃത പുരോഹിതൻ

ഡോ. ആന്റണി ചെമ്പകശ്ശേരി

മാർപാപ്പമാരുടെ പ്രധാന ചാക്രികലേഖനങ്ങളുടെ അടിസ്ഥാനത്തിൽ പൗരോഹിത്യത്തെക്കുറിച്ചുള്ള പഠനം.

കോപ്പികൾക്ക് ബന്ധപ്പെടുക:

Mobile: 09446944838 / 09745215467

**വിലാസം: കാരുണികൻ**
**പെരുമാനൂർ പി. ഒ. എറണാകുളം - 682 015 | ഫോൺ: 0484-2665233 ഫാക്സ്: 0484-2665433**
**e-mail : karunikan@rediffmail.com website: www.karunikan.com**

www.malankaralibrary.com



കാരുണികൻ

പുസ്തകം ഏഴ് ലക്കം ഏഴ്
2010 ജൂലൈ

**രക്ഷാധികാരി**
ഡോ. ഫ്രാൻസിസ് കൊടിയൻ
പ്രൊവിൻഷ്യൽ സുപ്പീരിയർ
എം.സി.ബി.എസ്. എമ്മാവൂസ് പ്രവിശ്യ

**സഹ രക്ഷാധികാരി**
ഡോ. തോമസ് പ്ലാത്തോട്ടത്തിൽ

**പത്രാധിപർ**
ജെ. നാലുപറയിൽ

**സഹപത്രാധിപർ**
ജി. കടൂപ്പാറയിൽ

**എക്സിക്യൂട്ടീവ് എഡിറ്റർ**
വിൻസന്റ് ശ്രാമ്പിക്കൽ

**സബ്ബ് എഡിറ്റർ**
സി. ലീല പെരുമ്പള്ളിൽ

**പത്രാധിപസമിതി**
പോൾ തേലക്കാട്ട്
ബോബി ജോസ് കട്ടികാട്
സാധു ഇട്ടിയവിരാ
ജേക്കബ് ആക്കനത്ത്
തോമസ് കൂട്ടുങ്കൽ

**സർക്കുലേഷൻ മാനേജർ**
തോമസ് വാണിയപ്പുരയ്ക്കൽ

**കവർ ചിത്രീകരണം**
സതീഷ്. കെ.

**രൂപകല്പന**
അബ്ദു നെല്ലിമറ്റത്തിൽ

**ചിത്രീകരണങ്ങൾ**
സതീഷ്. കെ.

ഒരു എമ്മാവൂസ് പ്രസിദ്ധീകരണം

## സഭയും തൊഴിലാളികളും

അമ്പത് വർഷം മുമ്പുള്ള കേരളം. കുട്ടനാടൻ പാടശേഖരങ്ങളാണ് രംഗം. ഒരു ഇടത്തരം കത്തോലിക്കാ കുടുംബം. അമ്മയും മൂന്നു മക്കളും. പാടത്ത് കൊയ്ത്തിന് ഇറങ്ങിയതാണ്. പെട്ടെന്ന് പകുതിക്ക് വച്ച് കൊയ്ത്തു നിർത്തപ്പെട്ടു. കാരണം തൊഴിലാളി സമരം. കൊടിയും മുദ്രാവാക്യവുമായി പാർട്ടിയുടെ കർഷകത്തൊഴിലാളികൾ കായൽ വരമ്പിലൂടെ നടന്നു നീങ്ങി. നൂറോളം വരുന്നവരുടെ ഒരു ചെറുജാഥ. അതിന്റെ മുമ്പിൽ ഭൂരിപക്ഷം കർഷകത്തൊഴിലാളികളും പണിയില്ലാതെ വീട്ടിലേക്ക് മടങ്ങി. ഇനി വരാനുള്ള ദിനങ്ങളിലെ പട്ടിണിയുണർത്തുന്ന ഭീതിയായിരുന്നു അവരുടെ മനസ്സു നിറയെ...

കേരളത്തിലെ തൊഴിൽ രംഗം അടക്കിവാണത് രാഷ്ട്രീയക്കാരായിരുന്നു. അതും കമ്മ്യൂണിസ്റ്റുകാർ. ഈ കാലമെല്ലാം തൊഴിൽ രംഗത്ത് ഇടപെടാതെ സഭ മാറി നിൽക്കുകയായിരുന്നു. റേരും നൊവാരും പോലുള്ള വിപ്ലവാത്മക ചാക്രികലേഖനങ്ങൾ ഉണ്ടായിട്ടുപോലും സഭ തൊഴിലാളികൾക്കു വേണ്ടി ഇടപെടാൻ തയ്യാറായില്ലെന്നതാണ് അത്ഭുതകരം. വടക്കനച്ചനേയും ജനിസീയുച്ചനെയും പോലുള്ള ചില ഒറ്റപ്പെട്ട വ്യക്തികളായിരുന്നു ഇവിടെ അപവാദമായി നിന്നത്.

രണ്ടാഴ്ചമുമ്പ്, കാക്കനാട്ടെ സീറോ മലബാർ ആസ്ഥാന കേന്ദ്രം. വരാനിരിക്കുന്ന അസംബ്ലിയുടെ വിഷയമാണ് ചർച്ചാവിഷയം. ചർച്ചക്കിടെ പി.ജെ. ആന്റണി എഴുന്നേറ്റു. നലം തികഞ്ഞ പഴയ കമ്മ്യൂണിസ്റ്റുകാരൻ. സഭാനേതൃത്വം ശ്രദ്ധിക്കേണ്ട മാനുഷിക പ്രശ്നങ്ങളിലേക്കാണ് അദ്ദേഹം വിരൽ ചൂണ്ടിയത്.

"സഭയ്ക്ക് ഭാഗ്യം പോലെ വീണു കിട്ടിയിരിക്കുന്നൊരു സ്പേസ് (Space) ഉണ്ട്. അത് തിരിച്ചറിയുകയാണ് പ്രധാനം. തൊഴിലാളികളുടെയും പാർശ്വവത്ക്കരിക്കപ്പെട്ടവരുടെയും ഇടയിൽ കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് വിശ്വാസ്യത കുറഞ്ഞുകൊണ്ടിരിക്കുകയാണ്. ചെറിയവർക്ക് വേണ്ടി നിലകൊള്ളാൻ ആരുമില്ലാത്ത അവസ്ഥ ഇന്ന് കേരളത്തിലുണ്ട്. ആ

www.malankaralibrary.com

സ്പേസ് (space) ഫലപ്രദമായി ഉപയോഗിക്കാൻ സഭക്കായാൽ സഭയും തൊഴിലാളികളും ഒരുപോലെ വിജയിക്കും."



പ്രവർത്തിക്കാനായൊരു ഇടം കണ്ടെത്തുക എന്നതാണ് പ്രധാനം. സഭയുടെ പരമ്പരാഗത പ്രവർത്തന മണ്ഡലങ്ങൾ പലതും സഭക്ക് കൈമോശം വന്നിരിക്കുന്ന സാഹചര്യത്തിൽ ആന്റണിയുടെ പ്രസ്താവം ഏറെ പ്രസക്തമാണ്.

മലബാറിലും ഹൈറേഞ്ചിലും മാത്രമല്ല, കേരളത്തിലെ ഉൾഗ്രാമങ്ങളിലെല്ലാം വികസനത്തിനും മാനവപുരോഗതിക്കും നേതൃത്വം കൊടുത്തത് സഭയായിരുന്നു. ഗ്രാമഗ്രാമാന്തരമുള്ള സഭായൂണിറ്റുകളായ ഇടവകകളിലൂടെയായിരുന്നു ഈ വികസനം യാഥാർത്ഥ്യമായത്. കൃഷിയും, പള്ളിക്കൂടവും, റോഡും, കറന്റും, ടെലിഫോണും, പോസ്റ്റോഫീസും കേരളത്തിലെങ്ങും വ്യാപകമായതിന്റെ പിറകിൽ സഭയായിരുന്നു എന്നതാണ് ഇന്ന് പലരും വിസ്മരിക്കാനാഗ്രഹിക്കുന്ന സത്യം. ഈ മേഖലകളിലെല്ലാം ഇതര ഏജൻസികൾ കടന്നു കയറി കഴിഞ്ഞുവെന്നു മാത്രമല്ല, സഭയുടെ സാന്നിധ്യത്തെ ശത്രുതയോടെയാണ് അവർ കാണുന്നതും. ഈ സാഹചര്യത്തിലാണ് അർത്ഥവത്തായ മറ്റു പ്രവർത്തനമേഖലകളിലേക്ക് സഭ കടന്നുചെല്ലേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമായി വരുന്നത്.

ഒരു വർഷം മുമ്പാണ് സി. മെറിനെ കണ്ടുമുട്ടുന്നത്. പരിചയപ്പെടുത്തിത്തന്നത് ഫാദർ അഗസ്റ്റിൻ വട്ടോളിയും. സ്കൂളിലെ അധ്യാപക ജോലിയും മഠത്തിന്റെ സുരക്ഷിതത്വവും ഉപേക്ഷിച്ച് പ്രവാസി തൊഴിലാളികളുടെ കൂടെ ജീവിക്കുകയായിരുന്നു സി. മെറിൻ. ബീഹാറിൽ നിന്നും ബംഗാളിൽ നിന്നും ഒറീസയിൽ നിന്നും കൂലി വേല തേടി വരുന്നവരെ മലയാളി ചൂഷണം ചെയ്യുകയും പീഡിപ്പിക്കുകയും ചെയ്യുന്ന കഥ സിസ്റ്ററിൽ നിന്നാണ് ആദ്യം കേട്ടത്. ന്യായമായ കൂലിയില്ല, നിയതമായ ജോലി സമയമില്ല, മനുഷ്യോചിതമായ താമസ സൗകര്യമില്ല. പിന്നെ പറ്റുമ്പോഴെല്ലാം പുച്ഛവും ചൂഷണവും പീഡനവും. അസംഘടിത തൊഴിലാളികളെന്ന ഐസ്ബർഗിന്റെ മുകൾത്തട്ടുമാത്രമായിരുന്നു, അന്ന് പെരുമ്പാവൂരിനടുത്ത് കണ്ട അന്യസംസ്ഥാന തൊഴിലാളികൾ.

www.malankaralibrary.com

സ്വർണ്ണക്കടകളിലും, തുണിക്കടകളിലും ഭംഗിയായി വസ്ത്രധാരണം ചെയ്ത് നിറ പുഞ്ചിരിയോടെ നിൽക്കുന്ന സുന്ദരികൾക്ക് എത്ര രൂപ ശമ്പളം കിട്ടുന്നുണ്ടെന്ന് ആരെങ്കിലും ആലോചിച്ചിട്ടുണ്ടോ? എത്ര മണിക്കൂറാണ് അവരുടെ ജോലി സമയമെന്ന് ഏതെങ്കിലും നേതാവിന് അറിയാമോ? അസംഘടിത തൊഴിലാളികളുടെ എണ്ണവും വ്യാപ്തിയും കേരളത്തിൽ കൂടിക്കൂടി വരികയാണെന്നതാണ് സത്യം.

എറണാകുളത്തെ പ്രശസ്തമായൊരു സി.ബി.എസ്.ഇ. (CBSE) സ്കൂൾ. അവിടെ അധ്യാപികയായി ജോലി കിട്ടിയതിന്റെ സന്തോഷത്തിലായിരുന്നു ബിരുദാനന്തര ബിരുദം കഴിഞ്ഞ ചെറുപ്പക്കാരി. ശമ്പളം എത്രയുണ്ടെന്ന് ചോദിച്ചപ്പോഴാണ് അവളുടെ മുഖം വാടിയത്. പ്രതിമാസ ശമ്പളം വെറും മൂവായിരും രൂപ. തേവര ജംഗ്ഷനിൽ നിന്ന് രാവിലെ കൂലിവേലയ്ക്ക് വിളിക്കുന്ന ദിവസ വേതനക്കാരന് കൊടുക്കണം കുറഞ്ഞത് 300 രൂപ. ബിരുദാനന്തര ബിരുദക്കാരിക്ക് 100 രൂപ പോലും കിട്ടാത്ത അവസ്ഥ!

അസംഘടിത തൊഴിലാളികളുടെ ജീവിത പ്രശ്നങ്ങൾ ഏറി വരികയാണ്. ഇവർക്ക് വേണ്ടി നിലകൊള്ളാനും സംസാരിക്കാനും ആരും ഇല്ലെന്നതാണ് ഏറെ സങ്കടകരം. മുഖ്യധാരാ രാഷ്ട്രീയ പാർട്ടികൾക്ക് താല്പര്യമില്ലാത്ത മേഖലയായി എന്തുകൊണ്ടോ ഈ രംഗം മാറിക്കഴിഞ്ഞു. ഈ സാഹചര്യത്തിലാണ് സഭയുടെ ഇടപെടൽ ഈ രംഗത്ത് ഏറെ പ്രസക്തമാകുന്നത്.

ഒരു കാലത്ത് വലിയ പ്രതീക്ഷകൾ ഉണർത്തിയ സംഘടനയായിരുന്നു കേരള ലേബർ മൂവ്മെന്റ് (KLM). എന്നാൽ പിന്നെ എങ്ങനെയോ അതിന്റെ പ്രവർത്തനവും ചൈതന്യവും ആറിത്തണുത്തുപോയി. ഇപ്പോൾ ഒരു ഉയിർത്തെഴുന്നേൽപ്പിന്റെ പാതയിലാണ് കെ.എൽ.എം.

സഭാനേതൃത്വവും സഭാ സമൂഹം മുഴുവനും കെ.എൽ.എമ്മിന്റെ പ്രസക്തിയും സാധ്യതകളും തിരിച്ചറിയുക എന്നതാണ് ഒന്നാമത്തെ കാര്യം. അതിനുശേഷം ഈ സംഘടനയുടെ പ്രവർത്തനങ്ങളെ തൊഴിൽ മേഖലകളിലേക്കൊക്കെ വ്യാപിപ്പിക്കാനായാൽ തൊഴിൽ രംഗം കൂടുതൽ നീതിപൂർണ്ണവും ക്രിസ്തീയവുമാക്കാൻ സഭക്കു സാധിക്കും. സഭക്കും കെ.എൽ.എമ്മിനും തൊഴിൽമേഖലയ്ക്കാകമാനവും നന്മനേരുന്നു.

പത്രാധിപർ

www.malankaralibrary.com

# ഉള്ളടക്കം


12

## പൂരപ്രഭ

പാവങ്ങളുടെ പിതാവായ കുണ്ടുകുളം പിതാവിന്റെ സെക്രട്ടറിയായി നീണ്ട 13 വർഷം, രൂപതാ ചാൻസലർ, മേജർ സെമിനാരി റെക്ടർ, വികാരി ജനറാൾ, വചനപ്രഘോഷകൻ, ധ്യാനഗുരു, ജനക്കൂട്ടത്തെ ഇളക്കി മറിക്കുന്ന ക്രൗഡ് പുള്ളർ ഇതൊക്കെയാണ് മാർ റാഫേൽ തട്ടിൽ പിതാവ്. നവാഭിഷിക്തരിൽ ശൈലിയുടെ വ്യതിരിക്തത കൊണ്ടും ജീവിതത്തിന്റെ ലാളിത്യം കൊണ്ടും പ്രതീക്ഷ നല്കുന്ന തൃശൂർ സഹായ മെത്രാൻ മാർ റാഫേൽ തട്ടിലുമായി ഫാ. മാർട്ടിൻ ശങ്കൂരിക്കൽ നടത്തുന്ന അഭിമുഖം.

16

## അസംഘടിത തൊഴിലാളികൾ

തൊഴിലാളികളിൽ മഹാഭൂരിപക്ഷവും അസംഘടിതരാണെന്നത് ഞെട്ടിപ്പിക്കുന്ന യാഥാർത്ഥ്യമാണ്. മുഖ്യധാരാ രാഷ്ട്രീയപാർട്ടികൾ ഇവർക്കെതിരെ മുഖം തിരിച്ചുകളയുന്നുവെന്നത് മറ്റൊരു സത്യം. അസംഘടിത തൊഴിലാളികളുടെ ജീവൽ പ്രശ്നങ്ങളെക്കുറിച്ച് ജോയി ഗോതുരുത്ത് എഴുതുന്ന ലേഖനം.



18

22

## കേരള ലേബർ മൂവ്മെന്റ്


തൊഴിലാളികൾക്കുവേണ്ടി നിലകൊള്ളുക സഭയുടെ എന്നത്തെയും പ്രഖ്യാപിത നയമാണ്. മതസ്ഥാപകനായ യേശു തന്നെ ആശാരിയെന്ന തൊഴിലാളിയായിരുന്നു. തൊഴിലാളികൾക്ക് വേണ്ടി കേരള സഭയുടെ ഭാഗത്തു നിന്നുണ്ടായ ഏറ്റവും ശക്തമായ നീക്കമാണ് കേരള ലേബർ മൂവ്മെന്റ് എന്ന സംഘടന. കെ.എൽ.എമ്മിന്റെ വിശദാംശങ്ങളെക്കുറിച്ച് ജോസഫ് ജൂഡ് എഴുതുന്നു.

27

## വിമോചനത്തിന്റെ രീതിശാസ്ത്രം

അസംഘടിത തൊഴിലാളികളുടെ ഉന്നമനത്തിനും വിമോചനത്തിനും എന്തൊക്കെ ചെയ്യാനാവും? സഭയും സമൂഹവും ഏറ്റെടുക്കേണ്ട വിമോചന-വികസന പ്രവർത്തനങ്ങളിലേക്ക് വിരൽ ചൂണ്ടുന്ന ലേഖനം. എഴുതുന്നത് ഫാ. ജെയ്സൺ വടശ്ശേരി

www.malankaralibrary.com



13




23

03 **എഡിറ്റോറിയൽ**

08 **പ്രതികരണങ്ങൾ**

46 **അന്ത്യവിധി**

30

## കെ.എൽ.എം. ഇടപെടലുകൾ

കേരള ലേബർ മൂവ്മെന്റ് എന്ന സംഘടന കേരളത്തിൽ നേതൃത്വം കൊടുക്കുന്ന പ്രധാന സാമൂഹ്യ ഇടപെടലുകൾ ഏതൊക്കെയാണ്? തൊഴിലാളികളുടെയും തൊഴിൽ മേഖലയുടെയും ഉന്നമനത്തിന് എന്തൊക്കെ ചെയ്യാനാവും? ബിന്നി പി ജോസ് നടത്തുന്ന അന്വേഷണം.

33

## പണിക്കുറ്റപ്പാടുകൾ

കേരളത്തിലെ ഏറ്റവും രൂക്ഷമായ സാമ്പത്തിക പ്രശ്നം തൊഴിലില്ലായ്മയല്ല. ആയിരുന്നെങ്കിൽ ലക്ഷകണക്കിന് അന്യസംസ്ഥാനക്കാർക്ക് കേരളത്തിൽ ജോല്യലഭ്യമാകുമായിരുന്നില്ല. കേരളത്തിന്റെ പ്രധാന പ്രശ്നം മെച്ചപ്പെട്ട തൊഴിൽ സംസ്കാരത്തിന്റെ അഭാവമാണ്. ഫാ. മാത്യു ഇല്ലത്തുപറമ്പിൽ നടത്തുന്ന സാമൂഹിക വിശകലനം.

37

## സെക്ടുകളിലേയ്ക്കുള്ള ആളൊഴുക്ക്

മുഖ്യധാരാസഭകൾ അഭിമുഖീകരിക്കുന്ന ഒരു പ്രധാന പ്രശ്നം സെക്ടുകളിലേക്കുള്ള ആളൊഴുക്കാണ്. അതിനൊരു പ്രധാന കാരണം അത്ഭുതങ്ങളുമാണ്. ഈ നവീന സഭാപ്രശ്നത്തെ ഡോ. സിപ്രിയൻ ഇല്ലിക്കമുറി വിശകലനം ചെയ്യുന്നു.

42

## വിവാഹവും റീത്തുമാറ്റവും

വ്യത്യസ്ത റീത്തുകളിൽപ്പെട്ട രണ്ടു വ്യക്തികൾ വിവാഹമെന്ന കൂദാശ സ്വീകരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാനോനികമായ കാര്യങ്ങൾ ഏതൊക്കെയാണ്? ലത്തീൻ റീത്തിലും, സീറോ മലബാർ റീത്തിലും പെട്ട വിവാഹാർത്ഥികളുടെ വിഷയം ഇവിടെ ചർച്ച ചെയ്യപ്പെടുന്നു.

www.malankaralibrary.com

# പ്രതികരണങ്ങൾ

കാരുണികനിലെ വിഭവങ്ങളോട് പ്രതികരിക്കുന്നവർ സമൂഹത്തിന്റെ ഉന്നത ശ്രേണിയിലുള്ളവർ മുതൽ സാധാരണക്കാർ വരെയുണ്ട്. ക്രിയാത്മകമായ ഒരു ചർച്ചയാണ് പ്രതികരണങ്ങളിലൂടെ പുറത്തുവരുന്നത്. വായനക്കാരുടെ ഏതു പ്രതികരണവും ബഹുമാനപൂർവ്വം സ്വീകരിക്കാനും മാന്യമായി അവതരിപ്പിക്കാനുമുള്ള പ്രതിബദ്ധത ഞങ്ങൾ വീണ്ടും ഏറ്റുപറയുന്നു. തുറന്ന ആശയപ്രകടനത്തിലൂടെയും പ്രതിപക്ഷ ബഹുമാനത്തോടെയുമുള്ള സംവാദത്തിലൂടെയും സമൂഹത്തിലെ മൂല്യശ്രേണിക്ക് ക്രിസ്തീയമായ ദിശാബോധം നൽകുന്ന പ്രക്രിയയിൽ നാം പങ്കുചേരുകയാണ്.




## ദൈവത്തെ പടിയിറക്കുന്ന ദേവാലയങ്ങൾ

കേരളസഭയും വിശിഷ്യ അതിന്റെ നേതൃനിരയിലുള്ളവരും വളരെ മനസ്സിരുത്തി വായിക്കയും ധ്യാനിക്കുകയും ചെയ്യേണ്ട ഒരു ലേഖനമാണ് 'സഭ ന്യൂനം ദൈവം സമം' എന്ന ശീർഷകത്തിൽ ഡോ. മാത്യു ഇല്ലത്തുപറമ്പിൽ ജൂൺ 2010 ലെ കാരുണികനിൽ എഴുതിയിരിക്കുന്നത്. കേരളസഭയിൽ ഇന്ന് എങ്ങും പ്രകടമായിക്കൊണ്ടിരിക്കുന്ന സഭാവിരുദ്ധമായ ചില പ്രതിഭാസങ്ങളെയാണ് അദ്ദേഹം ചൂണ്ടിക്കാണിച്ചിട്ടുള്ളത്. സഭയിൽ ദൈവവിചാരം ശോഷിച്ചുപോകുന്ന ബാഹ്യമായ നാല് അടയാളങ്ങളിൽ ഒന്ന്, ദൈവത്തിനേക്കാൾ പ്രാമുഖ്യം ദൈവാലയത്തിനു കല്പിക്കുന്നതാണെന്ന് അദ്ദേഹം പറയുന്നതിന് അടിവരയിട്ട് ഊന്നൽ നല്കണമെന്നു തോന്നുന്നു. ചുറ്റുമുള്ള ചേരികളിലെ ചെറ്റക്കുടിലുകളിലും, ഇടവകയിലെ തന്നെ പാവപ്പെട്ട പല വീടുകളിലും അനേകമാളുകൾ ഒരുനേരത്തെ ആഹാരത്തിനും നനഞ്ഞുചോരാത്ത ഒരു കൂരയ്ക്കും വേണ്ടി കഷ്ടപ്പെട്ടു വലയുമ്പോൾ അവരുടെ തൊട്ടടുത്തു തന്നെ ബഹുകോടികൾ ചിലവഴിച്ചു പടുത്തുയർത്തുന്ന ദേവാലയങ്ങൾ ഇന്നു പലതുണ്ട്. അവ യഥാർത്ഥത്തിൽ യേശുവിന്റെ ജീവിതബലി ആഘോഷിക്കാനും ദൈവജനത്തിന് ഒന്നിച്ചുകൂടി പ്രാർത്ഥിക്കാനുമുള്ള ദേവാലയങ്ങളല്ല, പ്രത്യുത മോളോക്ക് ദേവനു ദഹനബലികളർപ്പിക്കാനുള്ള അമ്പലങ്ങളാണ്. തങ്ങളുടെ പ്രതാപവും പ്രൗഢിയും പ്രദർശിപ്പിക്കാനുള്ള ത്വരയും മറ്റു പള്ളികളോടുള്ള മത്സരവുമാണ് ഇവയുടെ പിന്നിലെ പ്രേരകശക്തി. സാമ്പത്തിക നേട്ടത്തിലും നോട്ടമുണ്ടാകാം. ഇങ്ങനെയുള്ള പള്ളികൾ നിരുത്സാഹപ്പെടുത്തിക്കൊണ്ട് ശ്രേഷ്ഠ മെത്രാപ്പോലീത്ത മാർ വർക്കി വിതയത്തിൽ പുറപ്പെടുവിച്ച ഇടയലേഖനത്തെപ്പറ്റി അവർ അറിഞ്ഞു കാണുകില്ലേ? ഈ പള്ളികൾ പണിയാൻവേണ്ടി വിശ്വാസികളിൽ നിന്ന് ദുർവഹമായ "സംഭാവനകളും" പിരിവുകളുമാണ് ആവശ്യപ്പെടുന്നത്. അതിനെ



www.malankaralibrary.com

ഒരുതരം ജനപീഢനമെന്നുതന്നെ വിളിക്കണം. ബാലപീഢനം കുറ്റകരവും ശിക്ഷാർഹവുമായിരിക്കുന്നതുപോലെ ഇതും കുറ്റകരവും ശിക്ഷാർഹവുമായി കരുതേണ്ടതല്ലേ? സഭയിൽ നിന്നും സഭാവക സ്ഥാപനങ്ങളിൽ നിന്നും ദൈവവിചാരം ചോർത്തിക്കളയുന്ന ഇത്തരം പ്രവണതകളെ ചൂണ്ടിക്കാണിച്ചു മുന്നറിയിപ്പു നല്കിയ ഡോ. മാത്യു ഇല്ലത്തുപറമ്പിലിന് അനുമോദനങ്ങൾ!

**ഡോ. സിപ്രിയൻ ഇല്ലിക്കാമുറി**
തെള്ളകം

## ലൈംഗിക വിദ്യാഭ്യാസം

ഡോ. പി. കൃഷ്ണകുമാർ എഴുതിയ 'ലൈംഗിക വിദ്യാഭ്യാസം' എന്ന പഠന പരിപാടി വളരെ നന്നായി. അങ്ങേയറ്റം കാലിക പ്രാധാന്യമുള്ള ഒന്നാണത്. പിഞ്ചുകുഞ്ഞുങ്ങൾ തുടങ്ങി വൃദ്ധകൾ വരെ മൃഗീയമായ ലൈംഗിക പീഡനത്തിനിരയാകുന്ന ഈ കാലഘട്ടത്തിൽ ഇത്തരത്തിലുള്ള അറിവുകൾ എല്ലാവരിലും എത്തേണ്ടത് ഏറ്റവും അത്യാവശ്യമാണ്. കുഞ്ഞുങ്ങളെ ബോധവത്ക്കരിക്കണമെങ്കിൽ എന്തെല്ലാം പറഞ്ഞുകൊടുക്കാം എന്ന് ഡോക്ടർ ഇതിൽ വ്യക്തമായി എഴുതിയിരിക്കുന്നു. ഓരോ പ്രായത്തിലുള്ള കുട്ടികളോടും എന്തെല്ലാം പറയാം എന്ന് അക്കമിട്ടുതന്നെ കൊടുത്തിട്ടുണ്ട്. ഓരോ അമ്മയും അവശ്യം അറിഞ്ഞിരിക്കേണ്ടവയാണ് ഇവയെല്ലാം. ഡോക്ടർക്ക് അഭിനന്ദനങ്ങൾ.

**പോളി ലൂയിസ് റിട്ടയേർഡ് ടീച്ചർ**
സെന്റ് ഫിലോമിനാസ് കൂനമ്മാവ്

## കുഞ്ഞുങ്ങൾ പള്ളിയിൽ

ലക്കം 6 ലെ ഡോ. ജേക്കബ് ചാക്കോയുടെ 'കുഞ്ഞുങ്ങൾ പള്ളിയിൽ' എന്ന ലേഖനം വായിക്കുകയുണ്ടായി. "ശിശുക്കളെ എന്റെ അടുക്കൽ വരുവാൻ അനുവദിക്കുക, അവരെ തടയേണ്ട" എന്ന ബൈബിൾ വചനമാണ് എന്റെ മനസ്സിലേയ്ക്ക് കടന്നുവന്നത്. ബാലവേലയും പീഡനവും വർദ്ധിച്ചുവരുന്ന ഇന്നത്തെ സമൂഹത്തിൽ ഈ ലേഖനത്തിന് തീർച്ചയായും പ്രാധാന്യം ഉണ്ട്. നമ്മുടെ ദേവാലയങ്ങൾ എന്നാണാവോ ശിശു സുരക്ഷിത ഭവനങ്ങളായി മാറുന്നത്! ലേഖകന്റെ ആഗ്രഹം

## കുഞ്ഞുങ്ങൾ യേശുവിങ്കലേക്ക് വരട്ടെ

'കുഞ്ഞുങ്ങൾ പള്ളിയിൽ' എന്ന ലേഖനം വായിക്കുകയുണ്ടായി. സഭയിൽ വളരെ വ്യാപകമായി ചർച്ച ചെയ്യേണ്ട ഒരു വിഷയമാണിത്. കേരളസഭയും അതിന്റെ കർമ്മങ്ങളും മുതിർന്നവർക്കു വേണ്ടി മാത്രമുള്ളതായി ആളുകൾ പറഞ്ഞുകേൾക്കാറുണ്ട്. കുട്ടികൾ ലേഖനം വായിച്ചതുകൊണ്ടോ, കാറോസൂസ് പ്രാർത്ഥന ചൊല്ലിയതുകൊണ്ടോ, ഗായകസംഘത്തിൽ ഗാനാലാപനത്തിന് നേതൃത്വം നല്കിയതുകൊണ്ടോ ഈ സ്ഥിതി വിശേഷം മാറുവാൻ പോകുന്നില്ല. വളരെ വ്യത്യസ്തമായ ഒരു സമീപനം സ്വീകരിക്കേണ്ടിയിരിക്കുന്നു.

ദൈവപിതാവിന്റെ അചഞ്ചലമായ സ്നേഹം അനുഭവിക്കുവാൻ കർമ്മങ്ങളിൽ മാറ്റം വരേണ്ടിയിരിക്കുന്നു. കുട്ടികൾക്കു വേണ്ടിയുള്ള കുർബാന ഉണ്ടായേ തീരൂ. അവർക്ക് ആകർഷകമായ അനുഭവങ്ങളേകുന്ന പരികർമ്മങ്ങൾ അനിവാര്യമല്ലേ? അവർക്കുവേണ്ടിയുള്ള വചന പ്രഘോഷണം വ്യത്യസ്തമാകേണ്ടതല്ലേ? കുർബാന നടക്കുന്ന സമയത്ത് തന്നെ കൈക്കുഞ്ഞുങ്ങളെ നോക്കുവാൻ യുവജന സംഘടനകൾ മുന്നോട്ടുവരുമ്പോൾ പല അമ്മമാർക്കും ആഴ്ചയിൽ ഒരു പ്രാവശ്യം മാത്രം ലഭിക്കുന്ന ദിവ്യകാരുണ്യ അനുഭവം കുറച്ചുകൂടി മധുരതരമാകില്ലേ? ശ്രദ്ധിക്കുവാനുള്ള കുട്ടികളുടെ പ്രത്യേകത (attention span) നമ്മുടെ ദേവാലയങ്ങൾ പരിഗണിക്കേണ്ടതല്ലേ?

ചില നല്ല മുന്നേറ്റങ്ങൾ ഇടവകകളിൽ നടക്കുന്നത് വളരെ ആശാവഹമായി തോന്നുന്നു. തുറന്ന ചർച്ചകൾക്ക് ഈ ലേഖനം ഉത്തേജനമാകട്ടെ.

**മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത്**

www.malankaralibrary.com

പോലെ അതിനുള്ള നടപടികൾ കൈക്കൊള്ളാൻ സഭയ്ക്ക് എത്രയുംവേഗം കഴിയട്ടെ എന്ന് ആശംസിക്കുന്നു. ഈ ലേഖനം എഴുതിയ ഡോ. ജേക്കബ് ചാക്കോയ്ക്കും ഇത് പ്രസിദ്ധീകരിച്ച "കാരുണികൻ" മാസികയ്ക്കും അഭിനന്ദനങ്ങൾ!

**നൂജ ജോസ്**
തുണ്ടത്തുംകാടം

## സഭ ന്യൂനം ദൈവം സമം

ഡോ. മാത്യു ഇല്ലത്തുപറമ്പിലിന്റെ 'സഭ ന്യൂനം ദൈവം സമം' എന്ന ലേഖനം എന്നെ ഏറെ ചിന്തിപ്പിച്ചു. ക്രിസ്തീയസഭകളിൽ കടന്നുകൂടുന്ന ചില ദൈവവിരുദ്ധ പ്രവണതകളിലേയ്ക്ക് വിരൽ ചൂണ്ടുന്ന ഈ ലേഖനം സമകാലിക സമൂഹത്തിൽ ഏറെ പ്രാധാന്യമർഹിക്കുന്നതാണ്. സഭയുടെ കാര്യക്ഷമമായ പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള സ്ഥാപനങ്ങൾ വിപണിമൂല്യം മാത്രമാണ് ലക്ഷ്യം വയ്ക്കുന്നതെന്ന് പറഞ്ഞിരിക്കുന്നത് കാലോചിതമായി തോന്നുന്നു. ദൈവത്തേക്കാൾ പ്രാധാന്യം ദേവാലയത്തിനും ശുശ്രൂഷകൾക്കും സ്ഥാപനങ്ങൾക്കും നൽകുന്ന ഇന്നത്തെ സാഹചര്യത്തിൽ ഈ ലേഖനം ആത്മപരിശോധനയ്ക്കുള്ള ഒരു വേദിയായി മാറുന്നു. ഏറെ അഭിനന്ദനാർഹമായ ഈ ലേഖനത്തിലൂടെ പുതിയൊരുൾക്കാഴ്ച നേടിത്തന്ന പ്രൊ. മാത്യു ഇല്ലത്തുപറമ്പിലിന് നന്ദി.

**സ്വാതി എ. ജി.**
ചിറയ്ക്കകം.

## കുഞ്ഞുങ്ങളെ തടയരുത്

നമ്മൾ പല കാര്യങ്ങളിലും കുഞ്ഞുങ്ങളെ മുതിർന്നവരായി കരുതുന്നില്ല എന്നത് സത്യമാണ്. എന്നാൽ ആത്മീയ ഭക്ഷണമായ പ്രാർത്ഥനയുടെ കാര്യത്തിൽ ഈ വകതിരിവ് നാം കാണിക്കാറില്ല. മുതിർന്നവർക്കുവേണ്ടി രൂപപ്പെടുത്തിയ പ്രാർത്ഥനകളും ദിവ്യബലിയും കുഞ്ഞുങ്ങൾക്ക് അരോചകവും വിരസവുമാകുന്നുവെങ്കിൽ അത്ഭുതപ്പെടാൻ ഒന്നുമില്ല. കുഞ്ഞുങ്ങൾക്ക് ദഹിക്കാൻ പറ്റാത്ത വിഷയങ്ങൾ അവർക്ക് ഒരിക്കലും ആസ്വദിക്കാൻ പറ്റില്ല, ദിവ്യബലിയിലൂടെ ദൈവസാന്നിധ്യം അവർക്ക് അനുഭവിക്കാനും സാധിക്കില്ല. കുട്ടികൾക്ക് മനസ്സിലാകുന്ന രീതിയിൽ ചെറിയ ചെറിയ വാചകങ്ങളിലൂടെ ദൈവവചനം അവരിൽ എത്തിക്കാൻ സാധിക്കണം. തങ്ങളുടെ മക്കളെ ദൈവമക്കളായി വളർത്തിയെടുക്കാൻ മാതാപിതാക്കൾക്ക് കടമയുണ്ട്. "കുഞ്ഞുങ്ങളെ തടയരുത്" എന്ന് യേശു

## ധാർമ്മിക ശബ്ദം

മാർ വർക്കി പിതാവിന്റെ ജീവിതത്തിലേയ്ക്കും കാഴ്ചപ്പാടുകളിലേയ്ക്കും നടത്തിയ ഒരു തിരിഞ്ഞുനോട്ടം വളരെ നന്നായിരുന്നു. സാധാരണ ജനങ്ങളുടെ വേദനകൾ മനസ്സിലാക്കാനും അവർക്കുവേണ്ടി വാദിക്കാനുമുള്ള പിതാവിന്റെ മനസ്സ് എത്രയോ വിശാലമുള്ളതാണ് എന്ന് വ്യക്തമാക്കുന്നു. ഉയർന്ന ശ്രേണിയിൽ എത്തിച്ചേർന്നിട്ടും പാവങ്ങളോടുള്ള അദ്ദേഹത്തിന്റെ സമീപനത്തിന് ഒരു മാറ്റവും വന്നിട്ടില്ല. സഹജീവികളോടുള്ള അദ്ദേഹത്തിന്റെ അനുകമ്പയും വാത്സല്യവും വാക്കുകൾക്ക് അതീതമാണ്. മറ്റുള്ളവരുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് പ്രവർത്തിക്കാനുള്ള അദ്ദേഹത്തിന്റെ മിടുക്ക് പ്രശംസനീയം തന്നെ. അതുപോലെ സമൂഹത്തിൽ ഒരു ധാർമ്മികസ്വരമായി മാറിയ അനേകം അവസരങ്ങൾ ഉണ്ടായിട്ടുണ്ട്. അധ്യാപകനിയമനത്തിനായി കോഴ വാങ്ങിക്കാൻ പാടില്ല, വാങ്ങിച്ചാൽ അത് തിരികെ കൊടുപ്പിക്കും എന്നുപറഞ്ഞ അദ്ദേഹത്തിന്റെ ധർമ്മരോഷം ഇന്നും മുഴങ്ങി കേൾക്കുന്നു. നന്മതിന്മകളുടെ അതിർത്തികൾ മായ്ച്ചുകളയുന്ന നിയമനിർമ്മാണത്തിനും ഭരണകൂടങ്ങൾക്കുമെതിരെ നടത്തിയ സന്ധിയില്ലാസമരം കർദ്ദിനാളച്ചന്റെ ധർമ്മബോധത്തെ വരച്ചുകാണിക്കുന്നു. സമൂഹത്തിന് ഒരു നന്മയായി അദ്ദേഹം തുടർന്നും ജീവിക്കട്ടെ.

**റോഷൻ ആന്റണി**
അങ്കമാലി

www.malankaralibrary.com




പറഞ്ഞ വാക്കുകൾ നാം ഓർമ്മിക്കേണ്ടതുണ്ട്. യേശുവിന്റെ രീതിയിലുള്ള ഒരു ശിശു സൗഹൃദാന്തരീക്ഷം പള്ളികളിൽ സൃഷ്ടിക്കാൻ നാമോരുത്തരും ബാധ്യസ്ഥരാണ്. ജീവൻ നിലനിർത്താൻ വെള്ളവും വായുവും ആവശ്യമെന്നപോലെയാണ് ആത്മാവ് നിലനിർത്താൻ പ്രാർത്ഥനയുടെ പ്രാധാന്യവും. അത് മനസ്സിലാക്കിവേണം കുഞ്ഞുങ്ങൾക്ക് ആവശ്യമായ ആത്മീയജ്ഞാനം അവർക്ക് ദഹിക്കുന്ന വിധത്തിൽ നല്കാൻ. അങ്ങനെ ശിശുസൗഹൃദാന്തരീക്ഷംകൊണ്ടു നിറയട്ടെ നമ്മുടെ ക്രൈസ്തവ ദേവാലയങ്ങൾ!

**സജി മാത്യു**
കട്ടപ്പന

## നൊവേനയും, തുലാഭാരവും

എന്റെ സുഹൃത്ത് വഴിയാണ് കാരുണികൻ എനിക്കു ലഭിച്ചത്. കാരുണികന്റെ ഓരോ ലേഖനങ്ങളും ഞാൻ വായിച്ചു. എല്ലാം സമകാലിക പ്രാധാന്യം ഉള്ളതാണ്. ഇതിന് എല്ലാവിധ ഒരുക്കങ്ങളും നടത്തുന്ന നാലുപറയിലച്ചന് നന്ദി. കാരുണികന്റെ ലേഖനങ്ങളിലെല്ലാം വേറിട്ടു നിൽക്കുന്നത് ഇല്ലത്തുപറമ്പിലച്ചന്റെ പ്രതികരിക്കുന്ന വിശ്വാസം എന്ന ലേഖനമാണ്. ഇല്ലത്തു പറമ്പിലച്ചന്റെ ഇപ്രാവശ്യത്തെ ലേഖനത്തിലും (സഭ ന്യൂനം ദൈവം സമം) അത് കാണാം. സഭയിലും സഭാസമൂഹത്തിലും നടക്കുന്ന പലതരത്തിനുള്ള പോരായ്മകളും ഇതിൽ നിന്നു നമുക്കു വീക്ഷിക്കാം. ഇന്നു നൊവേനക്കും, തുലാഭാരത്തിനും, ഊട്ടുനേർച്ചക്കും, ആർഭാടമായ തിരുനാൾ ആഘോഷത്തിനുമാണ് സഭാവിശ്വാസികൾ പ്രാധാന്യം കൊടുക്കുന്നത്. ദൈവവിശ്വാസം അതിനു കീഴിൽ വരുന്നു. ഇതിൽ നിന്നെല്ലാം ഒരു മാറ്റം ആവശ്യമാണ്. ഞങ്ങളെപ്പോലെയുള്ള സാധാരണക്കാർക്ക് പ്രതികരിക്കുവാനാവാത്ത പല കാര്യങ്ങളിലും ഇത്തരം മാധ്യമങ്ങൾക്ക് നേരിട്ടു പ്രതികരിക്കാൻ സാധിക്കും. ഇതിനു കാരുണികൻ മുന്നിൽ നിൽക്കുന്നു എന്നത് ഒരു വസ്തുത ആണ്. മുഖം നോക്കാതെയുള്ള ഇത്തരം ലേഖനങ്ങൾ കാരുണികനിൽ ഇനിയും ഉണ്ടാകണം. കാരുണികന് എല്ലാവിധ ആശംസകളും നന്ദിയും ദൈവനാമത്തിൽ നേരുന്നു.

**ഷിൻസ് മാത്യു,**
കോതമംഗലം

## വർഗീയത എന്ന വിഷം

കത്തോലിക്കർ വർഗ്ഗീയത വളർത്തുന്നു എന്ന ആരോപണത്തെ വസ്തുനിഷ്ഠമായി വിശകലനം ചെയ്ത കാരുണികൻ ജൂൺ ലക്കം എഡിറ്റോറിയൽ ചിന്തോദീപ്തമായി. കത്തോലിക്കാസഭയിൽ മാറ്റങ്ങൾ ഉൾക്കൊള്ളേണ്ട പല മേഖലകളും ഉണ്ട്. എങ്കിലും, മറ്റുമതങ്ങളോടുള്ള സമീപനത്തിൽ സഭ എന്നും സ്നേഹവും സഹിഷ്ണുതയും പുലർത്തുന്നുണ്ട് എന്നതാണ് സത്യം. വിവാദങ്ങൾ കൊഴുക്കുമ്പോൾ അസത്യങ്ങൾ (ഉറക്കെപ്പറയുന്നവന്റെ, ആവർത്തിച്ചു പറയുന്നവന്റെ) സത്യങ്ങളായി സാമാന്യവൽക്കരിക്കപ്പെടാൻ ഇടയുണ്ട്. അതിനൊരു ബദലായിരുന്നു ഈ എഡിറ്റോറിയൽ. നന്ദി.

**പ്രൊഫ. യു.എൻ.ബേബി**
കോട്ടയം

www.malankaralibrary.com




# പൂരപ്രഭ

തൃശൂർക്കാർ സന്തോഷത്തിന്റെ നിറവിലാണ്. അവരുടെ പ്രിയപ്പെട്ട തട്ടിലച്ചൻ മേൽപ്പട്ടക്കാരനായി ഉയർത്തപ്പെട്ടിരിക്കുകയാണ്. തൃശൂർപൂരപ്പറമ്പിലും പാവപ്പെട്ടവരുടെ കുരിയച്ചിറയിലും അരിയങ്ങാടിയിലും 'ദൈവശബ്ദം കൺവെൻഷൻ' നടക്കുന്ന ശക്തൻതമ്പുരാൻ മാർക്കറ്റിലുമൊക്കെ തട്ടിലച്ചനുണ്ട്. വിടർന്ന ചിരിയും മനസ്സു നിറയെ സ്നേഹവുമായി നടക്കുന്ന ഈ വലിയ ഇടയൻ, കാണുന്നവർക്കെല്ലാം ആത്മവിശ്വാസം പകർന്ന ക്രിസ്തുസാന്നിധ്യത്തിന്റെ ആൾരൂപം തന്നെ. പാവങ്ങളുടെ പിതാവായ കുണ്ടുകുളം പിതാവിന്റെ സെക്രട്ടറിയായി നീണ്ട 13 വർഷം, രൂപതാ ചാൻസലർ, മേജർ സെമിനാരി റെക്ടർ, വികാരി ജനറാൾ, വചനപ്രഘോഷകൻ, ധ്യാനഗുരു, ജനക്കൂട്ടത്തെ ഇളക്കിമറിക്കുന്ന ക്രൗഡ് പുള്ളർ ഇപ്പോഴിതാ ഇടയ ധർമ്മത്തിന്റെ പൂർണ്ണതയും. ദൈവരാജ്യത്തെ തൃശൂരിന്റെ തെരുവുകളിൽ കണ്ടെടുക്കാറുള്ള ഈ വലിയച്ചൻ പറയാറുണ്ട്; "ദൈവരാജ്യം തൃശൂർപൂരം പോലെയാണ് എല്ലാവരും സന്തോഷിക്കുന്ന അവസ്ഥ". നവാഭിഷിക്തരിൽ ശൈലിയുടെ വ്യതിരിക്തത കൊണ്ടും ജീവിതത്തിന്റെ ലാളിത്യം കൊണ്ടും പ്രതീക്ഷ നല്കുന്ന തൃശൂർ സഹായ മെത്രാൻ മാർ റാഫേൽ തട്ടിലുമായി ഫാ. മാർട്ടിൻ ശങ്കൂരിക്കൽ നടത്തുന്ന അഭിമുഖം.

■ ഒരു വലിയ കുടുംബത്തിന്റെ പശ്ചാത്തലത്തിൽ നിന്ന് സഭാശുശ്രൂഷാരംഗത്തേക്കു വന്ന പിതാവിന് ബാല്യത്തെക്കുറിച്ചും കുടുംബത്തെക്കുറിച്ചുമുള്ള ഓർമ്മകളെന്തൊക്കെയാണ്?

'ചെറിയ കുടുംബം സംതൃപ്തകുടുംബ'മെന്നും വലിയകുടുംബം കാലഘട്ടത്തോടുള്ള ഒരു അപരാധമാണെന്നുമൊക്കെയുള്ള ഒരു പ്രചരണം നടക്കുന്ന കാലമാണിത്. പത്ത് മക്കളുള്ള ഒരു വലിയ കുടുംബത്തിൽ പത്താമത്തെ മകനായിട്ടാണ് ഞാൻ പിറന്നത്. ഒന്നര വയസ്സായപ്പോഴേക്കും എന്റെ അപ്പൻ മരിച്ചു. അപ്പനെകണ്ട ഓർമ്മപോലും എനിക്കില്ല. ഭൗതികമായ ഇല്ലായ്മകൾ അലട്ടിയ ഒരു ബാല്യമായിരുന്നെന്റേത്. സാമ്പത്തികമായിട്ടുള്ള ഞെരുക്കമൊക്കെ ഉണ്ടായിരുന്നെങ്കിലും എന്റെ കുടുംബത്തിൽ നിറഞ്ഞ സന്തോഷമായിരുന്നു. കഴിക്കുന്ന ഭക്ഷണത്തിന്റെ ഗുണമേന്മയെക്കാൾ അതുകഴിക്കാൻ ഞങ്ങൾ നടത്തിയ അധ്വാനവും പങ്കുവയ്പും ഞങ്ങൾക്ക് സന്തോഷം നല്കി. പങ്കുവയ്ക്കൽ എന്ന പ്രക്രിയയാണ് മനുഷ്യന് വലുപ്പം നല്കുന്നതെന്ന വലിയ ചിന്ത ചെറുപ്പത്തിലേ മനസ്സിൽ രൂഢമൂലമാകാൻ എന്റെ കുടുംബസാഹചര്യം എന്നെ സഹായിച്ചു. ആദിമക്രൈസ്തവർക്കിടയിൽ മുട്ടുപാടുകൾ ഉണ്ടായിരുന്നവരില്ലായിരുന്നു എന്ന നടപടി വചനം കുറവുള്ളവനിലേയ്ക്ക് ഒഴുകിയെത്തുന്ന കൂടുതലുള്ളവന്റെ മനസ്സിന്റെ നന്മയെ പ്രതിഫലി

www.malankaralibrary.com



പ്പിക്കുന്നതായിരുന്നു. കഷ്ടപ്പാടും ദുരിതവും നിറഞ്ഞ ബാല്യം വളരെ ചെറുപ്പത്തിലേ ജീവിതത്തിന്റെ അർത്ഥമെന്തെന്ന് എന്നെ പഠിപ്പിച്ചു. പരിമിതികൾ നമ്മെ പരിമിതപ്പെടുത്തണമെന്നില്ല. സഹിച്ച് നേടുന്ന ആനന്ദവും ത്യാഗത്തിന്റെ ഫലമായ സന്തോഷവും കഷ്ടപ്പെട്ട് പഠിച്ച് നേടുന്ന റാങ്കുമൊക്കെ ഇന്നത്തെ ലോകത്തിനത്ര പരിചയമില്ലാത്ത മൂല്യങ്ങളാണ്. ലോട്ടറിയെടുത്ത് കാത്തിരിക്കുന്ന ഈ ലോകം പഠിക്കാതെ മാർക്ക് മേടിക്കാനും അധ്വാനിക്കാതെ അപ്പം ഭക്ഷിക്കാനും, കൈ നനയാതെ മീൻ പിടിക്കാനും മാത്രം ശ്രമിക്കുന്നവരുടേതാണ്. ഇത് തിരുത്തപ്പെടേണ്ട ഒരു മൂല്യവിചാരമാണ്.

■ ജൂൺ 19 ന് സമാപിച്ച വൈദികവർഷം ആഗോളസഭയുടെ മനോഭാവത്തിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുത്തിയിരിക്കുന്നത്?

വൈദികവർഷാചരണം ഒരു യാഥാർത്ഥ്യബോധ്യത്തിലേയ്ക്ക് സഭയെ ഉണർത്തി. വൈദികരുടെ കുറവുകൾ പർവ്വതീകരിക്കുന്ന ഒരു കാലഘട്ടത്തിൽ വൈദികർ അമാനുഷരല്ലെന്നും പൗരോഹിത്യ ദൈവവിളി മൺപാത്രത്തിൽ നൽകപ്പെട്ട ദൈവനിധിയാണെന്നുമുള്ള അവബോധത്തിലേയ്ക്ക് അത്മായരുണർന്നു. പരിമിതനായ മനുഷ്യന്റെ ദൗർബല്യങ്ങളും ബലഹീനതകളുമുള്ള വൈദികരെ ആദരിക്കാനും വൈദികവിശുദ്ധീകരണത്തിനുവേണ്ടി പ്രാർത്ഥിക്കാനുമുള്ള താത്പര്യം സഭയിലാകമാനമുണ്ടായി. വൈദിക വൈരള്യത്തെക്കുറിച്ചും എതിർസാക്ഷ്യങ്ങൾ വരുത്തിവയ്ക്കുന്ന പ്രതിഛായാനഷ്ടത്തെക്കുറിച്ചുമൊക്കെ സഭയിലാകമാനം അവബോധമുണ്ടായി. വൈദികന്റെ അസ്തിത്വം തന്നെ ദൈവശാസ്ത്രപരമായി ചോദ്യം ചെയ്യപ്പെടുന്ന ഒരു കാലഘട്ടത്തിൽ ദൈവത്തിന്റെയും ദൈവജനത്തിന്റെയും സ്വന്തം മനുഷ്യനായിരുന്ന വിയാനിയുടെ മാതൃക പൗരോഹിത്യജീവിതത്തെക്കുറിച്ചുള്ള സമഗ്രവും സമ്പൂർണ്ണവുമായ വിചിന്തനം സാർവ്വത്രികസഭയിൽ സാധ്യമാക്കി.

■ മതം രാഷ്ട്രീയത്തിൽ ഇടപെടരുത് എന്നുള്ള ചിന്താധാര ഇടതുപക്ഷം ശക്തമായി ഉയർത്തുന്ന ഒരു കാലഘട്ടമാണിത്. സഭയുടെ രാഷ്ട്രീയ ഇടപെടലിനെക്കുറിച്ച് പിതാവ് എന്തുപറയുന്നു?

മതം എന്നതുതന്നെ സാമൂഹ്യ ഇടപെടലിന്റെ ശക്തമായൊരു ഉപാധിയാണ്. മതത്തെ സമൂഹത്തിൽനിന്ന് മാറ്റി നിർത്താനാവില്ല. മതാനുയായികൾ രാഷ്ട്രീയത്തിൽ ഇടപെടാൻ പാടില്ല എന്നുള്ള ചിന്ത ഏകാധിപത്യത്തിന്റെ വേറൊരു മുഖമാണ് രാഷ്ട്രീയപ്രവർത്തനം കക്ഷിരാഷ്ട്രീയത്തിന്റെ/ പാർട്ടി രാഷ്ട്രീയത്തിന്റെ മാത്രം കുത്തകയാണെന്ന ചിന്തതന്നെ തെറ്റാണ്. രാഷ്ട്രീയത്തിന്റെ അപചയത്തിനുള്ള ഏറ്റവും പ്രധാനപ്പെട്ട കാരണവും ഇതുതന്നെ. രാഷ്ട്രീയത്തെ സംബന്ധിച്ച് കത്തോലിക്കർക്കൊരു തെറ്റിദ്ധാരണ ഉണ്ട്. രാഷ്ട്രീയം ഒരു ചെളിക്കുണ്ടാണെന്നും അതിൽ ഇടപെടുന്നവരെല്ലാം മോശക്കാരാവുമെന്ന തെറ്റായ ധാരണയാണത്. എന്നെ സംബന്ധിച്ച് ആത്മീയത എന്നത് പള്ളി മതിലിനുള്ളിൽ ഒതുങ്ങിനിൽക്കേണ്ട ഒന്നല്ല. ആത്മീയ കാഴ്ചപ്പാടോടെ നമ്മുടെ ചെറുപ്പക്കാർ രാഷ്ട്രീയത്തിൽ സജീവമായി ഇടപെടണം. അതിന് വർഗ്ഗീയതയുടെ പരിവേഷം കൊടുക്കുന്ന ഇവിടുത്തെ മുഖ്യധാരാ രാഷ്ട്രീയക്കാർ കുളംകലക്കി മീൻപിടിക്കാൻ ശ്രമിക്കുന്നവരാണ്. sacred/ secular എന്നുള്ള തരംതിരിവുകളൊക്കെ പഴയ കാലഘട്ടത്തിന്റേതാണ്. മതവും രാഷ്ട്രീയവും പരസ്പരം സഹകരിക്കാൻ

www.malankaralibrary.com



പാടില്ലാത്ത വാട്ടർടൈറ്റ് കമ്പാർട്ടുമെന്റുകളല്ല. നല്ല കത്തോലിക്കനാകുന്നവൻ നല്ല ഭാരതീയനുമായിരിക്കണം. കത്തോലിക്കാ ജനപ്രതിനിധികൾക്ക് അർഹമായ ആദരവും ബഹുമാനവും നൽകാൻ കത്തോലിക്കാസഭ തയ്യാറാവുകയുംവേണം. അവരെ അസ്പൃശ്യരായി മാറ്റിനിർത്താതെ സഭാപ്രവർത്തനങ്ങളിലുൾച്ചേർക്കണം.

■ **മതത്തിന്റെ രാഷ്ട്രീയ ഇടപെടലുകൾ പൗരന്മാരിൽ, പ്രത്യേകിച്ച് വിദ്യാർത്ഥികളിൽ അരാഷ്ട്രീയവത്ക്കരണം (Depoliticisation) വളർത്തുകയും സാമൂഹികപ്രതിബദ്ധത കുറയ്ക്കുകയും ചെയ്യുന്നു എന്ന ആരോപണം ശക്തമാണല്ലോ?**

ഒരു മതവും അനുയായികളെ പരസ്നേഹ–സേവനപ്രവർത്തനങ്ങളിൽ നിന്ന് വിലക്കുകയോ നിരുത്സാഹപ്പെടുത്തുകയോ ചെയ്യുന്നില്ല. മറിച്ച് നന്മയുടെ വിത്തുകൾ അവരിൽ പാകാനാണ് മതം ശ്രമിക്കുന്നത്. അതിനാൽ മേൽപറഞ്ഞ ആരോപണം പ്രത്യയശ്സ്ത്രപ്രഹസനത്തിന്റെ വാചാടോപം മാത്രമാണ്. പിന്നെ വിദ്യാർത്ഥി രാഷ്ട്രീയമെന്നത് ഇന്ന് തല മറന്ന് എണ്ണതേയ്ക്കലായി മാറി. ജനാധിപത്യ ബോധമുള്ള എത്ര വിദ്യാർത്ഥി സംഘടനകളിവിടെയുണ്ട്? കോളേജുകളിൽ ചില സംഘടനകളുടെ സർവ്വാധിപത്യമല്ലേ? മറ്റു സംഘടനക്കാർ നോമിനേഷൻ കൊടുക്കാൻ പാടില്ല, പ്രവർത്തിക്കാൻ പാടില്ല, ചുവരെഴുതാൻ പാടില്ല... അസഹിഷ്ണുതയുടെ കൊടിയേറ്റമല്ലേ നമ്മുടെ കാമ്പസുകളിൽ നടക്കുന്നത്? കോടതി ഇടപെട്ടതും ഈ സമരാഭാസം കണ്ട് മനം മടുത്തിട്ടല്ലേ? മുഷ്ടിബലത്തിന്റേയും താൻപോരിമയുടേയും വിദ്യാർത്ഥി രാഷ്ട്രീയം എന്തു സാമൂഹിക പ്രതിബദ്ധതയാണിവിടെ സൃഷ്ടിച്ചത്?

■ **കേരളത്തിലറിയപ്പെടുന്ന വചനപ്രഘോഷകനും ധ്യാനഗുരുവുമായ തട്ടിൽപിതാവ് കരിസ്മാറ്റിക് പ്രസ്ഥാനത്തെ എങ്ങനെയാണ് വിലയിരുത്തുന്നത്?**

കാണുന്ന വിധമാണ് കാഴ്ചപ്പാടിനെ നിർണ്ണയിക്കുന്നത്. കാഴ്ചശാസ്ത്രത്തെ ധർമ്മ ശാസ്ത്രമെന്നു വിളിക്കുന്നത് ഈയർത്ഥത്തിലാണ് (Ethics is Optics). പഴുതുകളും പോടുകളും ഇടർച്ചകളുമുണ്ടെന്നു കരുതി ഒരു പ്രസ്ഥാനത്തിന്റെ നന്മകളെ നമ്മൾ നിരാകരിക്കാൻ പാടില്ല. കരിസ്മാറ്റിക് പ്രസ്ഥാനം ദൈവജനത്തിന് ആത്മീയ സംതൃപ്തിക്ക് കാരണമാകുന്നുണ്ടെങ്കിൽ സഭ ആ പ്രസ്ഥാനത്തിന്റെ

www.malankaralibrary.com

നന്മകളെ സ്വാംശീകരിച്ച് സ്വന്തമാക്കണം. പ്രസ്ഥാനത്തിന്റെ ആത്മീയരീതികളെ സ്വീകരിക്കണം.

**■ അടുത്തകാലത്തായി കേരളസഭയിലുണ്ടായ സെക്റ്റുകളുടെ (sect) വളർച്ചയും സ്വാധീനവും കരിസ്മാറ്റിക് പ്രസ്ഥാനത്തിന്റെ ഒരു ഉപോല്പന്നമല്ലേ?**

പലപ്പോഴും അജപാലന ശുശ്രൂഷയുടെ പരാജയം കൊണ്ടാണ് സെക്റ്റുകളിവിടെ പെരുകുന്നത്. നമ്മുടെ യാന്ത്രികവും മരവിച്ചതും കാലാഹരണപ്പെട്ടതുമായ അജപാലനശൈലികൾ ആത്മശോധനയ്ക്ക് വിധേയപ്പെടേണ്ടതല്ലേ? ബ്യൂറോക്രസ്സിയുടെ ദുഷിച്ച പ്രവണതകൾ നമ്മുടെ സഭയ്ക്കുള്ളിലേയ്ക്കും കയറിത്തുടങ്ങിയിരിക്കുന്നു. ആളുകളെ അനാവശ്യമായി നടത്തിക്കുന്ന നടത്തു വികാരിമാരാണ് ഇന്ന് ചില പള്ളികളിലെങ്കിലുമുള്ളത്. ദൈവശാസ്ത്രപരവും അജപാലനപരവുമായ അറിവും പ്രവർത്തനശൈലിയും പലയിടങ്ങളിലും സമന്വയിക്കപ്പെടുന്നില്ല. അധികാരവിനിയോഗത്തിന്റെ കാര്യത്തിൽ സഭാധികാരികൾ തങ്ങളുടെ റോൾ നിർവ്വഹിക്കണം. അധികാര നിർവ്വഹണത്തിൽ 3 ഘടകങ്ങളുണ്ട്. Comprehersion, Co- ordination, Control. ഇവ മൂന്നും സഭാ ഭരണത്തിൽ അവശ്യംവേണ്ട ഘടകങ്ങളാണ്. സഭാ പ്രവർത്തനങ്ങളിൽ കാണുന്ന നിസ്സംഗത അനുഭാവപൂർവ്വം പരിഗണിക്കപ്പെടേണ്ടതും പരിഹരിക്കപ്പെടേണ്ടതുമായ ഒരു പ്രശ്നമാണ്.

**■ കേരള സഭയിലെ മെത്രാന്മാരധികവും സെമിനാരികളിൽ നിന്നോ അതുപോലുള്ള സ്ഥാപനങ്ങളിൽ നിന്നോ ആണ് വരുന്നത്. ഇടവകകളിലിരുന്ന് അജപാലന പരിചയമുള്ള അധികംപേർ മെത്രാന്മാർക്കിടയിൽ ഇല്ല. അതിനാൽ തന്നെ ദൈവജനത്തിന്റെ പൾസ് മനസ്സിലാക്കാൻ സാധിക്കാറില്ല എന്ന പരാതി ശക്തമാണ്?**

കേരള സഭയെ സംബന്ധിച്ച് അക്കാഡമീഷ്യൻസ് ആണ് കൂടുതലായി നേതൃത്വത്തിലേക്കു വരുന്നത്. അക്കാഡമിക് ലാബും ലൈഫ് ലാബും ചേരുമ്പോഴാണ് നല്ല ദൈവശാസ്ത്രജ്ഞരും ദൈവശാസ്ത്രവും ഉണ്ടാകുന്നത്. നല്ല തിയോളജിയൻ Text ൽ നിന്ന് Context ലേക്ക് പാലം പണിയുന്നവനാണ്. ദൈവശാസ്ത്രജ്ഞന്മാർ മെത്രാന്മാരാകാൻ അയോഗ്യരല്ല. ജീവിതത്തിന്റെ സമസ്ത മേഖലകളെയും കുറിച്ച് അവധാന പൂർവ്വം ചിന്തിക്കുകയും പ്രയോഗിക നിഗമനങ്ങളിലെത്തുകയും ചെയ്യുന്നവരാണവർ. യഥാർത്ഥ ദൈവശാസ്ത്രമെന്നത് ദൈവോന്മുഖം മാത്രമല്ല ദൈവജനോന്മുഖം (People oriented) കൂടിയാണ്. ഇടവകകളിലെ അനുദിന പ്രശ്നങ്ങൾ പരിഹരിക്കുന്ന ഒരു ഇടവക വികാരിയുടെ പ്രായോഗിക ജ്ഞാനം ഒരു പക്ഷേ ദൈവശാസ്ത്രജ്ഞനുണ്ടാകണമെന്നില്ല. നേരേ തിരിച്ചും സംഭവിക്കാം. അറിവും നെറിവും സമന്വയിക്കുന്ന അജപാലന ശൈലികൾ രൂപപ്പെടുത്താനുള്ള വ്യക്തികളുടെ മാനസിക സന്നദ്ധതയാണ് പ്രധാനപ്പെട്ടത്.

**■ ഇടതുപക്ഷത്തോട് കത്തോലിക്കാ സഭ വൈമുഖ്യം കാണിക്കുന്നു എന്നത് പരസ്യമായ ഒരു രഹസ്യമാണ്. ഒരു കത്തോലിക്കനെന്ന നിലയിൽ ഇടതുപക്ഷത്തോടുള്ള പിതാവിന്റെ ഇടപെടലുകളെങ്ങനെയായിരിക്കും?**

പൊരുത്തക്കേടുള്ളതിനെയും വിയോജനക്കുറിപ്പെഴുതുന്നവരേയും വെട്ടി നിരത്തുകയും പിഴുതെറിയുകയും അവർക്കു നേരെ വാതിലടക്കുകയും ചെയ്യുന്നത് കത്തോലിക്കാസഭയുടെ നയമല്ല. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പ്രധാനപ്പെട്ട tool of operation ഡയലോഗ് ആയിരുന്നു. എല്ലാ സംവാദങ്ങളും ഫലപ്രാപ്തിയിലെത്തണമെന്ന് നിർബന്ധമില്ല. കേരളത്തിൽ ഏത് ഇലക്ഷനും ഇടതുപക്ഷത്തിന് 40 ശതമാനത്തോളം പേർ വോട്ടു ചെയ്യുന്നുണ്ട് എന്നത് ഇടതുപക്ഷത്തെക്കുറിച്ചുള്ള നമ്മുടെ ചർച്ചകളിൽ കടന്നുവരേണ്ട ഒരു യാഥാർത്ഥ്യമാണ്. വൈരുദ്ധ്യങ്ങൾ പെരുപ്പിച്ച് അകലുന്നതിനേക്കാൾ സാധർമ്മ്യങ്ങൾ കണ്ടെത്താനുള്ള ശ്രമങ്ങൾ ഇരുഭാഗത്തു നിന്നുമുണ്ടാകണം. എങ്കിലും നിരീശ്വരത്വും ഏകാധിപത്യ സമീപനങ്ങളും നീക്കാതെ ഭാരത സാഹചാര്യത്തിൽ വേരുപിടിക്കാൻ ഇടതുപക്ഷത്തിനാകില്ല

> "മതാനുയായികൾ രാഷ്ട്രീയത്തിൽ ഇടപെടാൻ പാടില്ല എന്നുള്ള ചിന്ത ഏകാധിപത്യത്തിന്റെ വേറൊരു മുഖമാണ്"

www.malankaralibrary.com

എന്നത് പച്ചയായ ഒരു യാഥാർത്ഥ്യമാണ്.

■ കേരളത്തിലെ സെക്കുലർ മാധ്യമങ്ങൾക്ക് ഒരു Anticatholic attitude ഉണ്ടെന്നാണ് പൊതുവേ വിലയിരുത്തപ്പെടുന്നത്. എന്തുകൊണ്ടാണ് സെക്കുലർ മാധ്യമങ്ങളിൽ സഭ ഇത്രയേറെ വിമർശനത്തിന് വിഷയമാകുന്നത്?

സഭയെ വിശ്വസനീയമായി പൊതു സമൂഹത്തിനു മുന്നിൽ അവതരിപ്പിക്കാൻ നമ്മുടെ Public Relations പരാജയപ്പെട്ടു എന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. പാവങ്ങളുടെ പക്ഷത്തു നിൽക്കേണ്ട സഭയുടെ ഇമേജ് കീഴ്മേൽ മറിഞ്ഞപ്പോഴാണ് മാധ്യമങ്ങളും പൊതുസമൂഹങ്ങളും സഭയെ കല്ലെറിയാൻ തുടങ്ങിയത്. സഭയുടെ സ്വത്തുക്കളുടെ നിയന്ത്ര ണത്തിലും വിനിയോഗത്തിലും സുതാര്യത എന്ന ഗുണം കൈവരുത്താൻ നമുക്ക് പലപ്പോഴുമായില്ല. തത്ഫലമായി സഭയുടെ internal Forum ത്തിൽ നിറയെ പുഴുക്കുത്തുകളാണെന്ന ധാരണ ഒരു പറ്റം വിശ്വാസികൾക്കിടയിലും പൊതുസമൂഹത്തിലും പരന്നു. ആദരവിന്റെ പേരിൽ നിശബ്ദത പാലിച്ച വർപോലും സാമാന്യവത്കരിക്കപ്പെട്ട ഏതാനും കുറവുകളുടെ പേരിൽ സഭയെ സംശയത്തോടെ നോക്കിത്തുടങ്ങി. സഭയുടെ വർദ്ധിച്ച സ്വാധീനവും സമ്പത്തും കണ്ട് ഭയപ്പെടുന്ന ഇതരസമുദായങ്ങളുടെ യുക്തിരഹിതമായ ഭീതിയും ഒരുപക്ഷേ അസൂയയും മേൽപറഞ്ഞ മാധ്യമാക്രമണത്തിന് കാരണമായിട്ടുണ്ടാകാം. ഇവയെല്ലാം സഭയുടെ തൊഴുത്തിനെ ശുദ്ധീകരിക്കാനുള്ള കാലഘട്ടത്തിന്റെ സൂചനകളായി കണക്കാക്കണം. പകരം, 'മാങ്ങയുള്ള മാവിലേ ഏറു കിട്ടൂ' തുടങ്ങിയ പഴഞ്ചൊൽ പരിചകളെടുത്ത് പ്രതിരോധത്തിനൊരുമ്പെടുന്നത് തികച്ചും ആത്മഹത്യാപരമായിരിക്കും.

> നിരീശ്വരത്വും ഏകാധിപത്യ സമീപനങ്ങളും നീക്കാതെ ഭാരത സാഹചാര്യ ത്തിൽ വേരുപിടിക്കാൻ ഇടതു പക്ഷത്തിനാകില്ല എന്നത് പച്ച യായ ഒരു യാഥാർത്ഥ്യമാണ്."

■ എന്തുകൊണ്ട് സഭാനിലപാടുകളെ കേരളീയ പൊതുസമൂഹത്തിനുമുമ്പിൽ വിശ്വസനീയമായി അവതരിപ്പിക്കാൻ സാധിക്കുന്ന ഒരു സെക്കുലർ ചാനൽ/പത്രം/വാരിക/മാധ്യമം നമുക്കില്ലാതെപോയി?

കേരളത്തിലുള്ള Diocesan Sectarianism ആണ് പൊതുവായ മാധ്യമ സ്ഥാപന നിർമ്മിതിയെ തടസ്സപ്പെടുത്തുന്നത്. സഭയുടെ പൊതുവായ കാര്യങ്ങൾക്കു നൽകാൻ ആർക്കും പണമില്ല. എന്നാൽ രൂപതയുടെ കാര്യങ്ങൾക്കാണെങ്കിൽ നമുക്ക ചിലവഴിക്കാൻ കോടികളുണ്ട്. ജീവൻ ചാനലിന്റെ ജീവൻപോയ തെങ്ങിനെയെന്ന് നമുക്കറിയാം. ദീപികയുടെ കാര്യത്തിലും സംഭവിക്കുന്നത് ഇതുതന്നെയാണ്. കാലഘട്ടത്തിന്റെ ആവശ്യങ്ങൾക്കനുസരിച്ച് സഭയെ അവതരിപ്പിക്കാനും വിറ്റഴിക്കാനുമുള്ള Tecnology സഭയ്ക്കില്ലെങ്കിൽ കാര്യക്ഷമതയുടെ രംഗത്തുനിന്ന് സഭ തൂത്തെറിയപ്പെടും എന്നതിൽ സംശയമില്ല.

■ Kerala Labour Movement (K.L.M) എന്നപേരിൽ കേരളത്തിലെ തൊഴിലാളികളെ സംഘടിപ്പിക്കാനുള്ള ശ്രമത്തിലാണല്ലോ സഭ. ഇതുവരെ ശ്രദ്ധിക്കാതിരുന്ന ഈ മേഖലയിലേയ്ക്കുള്ള കടന്നുകയറ്റത്തെ പലരും വിമർശനദൃഷ്ടിയോടെയാണല്ലോ വീക്ഷിക്കുന്നത്?

സഭ ശക്തമായി പ്രവർത്തിക്കേണ്ട ഒരു മേഖലയിൽ നിന്ന് മാറിനിന്നാൽ സഭ തഴയപ്പെടും എന്ന അനുഭവ പശ്ചാത്തലത്തിൽ നിന്നാണ് കേരള ലേബർ മൂവ്മെന്റിന്റെ പിറവി. ജെനേസിയൂസച്ചനും വടക്കനച്ചനും ഇരുമ്പനച്ചനും തലച്ചിറ അച്ചനുമൊക്കെ സജീവമായി പ്രവർത്തിച്ച തൊഴിലാളി രംഗത്ത് സഭയുടെ ശബ്ദം ഇന്ന് തീരെ നേർത്തതാണ്. സഭയുടെ സംഘടനാപരമായ ശക്തി തൊഴിലാളികളുടെ നന്മയ്ക്കായി ഉപയോഗപ്പെടുത്തണമെന്നുള്ള ചിന്ത സഭാപിതാക്കന്മാരിൽ ഇന്ന് ശക്തമാണ്. 'റേരും നൊവാരും' എന്ന ചാക്രികലേഖനത്തിൽ തുടങ്ങുന്ന സഭയുടെ സാമൂഹികപ്രബോധനങ്ങൾ 'സത്യത്തിൽ സ്നേഹം' എന്ന വിശ്വലേഖനത്തിലെത്തി നിൽക്കുമ്പോഴും പാർശ്വവത്ക്കരിക്കപ്പെട്ട തൊഴിലാളികളുടെ ദയനീയാവസ്ഥയ്ക്ക് ഇന്നും വലിയ മാറ്റമില്ല. ഈ സ്ഥിതിക്കൊരു വ്യത്യാസം വരുത്താനും സമൂഹത്തിന്റെ മുഖ്യധാരയിലേക്കവരെ പുനരാനയിക്കാനുമുള്ള ശ്രമമാണ് Kerala Labour Movement. ■

www.malankaralibrary.com



# അസംഘടിത തൊഴിലാളികൾ

ജോയി ഗോതുരുത്ത്
*വൈസ് പ്രസിഡന്റ്, കേരള ലേബർ മൂവ്മെന്റ്*

തൊഴിലാളികളിൽ മഹാഭൂരിപക്ഷവും അസംഘടിതരാണെന്നത് ഞെട്ടിപ്പിക്കുന്ന യാഥാർത്ഥ്യമാണ്. മുഖ്യധാരാ രാഷ്ട്രീയപാർട്ടികൾ ഇവർക്കെതിരെ മുഖം തിരിച്ചുകളയുന്നുവെന്നത് മറ്റൊരു സത്യം. അസംഘടിത തൊഴിലാളികളുടെ ജീവൽ പ്രശ്നങ്ങളിലേക്ക് വെളിച്ചം വീശുന്ന ലേഖനം.

ദൈവത്തിന്റെ സൃഷ്ടികർമ്മത്തിലുള്ള പങ്കുചേരലായിട്ടാണ് തൊഴിലിനെ തിരുസഭ വ്യാഖ്യാനിക്കുന്നത്. അങ്ങിനെയാണെങ്കിൽ തൊഴിൽ ചെയ്യുക എന്നത് ദൈവിക പ്രവർത്തനമാണെന്നു വരുന്നു. ഒരു വ്യക്തിയുടെ സർഗ്ഗാത്മകതയുടെ പ്രതിഫലനമായി തൊഴിലിനെ കാണണം. അതോടൊപ്പം ജീവസന്ധാരണത്തിനുള്ള മാധ്യമം കൂടിയാണ് തൊഴിൽ. പൂർണ്ണതയിലേക്കുള്ള വളർച്ചയ്ക്കായി മനുഷ്യരാശി നടത്തുന്ന കുതിപ്പുകളാണല്ലോ മാനവചരിത്രം വിവരിക്കുന്നത്. പൂർണ്ണനായിരിക്കുക എന്ന ആഹ്വാനത്തിന്റെ (മത്തായി 5:48) പൊരുളിനെയാണല്ലോ വികസന പ്രക്രിയയെന്നു നാം വിളിക്കുന്നത്. വികസന പ്രവർത്തനങ്ങളുടെ അടിത്തറ തൊഴിലിലാണ് പണിയപ്പെട്ടിരിക്കുന്നത്.

തൊഴിലും തൊഴിലിന്റെ ഉടമയായ തൊഴിലാളിയും ഒരേ നാണയത്തിന്റെ രണ്ടുവശങ്ങളാണ്. എന്നാൽ തൊഴിലിൽ നിന്നും തൊഴിലാളി അന്യവല്കരിക്കപ്പെടുന്ന രൂക്ഷമായ സാഹചര്യമാണ് ഇന്നു നിലവിലുള്ളത്. തൊഴിലിന്റെ സദ്ഫലം വഴിയായി സമൂഹം പുരോഗമിക്കുമ്പോൾ തൊഴിലിന്റെ ഉടമയായ തൊഴിലാളി ദുരിതക്കയങ്ങളിലേക്കു വലിച്ചെറിയപ്പെടുന്നു. ഇതാണ് സമകാലിക സമൂഹം നേരിടുന്ന വലിയ പ്രതിസന്ധി.

## വികസനവും തൊഴിലാളികളും

നമ്മുടെ രാജ്യം വളരെ വേഗത്തിൽ വികസിച്ചുകൊണ്ടിരിക്കുകയാണ്. സാമ്പത്തിക മാന്ദ്യത്തിന്റെ തളർച്ചയിലും 7.4% മൊത്തം അഭ്യന്തരോല്പാദന വളർച്ച നേടി റെക്കോർഡിടാൻ ഇന്ത്യയ്ക്കു സാധിക്കുകയുണ്ടായി. പക്ഷേ ഈ നേട്ടങ്ങൾ താഴെത്തട്ടിലേക്കു ആനുപാതികമായി വിതരണം ചെയ്യുവാൻ നാം ദയനീമായി പരാജയപ്പെട്ടുകൊണ്ടിരിക്കുകയാണെന്നാണ് സർക്കാരിന്റെ തന്നെ സ്ഥിതിവിവരകണക്കുകൾ തെളിയിക്കുന്നത്. ലോകബാങ്കിന്റെ കണക്കനുസരിച്ച് ഇന്ത്യയിലെ ജനങ്ങളിൽ 42% പേർക്കും പ്രതിദിനം ഒന്നേകാൽ ഡോളർ പോലും വരുമാനം ലഭിക്കാത്തവരാണ്. കേന്ദ്രസർക്കാർ നിയമിച്ച സുരേഷ് തെണ്ടുൽക്കർ കമ്മറ്റി 37% പേരെയാണ് പരമദരിദ്രരാക്കി വിലയിരുത്തിയിട്ടുള്ളത്.

യഥാർത്ഥത്തിൽ ഇന്ത്യയിലെ ദരിദ്രർ ആരാണ്? തൊഴിലില്ലായ്മയുടെ കണക്ക് നാല് കോടി മാത്രമാണ്. ജനങ്ങളിൽ 40 കോടി ജനങ്ങൾ ബി.പി.എൽ കാരാണെന്ന് കണ്ടെത്തുമ്പോൾ, പണിയില്ലാത്തവരല്ല, പണിയെടുത്തിട്ടും ദാരിദ്ര്യത്തിന്റെ നെടുംപിടുത്തത്തിൽ നിന്നും രക്ഷപ്പെടാൻ കഴിയാത്തവരാണിവർ. ഇവരാണ് അസംഘടിത തൊഴിലാളികൾ. ചെറുകിട

www.malankaralibrary.com




കർഷകർ, കർഷകത്തൊഴിലാളികൾ, മത്സ്യത്തൊഴിലാളികൾ, കൂലിപ്പണിക്കാർ, ഗാർഹികത്തൊഴിലാളികൾ തുടങ്ങിയ നിരവധി വിഭാഗങ്ങൾ ഉൾപ്പെട്ടിട്ടുള്ള ഗ്രൂപ്പാണ് അസംഘടിത തൊഴിലാളികൾ. നൂറിൽ പരം വിഭാഗങ്ങളെ കേന്ദ്രസർക്കാർ അസംഘടിതതൊഴിലാളി പട്ടികയിൽ പെടുത്തിയിട്ടുണ്ട്.

## അസംഘടിത തൊഴിലാളികൾ

ഉല്പാദന സേവന മേഖലകളെ ഔപചാരികം (formal) അനൗപചാരികം (informal) എന്നിങ്ങനെ തരം തിരിക്കാറുണ്ട്. ഒരു രാജ്യത്ത് രൂപീകരിച്ചിട്ടുള്ള നിയമങ്ങളുടെ പരിധിയിൽ പ്രവർത്തിക്കുന്ന ഉല്പാദന സേവന മേഖലയിലെ ഘടകങ്ങളെയാണ് ഔപാചാരികം എന്നു വിളിക്കുന്നത്. ഔപചാരിക മേഖലയ്ക്കു പുറത്ത് പ്രവർത്തിക്കുന്ന എല്ലാറ്റിനെയും അനൗപചാരികം എന്നു വിശേഷിപ്പിക്കുന്നു.

ഇന്ത്യയിൽ ഔപചാരിക മേഖലയെ സംഘടിത മേഖല (organised sector) എന്നും, അനൗപചാരിക മേഖലയെ അസംഘടിത മേഖല (unorganised sector) എന്നുമാണ് വിളിക്കുന്നത്. അസംഘടിത മേഖലയുമായി ബന്ധപ്പെട്ടിരിക്കുന്നവരാണ് അസംഘടിത തൊഴിലാളികൾ. സംഘടനയില്ലാത്തവരെന്നല്ല അർത്ഥം. സർക്കാരിന്റെ സംരക്ഷണമോ നിയമപരിരക്ഷയോ ലഭിക്കാത്ത തൊഴിലാളികളെന്നാണ് അർത്ഥമാക്കുന്നത്. സ്വാഭാവികമായും ഇവർ സംഘടിതരല്ല. വിലപേശൽ ശക്തി തീരെ ഇല്ലാത്തവരാണ്. അതുകൊണ്ട് സ്വാധീന ശക്തി തീരെ കുറഞ്ഞവരുമാണ്.

സംഘടിത മേഖലയിലെ തൊഴിലാളികൾക്ക് തൊഴിൽ അവകാശങ്ങൾ, തൊഴിൽ സുരക്ഷ, സാമൂഹിക സുരക്ഷ എന്നിങ്ങനെയുള്ള നൈയ്യാമിക സംരക്ഷണം ലഭിക്കുന്നവരാണ്. ഇത്തരം സംരക്ഷണം ലഭിക്കാത്തവരെയാണ് അസംഘടിത തൊഴിലാളികൾ എന്ന് വിശേഷിപ്പിക്കുന്നത്. ഇന്ന് സാമൂഹിക സുരക്ഷ ലഭിക്കാത്ത തൊഴിലാളികൾ സംഘടിത മേഖലയിലും വർദ്ധിച്ചു വരുന്നുണ്ട്.

അസംഘടിത തൊഴിലാളികളെ സംബന്ധിച്ച് വളരെ വിശദമായ നിർവ്വചനം അർജ്ജുൻ സെൻഗുപ്ത കമ്മറ്റി നല്കിയിട്ടുണ്ട്. "പത്തിൽ താഴെ മാത്രം തൊഴിലാളികളെ ഉപയോഗിച്ചോ, സ്വന്തമായോ ഉല്പാദന സേവന പ്രവർത്തനങ്ങൾ നടത്തുന്ന സ്വകാര്യ വ്യക്തികളുടെയോ, കുടുംബങ്ങളുടെയോ ഉടമസ്ഥതയിലുള്ള സംരംഭങ്ങളിൽ പണിയെടുക്കുന്ന സാമൂഹിക സുരക്ഷാനുകൂല്യങ്ങൾ ലഭിക്കാത്ത തൊഴിലാളികളും, സംഘടിത മേഖലയിലെ സാമൂഹിക സുരക്ഷാ ആനുകൂല്യങ്ങൾ ലഭിക്കാത്ത തൊഴിലാളികളെയുമാണ് അസംഘടിത തൊഴിലാളികൾ എന്ന് വിവരിക്കുന്നത്."

## സംരക്ഷണം നിഷേധിക്കപ്പെടുന്നു

2005ലെ കണക്കനുസരിച്ച് 45.7 കോടി തൊഴിലാളികൾ ഇന്ത്യയിൽ ഉണ്ട്. ഇവരിൽ 93%പേർ, അതായത് 42.5 കോടി പേർ അസംഘടിതതൊഴിലാളികളാണ്. തൊഴിൽ നിയമങ്ങളുടെയോ, സാമൂഹിക സുരക്ഷയുടേയൊ യാതൊരുവിധ സംരക്ഷണവും ലഭിക്കാത്തവരാണിവർ.

പ്രധാനമായും മൂന്നു വിഭാഗങ്ങൾ ഇവരിൽ ഉൾപ്പെടും. അസംഘടിത മേഖലയിലെ കൂലിത്തൊഴിലാളി

www.malankaralibrary.com

കൾ, വീട്ടുപ്പണിക്കാർ, കുടിയേറ്റപ്പണിക്കാർ എന്നിവരാണ് ആദ്യ വിഭാഗം. അസംഘടിത മേഖലയിൽ സ്വയം തൊഴിൽ ചെയ്യുന്നവർ, ചെറുകിടകർഷകർ, ചെറുകിട ഉല്പാദകർ എന്നിവരാണ് രണ്ടാം വിഭാഗത്തിൽ ഉൾപ്പെടുന്നത്. സംഘടിത മേഖലയിലെ കാഷ്വൽ-കോൺട്രാക്ട് തൊളിലാളികളാണ് മൂന്നാമത്തെ വിഭാഗം.

ഇന്റർനാഷ്ണൽ ലേബർ ഓർഗനൈസേഷന്റെ കൺവെൻഷൻ 102 അനുസരിച്ച് "ഒരു തൊഴിലാളിക്ക് കുടുംബത്തിലും, തൊഴിൽ സ്ഥലത്തും, സമൂഹത്തിലും ലഭിക്കേണ്ട സുരക്ഷ-നിയമ സംരക്ഷണ പദ്ധതികളെയാണ് സാമൂഹിക സുരക്ഷയെന്ന് പ്രതിപാദിക്കുന്നത്". അടിസ്ഥാന ആവശ്യങ്ങൾ അത്യാഹിതത്തിലുള്ള സംരക്ഷണം, ജീവിത നിലവാരം എന്നിവ

> 2005ലെ കണക്കനുസരിച്ച് 45.7 കോടി തൊഴിലാളികൾ ഇന്ത്യയിൽ ഉണ്ട്. ഇവരിൽ 93%പേർ, അതായത് 42.5 കോടി പേർ അസംഘടിത തൊഴിലാളികളാണ്.

സാമൂഹിക തൊഴിൽ സുരക്ഷയിൽ ഉൾപ്പെടുന്നു.

കൃത്യമായ വേതന സേവന വ്യവസ്ഥകൾ, സുരക്ഷാസൗകര്യങ്ങൾ, തുല്യവേതനം, ജീവിക്കാനുള്ള വേതനം, തൊഴിൽ സംരക്ഷണം, ലീവിനുള്ള സൗകര്യങ്ങൾ, വിവേചനത്തിനെതിരായ സംരക്ഷണം, സംഘടിക്കാനും കൂട്ടായി വിലപേശാനുമുള്ള അവകാശങ്ങൾ, തൊഴിൽത്തർക്കങ്ങൾ പരിഹരിക്കാനുള്ള സംവിധാനങ്ങൾ എന്നിവ തൊഴിൽ അവകാശങ്ങളിൽപ്പെടുന്നു.

രോഗം, തൊഴിലപകടം, പ്രസവം, തൊഴിലില്ലായ്മ, അംഗവൈകല്യം, പ്രായാധിക്യം, മരണാനന്തര ആനുകൂല്യം, ദീർഘകാല രോഗ ചികിത്സ, കുടുംബത്തിന്റെ സംരക്ഷണം തുടങ്ങിയ ഒൻപത് അത്യാഹിത സാഹചര്യങ്ങളിലും തൊഴിലാളികൾക്കു സംരക്ഷണം ലഭിക്കേണ്ടതാണെന്നാണ് ഐ.എൽ.ഒ. കൺവെൻഷൻ പ്രഖ്യാപിക്കുന്നത്.

ഐ. എൽ. ഒ. കൺവെൻഷൻ അംഗീകരിച്ചിട്ടുള്ള രാഷ്ട്രമാണ് ഇന്ത്യയും. എന്നാൽ 7% മാത്രമുള്ള സംഘടിത മേഖലയിലെ തൊഴിലാളികൾക്കു മാത്രമാണ് ഐ. എൽ. ഒ. കൺവെൻഷൻ അനുസരിച്ചുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നത്.

തൊഴിൽത്തർക്ക നിയമം (1947), ഇ. എസ്. ഐ. നിയമം (1948), പ്രോവിഡന്റ് ഫണ്ട് നിയമം (1952), ഗ്രാറ്റ്വിറ്റി നിയമം (1972), പ്രസവാനുകൂല്യ നിയമം (1961) തുടങ്ങിയ നിരവധി നിയമങ്ങളുടെ സംരക്ഷണം ഇന്ത്യയിലെ 93% വരുന്ന അസംഘടിത തൊഴിലാളികൾക്കും ലഭിക്കുന്നില്ല. രാജ്യത്തിന്റെ വികസനക്കുതിപ്പിന്റെ പിന്നിലെ ശില്പികൾ അസംഘടിത തൊഴിലാളികളാണെന്ന കാര്യം വിസ്മരിക്കപ്പെടുന്നു. ഓരോ വർഷവും ദേശീയ അത്യുല്പാദനത്തിന്റെ 60% മുതൽ 65% വരെ അസംഘടിതരുടെ സംഭാവനയാണ്. പക്ഷേ ഇവർ സ്ഥിരമായി അവഗണിക്കപ്പെടുന്നതിന്റെ പ്രധാനകാരണം ഇവർ സംഘടിതശക്തിയല്ലെന്നതാണ്. വിലപേശൽ ശക്തി കുറവായതുകൊണ്ട് രാഷ്ട്രീയ അധികാര കേന്ദ്രങ്ങളെ സ്വാധീനിക്കാൻ കഴിയാതെ വരുന്നു.

## കമ്മീഷനുകൾ, നിയമങ്ങൾ

ഗജേന്ദ്ര ഗഡ്ക്കറിന്റെ നേതൃത്വത്തിലാണ് ആദ്യത്തെ ദേശീയ തൊഴിൽ കമ്മീഷൻ രൂപികരിക്കപ്പെട്ടത്. 1969 ൽ കമ്മീഷൻ റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. അസംഘടിതതൊഴിലാളികളെ വിശദമായ സർവ്വെ നടത്തി ലിസ്റ്റു ചെയ്യാൻ കമ്മീഷൻ ആവശ്യപ്പെടുകയുണ്ടായി. നിയമപരിരക്ഷ ഉറപ്പാക്കാനും കമ്മീഷൻ ശുപാർശ ചെയ്യുകയുണ്ടായി.

അസംഘടിത മേഖലയിലെ സ്ത്രീത്തൊഴിലാളികളെ കുറിച്ച് പഠനം നടത്താനാണ് ശ്രീമതി ഏലാഭട്ടിന്റെ കമ്മീഷൻ രൂപീകൃതമായത്. ഗാർഹിക തൊഴിലാളി രജിസ്ട്രേഷൻ, തുല്യവേതനം, ലേബർ വകുപ്പിൽ പ്രത്യേക സ്ത്രീവിഭാഗം തുടങ്ങിയ നിർദ്ദേശങ്ങൾ 1988 ൽ സമർപ്പിക്കപ്പെട്ട റിപ്പോർട്ടിൽ ഉണ്ടായിരുന്നു.

ഗ്രാമീണതൊഴിലാളികളെ സംബന്ധിച്ചുള്ള ജസ്റ്റീസ് ഹനുമന്തറാവു കമ്മീഷൻ 1991 ൽ നല്കിയ റിപ്പോർട്ടിൽ പെൻഷൻ, ഇൻഷുറൻസ്, പ്രസവാനുകൂല്യം എന്നിവ നല്കണമെന്ന് ശുപാർശകൾ നല്കുകയുണ്ടായി.

www.malankaralibrary.com




സോഷ്യൽ ആക്ടിവിസ്റ്റ് പ്രോഗ്രാം, പാസ്റ്ററൽ സെന്റർ എറണാകുളം - 2010 മെയ് 8,9

മലയാളിയായ രവീന്ദ്രവർമ്മയുടെ നേതൃത്വത്തിൽ രൂപീകരിക്കപ്പെട്ട രണ്ടാമത്തെ ദേശീയ തൊഴിൽ കമ്മീഷൻ 2002 ൽ റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. ഇന്ത്യയിലെ അസംഘടിത തൊഴിലാളികളുടെ സാമൂഹിക സുരക്ഷയ്ക്കായി കേന്ദ്ര നിയമം രൂപികരിക്കണമെന്ന ശക്തമായ നിർദ്ദേശം നല്കുകയുണ്ടായി.

2004 ൽ അധികാരമേറ്റ ഒന്നാം യു. പി. എ. സർക്കാരാണ് അസംഘടിത തൊഴിലാളികളുടെ സമഗ്ര വികസനത്തിനായി കൂടുതൽ ഫലപ്രദമായ പദ്ധതികൾ ആവിഷ്കരിച്ചിട്ടുള്ളത്. 2004 സെപ്തംബർ 20ന് രൂപീകൃതമായ അർജുൻ സെൻ ഗുപ്തയുടെ നേതൃത്വത്തിലുള്ള കമ്മീഷൻ അസംഘടിത മേഖലയെ സംബന്ധിച്ച് വളരെ വിശദമായ പഠനങ്ങൾ നടത്തി ഒരു ഡസനോളം റിപ്പോർട്ടുകൾ പുറത്തിറക്കയുണ്ടായി. ആദ്യ റിപ്പോർട്ടിൽ തന്നെ സാമ്പിൾ സാമൂഹിക സുരക്ഷാ നിയമത്തിന്റെ ഡ്രാഫ്റ്റ് ചേർത്തിരുന്നു. ഈ നിയമത്തിന്റെ ചുവടുപിടിച്ചാണ് 2008 ഡിസംബറിൽ പാർലമെന്റ് ഇന്ത്യയിലെ അസംഘടിത തൊഴിലാളികളുടെ സാമൂഹിക സുരക്ഷയ്ക്കായി പ്രത്യേക നിയമം പാസ്സാക്കിയത്. പക്ഷേ ഇന്നും ഈ നിയമം ഫലപ്രദമായി നടപ്പിലാക്കപ്പെട്ടിട്ടില്ല എന്നതാണ് ഖേദകരം. കൃത്യമായി നീക്കി വയ്ക്കപ്പെട്ടിട്ടുള്ള ഫണ്ടില്ല എന്നതാണ് ഇതിന്റെ വലിയ പോരായ്മ. ഇത് ഫലപ്രദമായി നടപ്പിലാക്കാനുള്ള കേന്ദ്ര സർക്കാരിന്റെ ഇച്ഛാശക്തിക്കുറവും പ്രശ്നമാണ്.

## കേരളത്തിൽ

1999 ലെ ദേശീയ സാമ്പിൾ സർവ്വെ കണക്കനുസരിച്ച് കേരളത്തിൽ 80% തൊഴിലാളികളാണു അസംഘടിതർ. പക്ഷേ പത്തുവർഷം കൊണ്ട് 86% പേരായി വർദ്ധിച്ചു കാണുമെന്നാണ് അനൗദ്യോഗിക കണക്കുകൾ പറയുന്നത്. സംഘടിത മേഖലയിലെ കാഷ്വൽ–കോൺട്രാക്ട് വല്കരണം അസംഘടിത തൊഴിലാളികളുടെ എണ്ണത്തിൽ വർദ്ധനവ് വരുത്തുന്നു. അതോടൊപ്പം സംഘടിത തൊഴിലാളികൾ ശോഷിക്കുകയും ചെയ്യുന്നു.

ഉദാഹരണമായി കെ. എസ്. ആർ. ടി. സി, കെ. എസ്. ഇ. ബി. എന്നിവ പരിശോധിക്കുക. റിട്ടയർ ചെയ്യുന്നതനുസരിച്ചും, വളർച്ചയ്ക്കനുസരിച്ചും സ്ഥിരം ജോലിക്കാരെ നിയമിക്കാതെ കോൺട്രാക്ട് കാഷ്വൽ തൊഴിലാളികളെക്കൊണ്ടാണ് തൊഴിൽ ചെയ്യിപ്പിക്കുന്നത്. ഈ സമ്പ്രദായം സ്വകാര്യ – പൊതുമേഖലാ സംരഭങ്ങളിലും കാണാവുന്നതാണ്. സംഘടിത മേഖലയിലെ പല തൊഴിലുകളും അസംഘടിതമായിമാറുന്നതാണ് ഏറ്റവും വലിയ പ്രശ്നം. രാജ്യം തുടരുന്ന പുതിയ സാമ്പത്തിക നയത്തിന്റെ ഫലമായിട്ടാണിത്.

കേരളത്തിലെ പരമ്പരാഗത – അസംഘടിത തൊഴിലാളികൾക്കായി ഇരുപത്തിയഞ്ചിൽപരം ക്ഷേമനിധികൾ പ്രവർത്തിച്ചു വരുന്നുണ്ട്. ഇതര സംസ്ഥാനങ്ങൾക്കും, കേന്ദ്രത്തിനു തന്നെയും മാതൃകാപരമാ

www.malankaralibrary.com

ണിത്. അതുപോലെ തന്നെ കേന്ദ്രാവിഷ്കൃതമായ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി അസംഘടിത തൊഴിലാളികൾക്ക് ആശ്വാസം പകരുന്ന പദ്ധതിയാണ്. അതുപോലെ തന്നെയാണ് മെഡിക്കൽ ഇൻഷുറൻസ് പദ്ധതി (ആർ.എസ്.ബി.വൈ.), ആം ആദ്മി ബീമായോജന എന്നിവ.

## ട്രേഡ് യൂണിയനുകൾ

ഇന്ത്യയിലെ 12 ശതമാനം തൊഴിലാളികൾ മാത്രമാണ് യൂണിയനുകളിൽ അംഗത്വമെടുത്തിട്ടുള്ളത്. ഒരു ഡസനിൽപരം കേന്ദ്ര ട്രേഡ്‌യൂണിയനുകൾ രാജ്യത്തുണ്ടെങ്കിലും, അവരെല്ലാവരും തന്നെ സംഘടിത മേഖലയിലാണ് കേന്ദ്രീകരിച്ചിരിക്കുന്നത്. ഇവിടെ കൈ നനയ്ക്കാതെ മീൻ പിടിക്കാൻ കഴിയും. കേരളത്തിലാണെങ്കിൽ കർഷകത്തൊഴിലാളികൾ, ചുമട്ടുത്തൊഴിലാളികൾ എന്നീ മേഖലകളിൽ ട്രേഡ് യൂണിയനുകൾ ശക്തമാണ്. തൊഴിലാളി ക്ഷേമത്തേക്കാൾ രാഷ്ട്രീയ താത്പര്യങ്ങൾക്ക് വേണ്ടിയാണോയെന്ന് പലപ്പോഴും സംശയിക്കേണ്ടിവരുന്നുണ്ട്.

ചെറുകിടകർഷകർ (അഞ്ചേക്കറിൽ താഴെ കൃഷിയിടമുള്ളവർ), കർഷകത്തൊഴിലാളികൾ, നിർമ്മാണത്തൊഴിലാളികൾ, മത്സ്യത്തൊഴിലാളികൾ, ഗാർഹികത്തൊഴിലാളികൾ, ചെറുകിട കച്ചവടക്കാർ തുടങ്ങി നിരവധി അസംഘടിത തൊഴിലാളി വിഭാഗങ്ങൾ ഉണ്ട്. അടിയന്തിര ശ്രദ്ധ ലഭിക്കേണ്ട ഒന്നു രണ്ട് മേഖലകൾ ചൂണ്ടിക്കാണിക്കുകയാണ്.

## വാണിജ്യസ്ഥാപനങ്ങൾ

വളരെയേറെ ചൂഷണത്തിനിരയാകുന്ന ഒരു വിഭാഗമാണ് വ്യാപാര വാണിജ്യസ്ഥാപനങ്ങളിലെ തൊഴിലാളികൾ. കൊച്ചി നഗരത്തിൽ തന്നെ പതിനായിരങ്ങളാണ് ഇത്തരം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നത്. ഇവരിൽ കൂടുതൽ പേരും സ്ത്രീകളാണ്. വളരെ കുറഞ്ഞ കൂലി, കൂടുതൽ സമയത്തെ ജോലി, കൃത്യമായ സേവന വേതന വ്യവസ്ഥകളുടെ അഭാവം എന്നിവയൊക്കെ ഇവിടുത്തെ സ്ഥിതിവിശേഷമാണ്. സ്ത്രീകൾക്കു പ്രാഥമിക ആവശ്യങ്ങൾ നിർവ്വഹിക്കാനുള്ള സൗകര്യങ്ങൾ വലിയ സ്ഥാപനങ്ങളൊഴിച്ച് മറ്റൊരു സ്ഥലത്തും ഇല്ല എന്നതാണ് വസ്തുത. ടോയിലറ്റിനു വേണ്ടിയുള്ള സ്ത്രീത്തൊഴിലാളികളുടെ ആവശ്യത്തെ എത്ര പുച്ഛത്തോടേയായിരുന്നു വ്യാപാരിവ്യവസായികളുടെ നേതാവ് കണ്ടത്.

കേരള ഷോപ്സ് ആന്റ് എസ്റ്റാബ്ലിഷ്മെന്റ് ആക്ടനുസരിച്ചുള്ള എട്ട് മണിക്കൂർ ജോലിക്കുശേഷം അധികവേതനം നല്കേണ്ടിയിരിക്കുന്നു. ഇതൊന്നും ഇവിടത്തെ വ്യാപാര – വാണിജ്യസ്ഥാപനങ്ങളുടെ ഉടമകൾക്കു പ്രശ്നമല്ല. അതുപോലെ തന്നെ നിയമപ്രകാരം നിർബന്ധമായ തൊഴിലാളി ക്ഷേമനിധി അംഗത്വത്തിനും ഉടമകൾ തയ്യാറാകുന്നില്ല. അവർക്കെതിരെ നിയമാനുസൃതം നടപടിയെടുക്കാൻ ഉദ്യോഗസ്ഥന്മാർ തയ്യാറാകുന്നില്ല. ട്രേഡ് യൂണിയനുകൾ കണ്ണടച്ചു ഇരുട്ടാക്കുന്നു.

## പ്രവാസിത്തൊഴിലാളികൾ

മറ്റൊരു പ്രശ്ന മേഖലയാണ് അന്യസംസ്ഥാന തൊഴിലാളികളുടേത്. കുറഞ്ഞകൂലി, കൂടുതൽ അദ്ധ്വാനം മനുഷ്യോചിതമല്ലാത്ത താമസസൗകര്യം, കങ്കാണികളുടെ ചൂഷണം എന്നിവയാൽ കലുഷിതമായ മേഖലയാണിത്. അന്യസംസ്ഥാന തൊഴിലാളികളുടെ സാന്നിദ്ധ്യം കേരളത്തിലെ ഗ്രാമങ്ങളിൽവരെ സാധാരണമായിക്കഴിഞ്ഞു. മൃഗസമാനമായ ഇവരുടെ ജീവിതം മെച്ചപ്പെടുത്തുന്നതിനായി അധികാരികളുടെയോ, ട്രേഡ് യൂണിയനുകളുടെയൊ പിന്തുണയില്ലായെന്നതാണ് ഖേദകരം. അന്യസംസ്ഥാന തൊഴിലാളികൾക്ക് സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള ക്ഷേമനിധി ആശാവഹമാണ്. പക്ഷേ ഫലപ്രദമായ നടത്തിപ്പിന് ആരു നേതൃത്വം നല്കും എന്നതാണ് പ്രശ്നം.

പരമ്പരാഗത മേഖലയിൽ ഏറ്റവും കൂടുതൽ അവഗണിക്കപ്പെട്ടിട്ടുള്ള വിഭാഗമാണ് മത്സ്യത്തൊഴിലാളികൾ. ഐക്യരാഷ്ട്ര സംഘടന നടത്തിയ പഠനത്തിൽ കേരളത്തിലെ ഏറ്റവും പിന്നാക്കം നില്ക്കുന്ന വിഭാഗങ്ങളായ് ആദിവാസികളെയും മത്സ്യത്തൊഴിലാളികളെയുമാണ് കണ്ടെത്തിയിരിക്കുന്നത്.

രാഷ്ട്രത്തിന്റെ വികസനത്തിനായി അസംഘടിത തൊഴിലാളികൾ നടത്തുന്ന സേവനം വിസ്മരിക്കാനാകില്ല. നഗരങ്ങളിലും ഗ്രാമങ്ങളിലും അവരുടെ സാന്നിദ്ധ്യം നിരന്തരമുണ്ട്. അവരില്ലാത്ത സമൂഹം ചിന്തനീയമല്ല. പിന്നെ എന്തുകൊണ്ടാണ് അവർക്കും മാന്യതയോടെയും അന്തസ്സോടെയും ജീവിക്കാനുള്ള സാഹചര്യങ്ങളും നിയമങ്ങളും രൂപപ്പെടുത്താൻ വൈകുന്നത്. ■

www.malankaralibrary.com



# കേരള ലേബർ മൂവ്മെന്റ്

ജോസഫ് ജൂഡ്
*ചീ ജനറൽ സെക്രട്ടറി, ഡബ്ലിയു.ഐ.എഫ് . പ്രസിഡന്റ് കെ.എൽ.എം.,*

തൊഴിലാളികൾക്കുവേണ്ടി നിലകൊള്ളുക സഭയുടെ എന്നത്തെയും പ്രഖ്യാപിത നയമാണ്. മതസ്ഥാപകനായ യേശു തന്നെ ആശാരിയെന്ന തൊഴിലാളിയായിരുന്നു. തൊഴിലാളികൾക്ക് വേണ്ടി കേരള സഭയുടെ ഭാഗത്തുനിന്നുണ്ടായ ഏറ്റവും ശക്തമായ നീക്കമാണ് കേരള ലേബർ മൂവ്മെന്റ് എന്ന സംഘടന. കെ.എൽ.എമ്മിന്റെ വിശദാംശ ങ്ങളിലേക്ക്.

ലിയോ പതിമൂന്നാമൻ മാർപാപ്പ റേരും നോവാരും എന്ന ചാക്രിക ലേഖനം പ്രസിദ്ധീകരിക്കുന്നത് 1891 ലാണ്. കത്തോലിക്ക സഭയുടെ ആദ്യത്തെ സാമൂഹിക പ്രബോധനമായി ഈ ലേഖനം കണക്കാക്കപ്പെടുന്നു. ലിയോ XIII മാർപാപ്പ പ്രധാനമായും രണ്ട് ഉത്കണ്ഠകളാണ് പങ്കുവയ്ക്കുന്നത്. ഒന്നാമതായി, കമ്മ്യൂണിസം മുന്നോട്ടു വയ്ക്കുന്ന പ്രത്യയശാസ്ത്രത്തെ അദ്ദേഹം നിരാകരിക്കുന്നു. അദ്ധ്വാനിക്കുന്നവരോട് കമ്മ്യൂണിസം നടത്തുന്ന ആഹ്വാനം അംഗീകരിക്കുകയും ചെയ്യുന്നു. രാഷ്ട്രീയ സാമ്പത്തിക സമത്വത്തിനായുള്ള തൊഴിലാളി മുന്നേറ്റത്തെ സ്വാധീനിക്കുന്ന ഘടകങ്ങളെ സഭയ്ക്ക് അവഗണിക്കാനാവില്ല. രണ്ടാമതായി, യൂറോപ്പിൽ രൂപപ്പെട്ട ലിബറൽ ക്യാപ്പിറ്റലിസ്റ്റ് വളർച്ചയുടെ ധാരാളിത്തത്തെ മാർപാപ്പ കണിശതയോടെ ചോദ്യം ചെയ്യുന്നു. ചുരുക്കം ചിലരുടെ കൈകളിൽ ന്യായീകരണമില്ലാതെ സമ്പത്ത് കേന്ദ്രീകരിക്കപ്പെടുകയും, തൊഴിലാളികൾ ദയാരഹിതമായി ചൂഷണം ചെയ്യപ്പെടുകയും ദരിദ്രരാക്കപ്പെടുകയും ചെയ്യുന്നത് ഈ ധാരാളിത്തത്തിന്റെ പ്രധാന ഫലമാണ്. ഈ സാഹചര്യങ്ങളോടുള്ള സഭയുടെ പ്രതികരണമായി വിപ്ളവകരമായ ആശയങ്ങൾ മാർപാപ്പ മുന്നോട്ടുവയ്ക്കുന്നു.

റേരും നോവാരും, തുടർന്നു പ്രസിദ്ധീകരിക്കപ്പെട്ട സാമൂഹികപ്രബോധനങ്ങളും നൽകിയ പ്രചോദനം നിരവധി വ്യക്തികളെ സമൂഹത്തിലെ ദരിദ്രർക്കു വേണ്ടിയുള്ള വിമോചക പ്രവർത്തനങ്ങളിൽ തൽപ്പരരാക്കി.

## കർമ്മലീത്താ അച്ചന്മാർ

1940 കളിൽ കൊച്ചിയിലെയും എറണാകുളം പട്ടണത്തിന് പ്രാന്തങ്ങളിലെയും തൊഴിലാളികളെ സംഘടിപ്പിക്കാൻ കർമ്മലീത്താ വൈദികരായ ഫാ. ജെറോം പയ്യപ്പിള്ളി ഒ.സി.ഡി., ഫാ. ബെനവഞ്ചൂർ കാട്ടിപ്പറമ്പിൽ ഒ.സി.ഡി എന്നിവർ മുന്നിട്ടിറങ്ങി. തൊഴിലാളികളുടെ ചെറുസംഘങ്ങളും സഹകരണ സംഘങ്ങളും രൂപീകരിച്ചും അവർ തൊഴിലാളികളെ ശക്തരാക്കാൻ ശ്രമിച്ചു. ആലുവ, കളമശ്ശേരി മേഖലയിലെ വ്യവസായത്തൊഴിലാളികളുടെ ട്രേഡ് യൂണിയൻ, ഉത്തര തിരുവിതാംകൂർ കാത്തലിക് ലേബർ അസ്സോസിയേഷൻ എന്നിവ രൂപപ്പെടുത്താനും ജെറോം അച്ചൻ ശ്രമിച്ചു.

## ജനിസിയൂസച്ചൻ

1957 ൽ കമ്മ്യൂണിസ്റ്റ് പാർട്ടി കേരളത്തിൽ അധികാരത്തിലെത്തിയതിനെ തുടർന്ന് ഒല്ലൂരിലും തലോ



www.malankaralibrary.com
റിസോഴ്സ് ടീം ട്രെയിനിംഗ് പ്രോഗ്രാം, പാസ്റ്ററൽ സെന്റർ എറണാകുളം - 2010 മാർച്ച് 20, 21

രിലുമുള്ള ഓട്, ഇഷ്ടിക കമ്പനികളിലെ തൊഴിലാളികളെ സംഘടിപ്പിക്കാൻ ശ്രമിച്ചിരുന്നു. ഈ നീക്കത്തോടുള്ള പ്രതിപ്രവർത്തനമായി ഏതാനും തൊഴിലാളികളെ അംഗങ്ങളാക്കി ഫാ. ജനിസീയൂസ് സി.എം.ഐ. തലോരിലുള്ള ആശ്രമത്തോടനുബന്ധിച്ച് കാത്തലിക് ലേബർ അസോസിയേഷൻ (CLA) രൂപീകരിച്ചു. ഒരു ഭക്ത സംഘടനയായിട്ടാണ് തുടങ്ങിയതെങ്കിലും പിന്നീട് ശക്തമായ തൊഴിലാളി സംഘടനയായി സി.എൽ.എ. രൂപം കൊണ്ടു.

## ഫാദർ വടക്കൻ

തൃശൂർ പട്ടണത്തിൽ പീടികത്തൊഴിലാളികൾക്കു വേണ്ടി വടക്കനച്ചൻ പ്രവാചകധീരതയോടെ ശബ്ദമുയർത്തി. 'തൊഴിലാളി' എന്ന പേരിൽ ഒരു പ്രസിദ്ധീകരണം വടക്കനച്ചൻ നടത്തിയിരുന്നു. പീടികത്തൊഴിലാളികളെ കഠിനമായി ചൂഷണം ചെയ്തിരുന്ന ക്രൈസ്തവ മുതലാളിമാർക്കെതിരെ അതിരൂക്ഷമായി അദ്ദേഹം ആഞ്ഞടിച്ചു.

## മത്സ്യത്തൊഴിലാളി മേഖല

ആലപ്പുഴയിൽ പോൾ അറക്കലച്ചനും കൊല്ലത്ത് ആൽബർട്ട് പരിശുവിളയച്ചനും മൽസ്യത്തൊഴിലാളികളുടെ ശബ്ദമായി മാറി. ത്യാഗഭരിതമായ സമരപോരാട്ടങ്ങൾക്ക് ഇവർ നേതൃത്വം നൽകി. തീരദേശത്തെ നിസ്വരായ തൊഴിലാളിസമൂഹത്തിന് സംഘബോധം പകർന്നുനൽകി അവരുടെ അവകാശപ്പോരാട്ടങ്ങൾക്കായി സുശക്തമായ സംഘടനകൾക്ക് ജീവൻ നൽകി. ഫാ. തോമസ് കോച്ചേരി ദേശീയ അന്തർദ്ദേശീയ തലങ്ങളിലേക്ക് ഈ മുന്നേറ്റത്തെ വളർത്തിയെടുത്തു. രാഷ്ട്രീയ സമ്മർദ്ദങ്ങളാൽ സഭാനേതൃത്വം മുഖം തിരിച്ചപ്പോൾ പ്രതിബദ്ധതയോടെ നിരവധി പേർ സമരമുഖത്ത് ഉറച്ചുനിന്നു. വ്യക്തിപരമായ മുന്നിട്ടിറങ്ങലാണ് ഇവയെങ്കിലും സംഘാതമായ മുന്നേറ്റത്തിന് നേതൃത്വം നൽകാൻ സഭ താൽപ്പര്യം കാണിച്ചില്ല.

## പാർശ്വവൽക്കരിക്കപ്പെടുന്ന അസംഘടിത തൊഴിലാളികൾ

ഇൻഡ്യയിലെ അധ്വാനശക്തിയുടെ 93% അംഘടിതമേഖലയിലാണ്. ആഗോളീകരണം രൂപപ്പെടുത്തുന്ന പുതിയ സാഹചര്യങ്ങളിൽ അസംഘടിത തൊഴിലാളികൾ അതിവേഗം പാർശ്വവൽക്കരിക്കപ്പെടുകയും ദാരിദ്ര്യാവസ്ഥയിലേക്ക് തള്ളിനീക്കപ്പെടുകയും ചെയ്യുന്നു. അസംഘടിത തൊഴിലാളികളുടെ പിന്നോക്കാവസ്ഥയ്ക്ക് നിരവധി ഘടകങ്ങൾ കാരണങ്ങളായുണ്ട്. അസംഘടിതരായി നിലനിൽക്കുന്നതിനാൽ നിയമ നിർമ്മാണ നിർവ്വഹണ സംവിധാനങ്ങളിൽ സമ്മർദ്ദം ചെലുത്താൻ കഴിയാത്തതിനാൽ മഹാഭൂരിപക്ഷം വരുന്ന ഈ വിഭാഗത്തിന്റെ ആവശ്യങ്ങളൊ താൽപര്യങ്ങളൊ സംരക്ഷിക്കപ്പെടുന്നവിധം നിയമ നിർമ്മാണമൊ നിർവ്വഹണ നടപടികളൊ ഉണ്ടാവുന്നില്ല. അതിവേഗം പാർശ്വവൽക്കരിക്കപ്പെടുന്ന അസംഘടിത മേഖലയിലെ തൊഴിലാളികളുടെ ശാക്തീകരണത്തിനും പ്രാപ്തീകരണത്തിനും സമർപ്പിതമായ പ്രസ്ഥാനമാണ് കേരള ലേബർ മൂവ്മെന്റ്. സി.ബി.സി.ഐ. ലേബർ കമ്മീഷന്റെ കീഴിലുള്ള വർക്കേഴ്സ്

www.malankaralibrary.com




ഇന്ത്യാ ഫെഡറേഷനിലെ (WIF) അംഗസംഘടനയാണ് കെ.എൽ. എം. ഇത് ഒരു രാഷ്ട്രീയ സംഘടനയോ, മതസംഘടനയോ, ട്രേഡ് യൂണിയനോ അല്ല. കെ.എൽ.എം. നൈയാമികമായി അംഗീകരിക്കപ്പെട്ട ഒരു സാമൂഹ്യ സന്നദ്ധ സംഘടന (NGO) യാണ്.

## കെ.എൽ.എം ചരിത്രം

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ വെളിച്ചത്തിൽ സഭയെ നവീകരിക്കുവാൻ 1968 ഡിസംബറിൽ ആലുവ സെമിനാരിയിൽ ഒരു സെമിനാർ നടന്നു. കേരളത്തിലെ 16 രൂപതകളിൽ നിന്നും 300 ഓളം പ്രതിനിധികൾ പങ്കെടുത്ത ഈ സമ്മേളനം തൊഴിലിനെയും തൊഴിലാളിയേയും കുറിച്ച് സമഗ്രമായി പഠിക്കുന്നതിനും കത്തോലിക്കാ നേതാക്കൾക്ക് ആവശ്യമായ പരിശീലനം നൽകുന്നതിനും തീരുമാനിച്ചു. 1974 ജനുവരി 25 മുതൽ 27 വരെയുള്ള ദിവസങ്ങളിൽ തൃശ്ശൂരിലുള്ള മെഡോണ സെഹിയോനയിൽ വച്ചാണ് കേരള ലേബർ മൂവ്മെന്റിന്റെ പിറവിക്ക് ഈറ്റില്ലമൊരുക്കിയ സമ്മേളനം നടന്നത്. മനുഷ്യന്റെ സമഗ്രവും സമ്പൂർണ്ണവും ആയ വളർച്ച സാധ്യമാക്കുന്നതിന് ക്രിയാത്മകമായി ഇടപെടാനും തൊഴിലാളികൾക്കിടയിൽ മനുഷ്യ വിമോചനത്തിനായി യത്നിക്കുവാനും ഈ സമ്മേളനം സഭയോട് അഭ്യർത്ഥിച്ചു.

തൃശൂർ അതിരൂപതയിലെ കാത്തലിക് ലേബർ അസോസിയേഷൻ ആയിരുന്നു ഈ സമ്മേളനത്തിന് നേതൃത്വം നൽകിയത്. തൃശൂർ സമ്മേളനത്തിന്റെ തീരുമാനങ്ങൾ പരിഗണിച്ച കെ.സി.ബി.സി. അഭിവന്ദ്യ ജോസഫ് പൗവ്വത്തിൽ പിതാവ് ചെയർമാനായും അഭിവന്ദ്യരായ ജോസഫ് കണ്ടുകുളം, ബർണാർഡ് പെരേര എന്നീ പിതാക്കന്മാരടങ്ങിയ ഒരു സമിതി രൂപീകരിക്കുകയും എല്ലാ രൂപതകളിലും ലേബർ ചാപ്ലെയിൻമാരെ നിയമിക്കാനും ആവശ്യപ്പെട്ടു. അതേ വർഷം തന്നെ ചങ്ങനാശ്ശേരിയിൽ വച്ച് ലേബർ ചാപ്ലെയിന്മാരുടെ പ്രഥമ യോഗം നടന്നു. 1976 ൽ തൃക്കാക്കരയിൽ വച്ചും 1977 ൽ പാലയിൽ വച്ചും വിവിധ രൂപതകളിലെ തൊഴിലാളി നേതാക്കളുടെ സമ്മേളനങ്ങൾ നടന്നു. 1977 ഒക്ടോബർ 23 മുതൽ 29 വരെ മഞ്ഞുമ്മൽ വർക്കേഴ്സ് സെന്ററിൽ വെച്ച് ഒരു സെമിനാർ നടന്നു. 17 രൂപതകളിൽ നിന്നും 65 തൊഴിലാളി നേതാക്കൾ ഈ സെമിനാറിൽ പങ്കെടുത്തു. തീരദേശത്തെ മത്സ്യതൊഴിലാളികളുടെയും മലയോര കർഷകത്തൊഴിലാളികളുടെയും ജീവൽ പ്രശ്നങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ സമ്മേളനം തീരുമാനിച്ചു. പ്രശ്നങ്ങളെ സംബന്ധിച്ച പഠനത്തിന് ഒരു സർവ്വേ നടത്തുന്നതിനും കാര്യനിർവ്വണത്തിനായി ഒരു അഡ്ഹോക്ക് കമ്മിറ്റിയേയും തിരഞ്ഞെടുത്തു. തുടർന്ന് കെ.സി.ബി.സി. ഫാ. തോമസ് തലച്ചിറയെ ഡയറക്ടറായി നിയമിക്കുകയും 1978 മെയ് ദിനത്തോടനുബന്ധിച്ച് ഒരു സംയുക്ത ഇടയലേഖനം പ്രസിദ്ധീകരിക്കുകയും ചെയ്തു.

www.malankaralibrary.com

1978 ജൂണിൽ പാലയിൽ വീണ്ടും സമ്മേളിച്ച് ഭരണഘടന തയ്യാറാക്കാൻ ഒരു സമിതിയെ ചുമതലപ്പെടുത്തി. ഈ സമിതി രൂപപ്പെടുത്തിയ ഭരണഘടനക്ക് കെ.സി.ബി.സി. താൽക്കാലിക അംഗീകാരം നൽകുകയും ചെയ്തു. പല രൂപതകളിലും ശക്തമായ തൊഴിലാളി മുന്നേറ്റങ്ങൾ പ്രകടമായി. പക്ഷെ സുവ്യക്തമായ നയസമീപനമോ പദ്ധതികളോ രൂപപ്പെടുത്താൻ കഴിയാതിരുന്നതു കൊണ്ടും സംസ്ഥാനതലത്തിലെ ഏകോപനരാഹിത്യം കൊണ്ടും ഈ മുന്നേറ്റങ്ങൾ ദുർബലമാവുകയും ക്രമേണ നിശ്ചലമാവുകയും ചെയ്തു.

## പുത്തൻ ദൗത്യവുമായി കെ.എൽ.എം

2000 ൽ അഭിവന്ദ്യ ബിഷപ്പ് ജോഷ മാർഇഗ്നാത്തിയൂസ് ലേബർ കമ്മീഷൻ ചെയർമാനായി നിയോഗിക്കപ്പെട്ടതിനെ തുടർന്ന് കെ.എൽ.എം. പ്രവർത്തനങ്ങൾ പുനഃസംഘടിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ ആരംഭിച്ചു. തൃശൂരിലെ സി.എൽ. എ.യുടെ പ്രവർത്തനങ്ങൾക്ക് നേതൃത്വം വഹിച്ചിരുന്ന ഫാ. ജോസ് വട്ടക്കുഴിയെ കെ.സി.ബി.സി. ലേബർ കമ്മീഷന്റെ സെക്രട്ടറിയായി നിയമിച്ചത് നിർണായകമായി. 2002 മാർച്ചിൽ കോഴിക്കോട്ടു വച്ചും, ഏപ്രിൽ മാസത്തിൽ തൃശൂരിൽ വച്ചും മെയ് മാസത്തിൽ തിരുവനന്തപുരത്തും മേഖലാ തലത്തിൽ കെ.എൽ.എം. പുനഃസംഘടിപ്പിക്കുന്നതിനുള്ള ആലോചനാ യോഗങ്ങൾ നടന്നു.

കോട്ടയത്ത് ജൂലൈ മാസത്തിലും, എറണാകുളത്ത് ആഗസ്റ്റിലും മേഖലാ സമ്മേളനങ്ങൾ നടന്നു. ഈ കാലയളവിൽ സി.ബി.സി.ഐ. ലേബർ കമ്മീഷൻ ചെയർമാനായി നിയോഗിക്കപ്പെടുകയും പകരം അഭിവന്ദ്യ ഡോ. ജോൺ തട്ടുങ്കൽ കെ.സി.ബി.സി. ലേബർ കമ്മീഷൻ ചെയർമാനായി നിയമിക്കപ്പെടുകയും ചെയ്തു. 2002 നവംബർ 21 ന് എറണാകുളത്ത് പി.ഒ.സി.യിൽ സംഘടിപ്പിച്ച രൂപതാ പ്രതിനിധികളുടെ യോഗം കേരള ലേബർ മൂവ്മെന്റിനെ പുനഃസംഘടിപ്പിക്കുകയും സംസ്ഥാന ഭാരവാഹികളെ തെരഞ്ഞെടുക്കുകയും ചെയ്തു.പി.എൽ. ജോർജ്ജ് (പ്രസിഡന്റ്), ജോസഫ് ജൂഡ് (ജനറൽ സെക്രട്ടറി) ബിന്നി പി ജോസഫ് (ട്രഷറർ) എന്നിവരായിരുന്നു പ്രധാന ഭാരവാഹികൾ. 2009 ൽ മാനന്തവാടി രൂപതാ മെത്രാൻ അഭിവന്ദ്യമാർ: ജോസ് പെരുന്നേടത്തെ കെ.സി.ബി.സി. ലേബർ കമ്മീഷൻ ചെയർമാനായി നിയമിച്ചു. ഇന്ന് കേരളത്തിലെ എല്ലാ രൂപതകളിലും കെ.എൽ.എം. പ്രവർത്തിച്ചുവരുന്നു.

## കെ.എൽ.എം.: ദർശനവും ലക്ഷ്യവും

ക്രിസ്തുദർശനങ്ങൾക്കും സഭാ കാഴ്ചപ്പാടുകൾക്കനുസരിച്ചും ഉള്ള കർത്തവ്യ നിർവ്വഹണമാണ് പ്രസ്ഥാനത്തിന്റെ ദർശനം. തൊഴിലാളികളുടെ ആദ്ധ്യാത്മികവും സാംസ്കാരികവും സാമ്പത്തികവും സാമൂഹികവുമായ പുരോഗതിക്കുവേണ്ടിയും തൊഴിലാളികളുടെയും കുടുംബത്തിന്റെയും ക്ഷേമത്തിനു വേണ്ടിയും പ്രവർത്തിക്കുക എന്നതാണ് കെ.എൽ.എമ്മിന്റെ ലക്ഷ്യം. പ്രസക്തവും സാമൂഹിക പ്രാധാന്യവുമുള്ള വിഷയങ്ങളിൽ കെ.എൽ.എം. പ്രവർത്തനങ്ങൾ കേന്ദ്രീകരിക്കുന്നു.

> ഈ നീക്കത്തോടുള്ള പ്രതിപ്രവർത്തനമായി ഏതാനും തൊഴിലാളികളെ അംഗങ്ങളാക്കി ഫാ. ജനിസീയൂസ് സി.എം.ഐ. തലോരിലുള്ള ആശ്രമത്തോടനുബന്ധിച്ച് കാത്തലിക് ലേബർ അസോസിയേഷൻ (CLA) രൂപീകരിച്ചു.

## തൊഴിലാളികളുടെ ശക്തീകരണം

സമകാലിക സാമൂഹിക സാമ്പത്തിക സാഹചര്യങ്ങൾ തൊഴിലാളികൾക്കു മുന്നിൽ ഉയർത്തുന്ന വെല്ലുവിളികൾ നേരിടാൻ തൊഴിലാളികളെ ശാക്തീകരിക്കുകയും പ്രാപ്തീകരിക്കുകയും ചെയ്യുകയെന്നത് കെ.എൽ.എം. ഏറ്റെടുക്കുന്ന പ്രധാന ചുമതലയാണ്. അറിവാണായുധമെന്ന തിരിച്ചറിവ് തൊഴിലാളികൾക്കുണ്ടാവണം. കമ്പോളത്തിന്റെ ചതിക്കുഴികളെ തിരിച്ചറിയുകയും, ജീവിതഗുണത്തിനും പുരോഗതിക്കും സഹായകരമായ തീരുമാനങ്ങൾ സ്വീകരിക്കുന്നതിന് തൊഴിലാളികൾ സജ്ജരാക്കപ്പെടണം. സ്വാശ്രയത്വത്തിന്റെ പുതിയ ശീലങ്ങളും അനുഭവങ്ങളും അവർ



www.malankaralibrary.com

സ്വന്തമാക്കണം. ജീവിതക്രമത്തിൽ പുനക്രമീകരണവും സംഘാടനവും ആവശ്യമാകുകയാണ്. പ്രതിരോധത്തിന്റെ പുത്തൻ ശീലങ്ങളും സംസ്ക്കാരവും പ്രചരിപ്പിക്കപ്പെടണം. സാമൂഹിക വിമോചന പ്രക്രിയയിൽ ഫലപ്രദമായ ആയുധമായി കണക്കാക്കപ്പെടുന്ന സ്വയം സഹായ സംഘങ്ങളാണ് കെ.എൽ. എം.ന്റെ അടിസ്ഥാന ഘടകങ്ങൾ. ഇവയാണ് തൊഴിലാളി ശാക്തീകരണത്തിന്റെ പ്രധാന വേദികൾ.

## സാമൂഹ്യ സുരക്ഷയുടെ ഗുണഭോക്താക്കൾ

ഓരോ മനുഷ്യവ്യക്തിയുടെയും സാമൂഹികസുരക്ഷയും ക്ഷേമവും രാഷ്ട്രത്തിന്റെ ചുമതലയാണ്. ഇത് പ്രത്യക്ഷമായും പരോക്ഷമായും ഉറപ്പാക്കുകയാണ് ഓരോ നിയമനിർമ്മാണത്തിലൂടെയും രാഷ്ട്രം ലക്ഷ്യം വയ്ക്കുന്നത്. എന്നാൽ ഇൻഡ്യയുടെ നിയമനിർമ്മാണ സംവിധാനങ്ങൾ രൂപം നൽകിയ നിയമങ്ങൾ ഇൻഡ്യയിലെ തൊഴിലാളികളിൽ മൂന്നു ശതമാനത്തിനു മാത്രമേ സുരഷ പ്രദാനം ചെയ്യുന്നുള്ളൂ. ഔദാര്യമെന്നവണ്ണം പ്രഖ്യാപിക്കപ്പെടുകയും നടപ്പിലാക്കപ്പെടുകയും ചെയ്യുന്ന പദ്ധതികളാകട്ടെ തൊഴിലാളികളിൽ ഭൂരിപക്ഷത്തിന് അപ്രാപ്യമാവുന്നു. സർക്കാരിന്റെയും ഇതര ഏജൻസികളുടെയും വിവിധ ക്ഷേമപദ്ധതികളുടെ ഗുണഭോക്താക്കളായി മുഴുവൻ തൊഴിലാളികളെയും മാറ്റുക എല്ലാ തൊഴിലാളികളെയും ഇൻഷൂറൻസ്/പെൻഷൻ സുരക്ഷാ പദ്ധതിയിൽ അംഗങ്ങൾ ആക്കുക കെ.എൽ.എം. ശ്രദ്ധവയ്ക്കുന്ന പ്രവർത്തനമാണ്.

## തൊഴിലാളികൾക്ക് വിദഗ്ദ്ധ പരിശീലനം

കാലോചിതമായ അറിവും പരിശീലനവും തൊഴിലാളികൾക്ക് ലഭ്യമാകേണ്ടതുണ്ട്. 2001 ൽ ആസൂത്രണ കമ്മീഷൻ തയ്യാറാക്കിയ രേഖയിൽ ഇൻഡ്യയിലെ തൊഴിലാളികളിൽ 44% പേർ നിരക്ഷരരത്രെ. 27% പേർ പ്രാഥമിക വിദ്യാഭ്യാസം മാത്രം നേടിയവരാണ്. 20 നും 24 നും മദ്ധ്യേ പ്രായമുള്ള തൊഴിലാളികളിൽ 5% മാത്രമാണ് വൊക്കേഷണൽ ട്രെയിനിംഗ് നേടിയിട്ടുള്ളത്. തൊഴിലാളികൾക്ക് വിദഗ്ദ്ധ പരിശീലനങ്ങളൊരുക്കുകയെന്നത് കെ.എൽ.എം. ഗൗരവത്തോടെ പരിഗണിക്കുന്നു. തൊഴിൽ അന്വേഷകരെയും തൊഴിൽ സ്ഥാപനങ്ങളെയും പരസപരം ബന്ധപ്പെടുത്തുന്ന പ്രവർത്തനത്തിലൂടെ അവസരങ്ങൾ തൊഴിൽ അന്വേഷകർക്ക് ലഭ്യമാക്കുക.

## പരിപോഷിപ്പിക്കപ്പെടുന്ന തൊഴിലാളി നേതൃത്വം

തൊഴിലാളികളുടെ നേതൃത്വത്തെ പരിപോഷിപ്പിക്കുകയും സാമൂഹിക ജീവിതത്തിലെ മുഖ്യധാരയിലേക്ക് അവരെ നയിക്കുകയും ലക്ഷ്യങ്ങളാണ്. തൊഴിലാളികളുടെ നേതൃത്വപരമായ കഴിവുകൾ പരിപോഷിപ്പിച്ചും ആത്മവിശ്വാസം വളർത്തിയും മെച്ചപ്പെട്ട ഒരു തൊഴിലാളി സമൂഹത്തെ രൂപപ്പെടുത്തുക, തൊഴിലാളികൾക്ക് ഗുണകരമായി നിയമനിർമ്മാണഭരണസംവിധാനത്തെ ചലിപ്പിക്കുന്ന സമ്മർദ്ദശക്തിയായി തൊഴിലാളി സമൂഹത്തെ രൂപപ്പെടുത്തുക എന്നിവ കെ.എൽ.എം ന്റെ ലക്ഷ്യങ്ങളാണ്. ■

www.malankaralibrary.com



# വിമോചനത്തിന്റെ രീതിശാസ്ത്രം

ഫാ. ജെയ്സൻ വടശ്ശേരി
*സെക്രട്ടറി, ലേബർ കമ്മീഷൻ & ഡയറക്ടർ കെ.എൽ.എം.*

അസംഘടിത തൊഴിലാളികളുടെ ഉന്നമനത്തിനും വിമോചനത്തിനും എന്തൊക്കെ ചെയ്യാനാവും? സഭയും സമൂഹവും ഏറ്റെടുക്കേണ്ട വിമോചന-വികസന പ്രവർത്തനങ്ങളിലേക്ക് വിരൽ ചൂണ്ടുന്ന ലേഖനം.

ദാരിദ്ര്യത്തിന്റെ ബഹുമുഖമാനങ്ങളെ പ്രകടിപ്പിക്കുന്ന വചനമാണ് "ദരിദ്രർ എപ്പോഴും നിങ്ങളോടുകൂടെയുണ്ട്" എന്ന വചനം (യോഹ 12:8). ബഥനിയായിൽ മറിയം നാർദീൻ തൈലംകൊണ്ട് യേശുവിന് പാദക്ഷാളനം ചെയ്ത് സ്നേഹത്തിന്റെ ധാരാളിത്തം കാണിക്കുന്നത് നോക്കി നില്ക്കുന്ന യൂദാസ് വലിയ വിമർശനം അഴിച്ചുവിടുന്നു; "ഇത് വിറ്റുകിട്ടുന്ന പണം ദരിദ്രസേവയ്ക്ക് ഉപയോഗിക്കാമായിരുന്നല്ലോ". പണക്കൊതിയനും ഒറ്റുകാരനുമൊക്കെയായ യൂദാസിന്റെ മനസ്സിന്റെ ദാരിദ്ര്യത്തെ തുറന്നു കാണിച്ചുകൊണ്ട് യേശു നടത്തിയ ഈ പ്രസ്താവന ദാരിദ്ര്യത്തെക്കുറിച്ചുള്ള വലിയ സൂചനയാണ്.

"ഇപ്പോൾ ലോകത്തുണ്ടാകുന്ന വിശപ്പിന്റേതാകുന്ന പ്രശ്നങ്ങൾ മുൻകാലങ്ങളേതിനെ അപേക്ഷിച്ച് അസഹനീയമാണ്. ഇത് ഇപ്പോഴത്തെ വിശപ്പിന് കാഠിന്യമേറിയതുകൊണ്ടല്ല; മറിച്ച് ഇപ്പോൾ വിശപ്പുണ്ടാകേണ്ടതിന്റെ ആവശ്യം ലോകത്തിനില്ല എന്നതുകൊണ്ടാണ്"–അമർത്യസെൻ. ഒരുവശത്ത് സമ്പത്തിന്റെ ധാരാളിത്തവും അതുമൂലമുള്ള ഉപഭോഗത്തിന്റെ ധൂർത്തും അരങ്ങുതകർക്കുമ്പോൾ മറുവശത്ത് ദാരിദ്ര്യത്തിന്റെ പുതിയമുഖങ്ങൾ പ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കുന്നു. ആയതിനാൽ ലോകത്തിൽ വിശപ്പിന്റെ പ്രശ്നം ദാരിദ്ര്യത്തിന്റെ മാത്രം പ്രശ്നമല്ല; അത് ധാർമ്മികതയുടെ പ്രശ്നംകൂടിയാണ് (മത്താ 25:35,37,42, സത്യത്തിൽ സ്നേഹം No: 27).

## എന്താണ് വികസനം?

മനുഷ്യവികസനമെന്നത്, സമൂഹത്തിൽ വ്യക്തിയുടെ സ്വാതന്ത്ര്യത്തിന്റെയും (Freedom), ക്ഷേമത്തിന്റെയും (Welfare), മഹത്വത്തിന്റെയും (Dignity) ചക്രവാളങ്ങൾ വികസ്വരമാകുന്നതാണ് – അമർത്യസെൻ. സ്വാതന്ത്ര്യം (Freedom) എല്ലാ തരത്തിലുമുള്ള ഇല്ലായ്മയിൽനിന്നുള്ള മോചനമാണ്. വിശപ്പിൽ നിന്നും രോഗത്തിൽ നിന്നും നിരക്ഷരതയിൽ നിന്നുമുള്ള മോചനം. ഈ സ്വാതന്ത്ര്യത്തിന്റെ പൂർണ്ണതയാകട്ടെ തനിക്കിഷ്ടപ്പെട്ട ഭരണാധികാരികളെ ജനാധിപത്യബോധത്തോടെ തിരഞ്ഞെടുക്കാനും തനിക്കിഷ്ടപ്പെട്ട രീതിയിലും ഭാവത്തിലും സാമൂഹിക

www.malankaralibrary.com




*തൊഴിലാളി മഹാസംഗമം റാലി, ഹൈകോർട്ട് മുതൽ ടൗൺഹാൾ വരെ*

സാമ്പത്തിക ഇടപെടലുകൾ നടത്താനും മനുഷ്യന് പ്രാപ്തി നല്കുന്നതിലാണ് അടങ്ങിയിരിക്കുന്നത്. ഇങ്ങനെ തന്റെ സ്വാതന്ത്ര്യത്തിന്റെ ചക്രവാളങ്ങൾ കൂടുതൽ വികസിതമാകുംതോറും മനുഷ്യൻ ഉത്തരോത്തരം ആത്മാഭിമാനം കൈവരിക്കുകയും തന്റെ അവകാശങ്ങളെക്കുറിച്ചും കടമകളെക്കുറിച്ചും കൂടുതൽ ബോധ്യങ്ങളുള്ളവനായി മാറുകയും ചെയ്യും. "ദരിദ്രരെ സുവിശേഷം അറിയിക്കുവാൻ അവിടുന്ന് എന്നെ അയച്ചിരിക്കുന്നു. ബന്ധിതർക്ക് മോചനവും അന്ധർക്ക് കാഴ്ചയും, അടിച്ചമർത്തപ്പെട്ടവർക്ക് സ്വാതന്ത്ര്യവും, കർത്താവിന് സ്വീകാര്യമായ വത്സരവും പ്രഖ്യാപിക്കാൻ എന്നെ അയച്ചിരിക്കുന്നു (ലൂക്ക 4:18).

## വികസനത്തിന്റെ രീതിശാസ്ത്രം

സ്വാതന്ത്ര്യത്തിന്റെ ചക്രവാളങ്ങൾ വികസ്വരമാക്കുകയാണ് വികസനമെങ്കിൽ; അത് നേടിയെടുക്കേണ്ടതാകട്ടെ അറിവിന്റെയും കഴിവിന്റെയും ശക്തിയാർജ്ജിക്കലിലൂടെയാകണം നടക്കേണ്ടത്. ഈ ശാക്തീകരണ പ്രക്രിയ വ്യക്തിതലത്തിലും വ്യക്തിഗത ബന്ധങ്ങളുടെ തലത്തിലും സംഭവിക്കേണ്ട യാഥാർത്ഥ്യങ്ങളാണ്. തൊഴിലാളി വിദ്യാഭ്യാസ ബോധവത്ക്കരണ പ്രവർത്തനങ്ങളും, തൊഴിലാളിയും സ്വഭാവരൂപീകരണ പ്രവർത്തനങ്ങളും തൊഴിൽ വൈദഗ്ദ്യം മെച്ചപ്പെടുത്താനുള്ള കർമ്മ പദ്ധതികളുമൊക്കെ വ്യക്തിപരമായ ശാക്തീകരണത്തിന്റെ മേഖലകളാണ്.

തൊഴിലാളികളെ ചെറുസംഘങ്ങളിൽ സംഘടിപ്പിച്ച് നേതൃത്വപരിശീലനം നൽകി സംഘാതമായ മുന്നേറ്റത്തിന് ശ്രമിക്കുന്നതിലൂടെ ഊഷ്മളമായ വ്യക്തിബന്ധങ്ങളിൽ ഏർപ്പെടാനും സാമൂഹിക ജീവിതത്തിൽ ക്രിയാത്മകമായ ഭാഗഭാഗിത്വം നേടുവാനും തൊഴിലാളിക്ക് കഴിയുന്നു. ഏതൊരു വികസന പരിപ്രേഷ്യവും പങ്കാളിത്ത സ്വഭാവത്തോടെ ആവിഷ്ക്കരിക്കപ്പെട്ടാൽ മാത്രമേ മൂല്യവർദ്ധിതമായ ഫലങ്ങൾ ഉളവാക്കുകയുള്ളൂ. ആയതിനാൽ പ്രാദേശിക തലങ്ങളിൽ ഉത്തരവാദിത്വപൂർണ്ണമായ പങ്കാളിത്തം ഉറപ്പുവരുത്തണമെങ്കിൽ തൊഴിലാളികളും സജ്ജീകൃതമായ നേതൃത്വവും പരസ്പര ബന്ധത്തിലൂടെ ഊഴംചേർന്ന് രൂപീകരിച്ചെടുക്കുന്ന സാമൂഹിക മൂലധനവും വേണ്ട പ്രാധാന്യത്തോടെ പ്രയോഗത്തിൽ കൊണ്ടുവരാൻ കഴിയണം.

## ക്ഷേമനിധികളും സാമൂഹ്യസുരക്ഷയും

ഇൻഡ്യയിലെ തൊഴിലാളികളിൽ 7% മാത്രം വരുന്ന സംഘടിത തൊഴിലാളികൾ മാത്രമാണ് തൊഴിൽ സുരക്ഷയും അനുഭവിക്കുന്നത്. 98% വരുന്ന അസംഘടിത തൊഴിലാളികൾക്കുവേണ്ടി 2009

www.malankaralibrary.com

ൽമാത്രമാണ് അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാനിയമം എന്നപേരിൽ ഒരു കേന്ദ്രനിയമം ഇദംപ്രഥമമായി നിലവിൽ വന്നത്. കേരളം പോലെയുള്ള സംസ്ഥാനങ്ങളിൽ തൊഴിലാളി കളുടെ ക്ഷേമത്തിനായി വിവിധതരം ക്ഷേമനിധികൾ നിലവിൽ ഉണ്ടെങ്കിലും തൊഴിലാളികൾ അതിൽ അംഗത്വം എടുക്കുന്നതിനും അതിൽനിന്ന് വേണ്ട വിധത്തിൽ പ്രയോജനം നേടുന്നതിനും ശ്രദ്ധിച്ചിട്ടില്ല. ക്ഷേമനിധികളിൽ തൊഴിലാളികൾക്ക് അംഗത്വംനേടി കൊടുക്കുന്നതിലൂടെയും അവർക്ക് ആനുകൂല്യങ്ങൾ നേടികൊടുക്കാൻ ആത്മാർത്ഥമായി ശ്രമിക്കുന്നതിലൂടെയും തൊഴിലാളി ശാക്തീകരണത്തിന്റെ പുതിയ മേച്ചിൽ പുറത്തേയ്ക്ക് ഇറങ്ങിച്ചെല്ലാനുള്ള സാധ്യതകൾ ലഭിക്കുകയാണ്.

## വർക്കേഴ്സ് ഫെസിലിറ്റേഷൻ സെന്ററുകൾ

അസംഘടിത തൊഴിലാളികളുടെ ക്ഷേമനിധികളെക്കുറിച്ചും ഗവൺമെന്റിന്റെ തൊഴിലാളികൾക്കു വേണ്ടിയുള്ള ക്ഷേമപദ്ധതികളെക്കുറിച്ചും ഇൻഷുറൻസ് വഴി ലഭിക്കാവുന്ന വിവിധ ആനുകൂല്യങ്ങളെ കുറിച്ചുമൊക്കെയുള്ള ആവശ്യമായ വിവരങ്ങൾ വർക്കേഴ്സ് ഫസിലിറ്റേഷൻ സെന്ററുകൾ വഴി ലഭിക്കും. ഓരോ രൂപതയിലെയും ലേബർ മൂവ്മെന്റ് ഓഫീസുകളാണ് വർക്കേഴ്സ് ഫസിലിറ്റേഷൻ സെന്ററുകളായി പ്രവർത്തിക്കുന്നത്. വിവിധ തൊഴിൽ നിയമങ്ങളെക്കുറിച്ചും വിവരാവകാശനിയമം ദേശീയ തൊഴിലിടപാട് പദ്ധതി നിയമം തുടങ്ങിയ തൊഴിലാളികൾക്ക് പ്രയോജനകരമായ നിയമങ്ങളോടനുബന്ധിച്ചുള്ള സൗജന്യ നിയമസഹായവും ഈ കേന്ദ്രങ്ങൾ വഴി ലഭ്യമാണ്.

## അന്യഭാഷാ തൊഴിലാളികൾക്ക് ഹെൽപ് ഡസ്ക്

കേരളത്തിലേക്കു ജോലി തേടി അന്യദേശത്തു നിന്നും എത്തുന്ന അന്യഭാഷാ തൊഴിലാളികളുടെ വിവരങ്ങൾ ശേഖരിക്കുകയും അവരെ ക്ഷേമനിധികളിലും അംഗങ്ങളാക്കുകയുമാണ് ഈ ഹെൽപ് സക്സസിന്റെ ഉദ്ദേശ്യം. അന്യദേശ തൊഴിലാളികളെ ചൂഷണം ചെയ്യുന്ന മധ്യവർത്തികളെ ഒഴിവാക്കി മെച്ചപ്പെട്ട കൂലി ഉറപ്പുവരുത്താനും ഹെൽപ് സക്സസിന്റെ പ്രവർത്തനം കളമൊരുക്കും.

## ഗ്രാമസഭകളിലെ പങ്കാളിത്തം

പഞ്ചായത്ത് രാജ് സംവിധാനങ്ങളിൽ ക്രിയാത്മകമായി ഇടപെടുന്നതിലൂടെ മാത്രമേ പ്രാദേശീക വികസനം കൈവരിക്കാൻ സാധിക്കുകയുള്ളൂ. അതിനാൽ ഗ്രാമസഭകളിലും പഞ്ചായത്ത് കർമ്മ സമിതികളിലും തൊഴിലാളികളുടെ ഗുണപരമായ പങ്കാളിത്തം ഉറപ്പുവരുത്തണം. പദ്ധതി വിഹിതം (plan fund) കാര്യമായി ഉപയോഗപ്പെടുത്താനും പഞ്ചായ ത്തിന്റെ ക്ഷേമപ്രവർത്തനങ്ങളിൽ ദിശാബോധ ത്തോടെ ഇടപെടാനും യഥാർത്ഥഗുണഭോക്താക്കളെ പദ്ധതിനിർവ്വഹണത്തിൽ പങ്കാളികളാക്കി വികസനം സാധാരണക്കാരിലേയ്ക്ക് എത്തിക്കാനും തൊഴിലാളികളെ സജ്ജരാക്കുകയാണ് പ്രധാനം.

**ക്ഷേമനിധികളിൽ തൊഴിലാളികൾക്ക് അംഗത്വംനേടി കൊടുക്കുന്നതിലൂടെയും അവർക്ക് ആനുകൂല്യങ്ങൾ നേടി കൊടുക്കാൻ ആത്മാർത്ഥമായി ശ്രമിക്കുന്നതിലൂടെയും തൊഴിലാളി ശാക്തീകരണത്തിന്റെ പുതിയ മേച്ചിൽ പുറത്തേയ്ക്ക് ഇറങ്ങിച്ചെല്ലാനുള്ള സാധ്യതകൾ ലഭിക്കുകയാണ്.**

തൊഴിലാളികളെ ശാക്തീകരിക്കുക, തൊഴിലാളികളെ ക്ഷേമനിധികളിലും, വികസനപദ്ധതികളിലും പങ്കാളികളാക്കി സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുക, ഗ്രാമസഭകളെ തൊഴിലാളി പങ്കാളിത്തത്തിന്റെ ശ്രേണികളാക്കി മാറ്റുക, തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ വികസനത്തിന്റെ പുതിയ പരിപ്രേക്ഷ്യം തീർക്കാൻ ശ്രമിക്കുകയാണ് കെ. എൽ. എം. ■

www.malankaralibrary.com



# കെ.എൽ.എം. ഇടപെടലുകൾ

ബിന്നി പി ജോസ്
*ജനറൽ സെക്രട്ടറി, കെ.എൽ.എം.*

കേരള ലേബർ മൂവ്മെന്റ് എന്ന സംഘടന കേരളത്തിൽ നേതൃത്വം കൊടുക്കുന്ന പ്രധാന സാമൂഹ്യഇടപെടലുകൾ ഏതൊക്കെയാണ്? തൊഴിലാളികളുടെയും തൊഴിൽ മേഖലയുടെയും ഉന്നമനത്തിന് എന്തൊക്കെ ചെയ്യാനാവും?

തൊഴിലാളികളുടെ സമഗ്രമായ പുരോഗതി ലക്ഷ്യംവച്ചുകൊണ്ട് അവരുടെ സംഘാടനത്തിലും ശാക്തീകരണത്തിലും കെ. എൽ. എം. ശ്രദ്ധിക്കുന്നു. ട്രേഡ് യൂണിയൻ പ്രവർത്തനങ്ങൾക്ക് ഒരു പുതിയ മാനവും പൂർണ്ണതയും നല്കുന്നതിന് കെ. എൽ. എം. ഊന്നൽ നല്കുന്നു. നൈയ്യാമികമായി അംഗീകരിക്കപ്പെട്ട ഒരു സാമൂഹ്യ സന്നദ്ധതാ സംഘടനയാണ് കെ. എൽ. എം. എന്നാൽ തൊഴിലാളിക്ഷേമത്തിന് ട്രേഡ് യൂണിയൻ പ്രവർത്തനവും അവശ്യം വേണ്ടിവരുന്നതിനാൽ കെ. എൽ. എം. ന്റെ പ്രേരണയിൽ രണ്ട് ട്രേഡ്യൂണിയനുകൾ രജിസ്റ്റർ ചെയ്ത് സ്വതന്ത്രമായി പ്രവർത്തിക്കുന്നു.

## സ്വതന്ത്ര നിർമ്മാണത്തൊഴിലാളി യൂണിയൻ

കൊച്ചിരൂപതയിലെ കെ. എൽ. എം. ആണ് ഈ ട്രേഡ് യൂണിയൻ രൂപീകരിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തിയത്. എറണാകുളം ജില്ലയിൽ ആരംഭിച്ച് ഇന്ന് കേരളം മുഴുവൻ ഇതിന്റെ പ്രവർത്തനം വ്യാപിച്ചു കഴിഞ്ഞു. തൊഴിലാളികളുടെ സാമൂഹ്യസുരക്ഷക്കു ഊന്നൽ നല്കുന്ന SWTO കെട്ടിടനിർമ്മാണ തൊഴിലാളി ക്ഷേമനിധിയിൽ ഇവർക്ക് അംഗത്വവും നേടിക്കൊടുക്കുന്നു. ഇവരെ തുടർച്ചയായി അനുധാവനം ചെയ്ത് അവകാശങ്ങൾ നേടിയെടുക്കുന്നതിനും സഹായിക്കുന്നു.

## കേരള ടെയ്ലറിങ് വർക്കേഴ്സ് ഫെഡറേഷൻ

ഭവനങ്ങൾ കേന്ദ്രീകരിച്ച് തയ്യൽ (KTWF) വേല ചെയ്യുന്നവർ ധാരാളമാണ്. ഇവർക്ക് ക്ഷേമനിധി അംഗത്വം ലഭിക്കുന്നതിന് ഏതെങ്കിലും ട്രേഡ് യൂണിയന്റെ പ്രവർത്തനം ആവശ്യമാണ്. ഈ സാഹചര്യമാണ് KTWF രൂപീകരിക്കുവാൻ കെ. എൽ. എം. വരാപ്പുഴ അതിപരൂപതാ ഘടകം മുൻകൈ എടുത്തത്.

## ഡൊമസ്റ്റിക് വർക്കേഴ്സ് ഫോറം (DWF)

ഗാർഹിക ജോലികളിൽ സഹായിക്കുന്നവരെ തൊഴിലെടുക്കുന്നവർ എന്നു പരിഗണിക്കാതിരുന്ന സാഹചര്യത്തിൽ ഗാർഹികത്തൊഴിലാളികളെ സംഘ

www.malankaralibrary.com




ടിപ്പിക്കുന്നതിനായി DWF രൂപീകരിക്കപ്പെട്ടു. എറണാകുളത്തു മാത്രം 6000 ലധികം തൊഴിലാളികൾ ജാതി മത ഭേദമില്ലാതെ ഇതിൽ അംഗത്വം നേടിക്കഴിഞ്ഞു. കണ്ണൂർ, കോഴിക്കോട്, ഇരിങ്ങാലക്കുട, കോട്ടയം എന്നിവിടങ്ങളിലും ഈ ഫോറത്തിന്റെ പ്രവർത്തനങ്ങൾ സജീവമാണ്.

തിരുവനന്തപുരത്ത് കാട്ടാക്കടയിലും സമീപ പ്രദേശങ്ങളിലുമുള്ള ഈറ്റത്തൊഴിലാളികളെ 'സ്വയം സഹായസംഘങ്ങൾ' ആയി രൂപീകരിച്ചിട്ടുണ്ട്. കേരള ബാംബൂ വികസന കോർപ്പറേഷന്റെ പ്രദർശന മേളകളിൽ വില്പന സ്റ്റാളുകൾ നടത്തുവാൻ കെ. എൽ. എം. ഈ സംഘങ്ങളെ സഹായിക്കുന്നു. കൂടാതെ മത്സ്യത്തൊഴിലാളികൾ, കയർ തൊഴിലാളികൾ, പാദരക്ഷാതൊഴിലാളികൾ, പീടികത്തൊഴിലാളികൾ തുടങ്ങിയവർക്കും സംഘങ്ങൾ രൂപികരിക്കുവാൻ വിവിധരൂപതകളിലെ കെ. എൽ. എം. ഘടങ്ങൾ ശ്രദ്ധിക്കുന്നു.

## അസംഘടിത തൊഴിലാളി-സാമൂഹ്യ സുരക്ഷാനിയമം

ഇൻഡ്യൻ നിയമവ്യവസ്ഥയുടെ പരിരക്ഷ ലഭിക്കാത്തവരാണ് അസംഘടിത തൊഴിലാളികൾ. സ്വാതന്ത്ര്യം നേടിയിട്ട് അരനൂറ്റാണ്ടിലേറെ കഴിഞ്ഞിട്ടും രാജ്യത്തെ മഹാഭൂരിപക്ഷം വരുന്ന ഇവരുടെ സാമൂഹ്യ സുരക്ഷ നിയമനിർമ്മാണത്തിലൂടെ സംരക്ഷിക്കപ്പെട്ടിരുന്നില്ല. ഇതിനായി 2003 ൽ സാമൂഹ്യ സുരക്ഷ നിയമനിർമ്മാണനടപടികൾ ആരംഭിച്ചു. ഈ പ്രക്രിയ ത്വരിതപ്പെടുത്തുന്നതിന് കെ. എൽ. എം. ഏറെ പരിശ്രമിച്ചു. കേരളമൊട്ടാകെ പ്രചരണം സംഘടിപ്പിച്ചതും നിയമത്തിലെ വ്യവസ്ഥകൾ പൊതുവേദികളിൽ ചർച്ചകൾ നടത്തിയതും, നിയമനിർമ്മാണം ദ്രുതഗതിയിലാക്കുന്നതിനു സർക്കാരിൽ സമ്മർദ്ദം ചെലുത്തിയതും ഇതിന്റെ ഭാഗമായാണ്. സി. ബി. സി. ഐ. ലേബർ കമ്മീഷന്റെ ദേശീയ പ്രചരണ പരിപാടിയിൽ പങ്കുചേർന്ന് ഒരു ലക്ഷം പേർ ഒപ്പിട്ട ഭീമഹർജി കേന്ദ്രസർക്കാരിന് നല്കി. 2009 ഡിസംബർ 18 ന് ലോകസഭ അസംഘടിത തൊഴിലാളികൾക്കായുള്ള സാമൂഹ്യസുരക്ഷാ നിയമം പാസ്സാക്കി.

## എംപ്ലോയ്മെന്റ് ഡാറ്റാ ബാങ്കുകൾ

തൊഴിൽ ദാതാക്കളെയും തൊഴിൽ അന്വേഷകരേയും പരസ്പരം ബന്ധിപ്പിക്കുന്ന ഇലക്ട്രോണിക് എംപ്ലോയ്മെന്റ് ഡാറ്റാ ബാങ്ക് കെ. എൽ. എമ്മിന്റെ ശ്രദ്ധേയമായ പ്രവർത്തനങ്ങളിൽ ഒന്നാണ്. www. keralalabour.org; www.jobtech.in എന്നീ രണ്ടു പോർട്ടലുകളിലും തൊഴിലന്വേഷകർക്ക് സൗജന്യ

www.malankaralibrary.com




മായി പേര് രജിസ്റ്റർ ചെയ്യുവാനുള്ള സൗകര്യം ഉണ്ട്.

## ‘സുവിധ’ വിപണനശൃംഖല

നിത്യോപയോഗ സാധനങ്ങൾ വിലക്കുറവിൽ ലഭിക്കുന്നതിനായി കെ. എൽ. എമ്മിന്റെ നേതൃത്വത്തിൽ ‘സുവിധ’ രൂപീകരിക്കപ്പെട്ടു. എറണാകുളം നഗരപ്രാന്തത്തിലെ 200 സ്വാശ്രയസംഘങ്ങൾ സുവിധയിൽ പങ്കാളികളാണ്. ഉപഭോക്താക്കൾക്ക് നിത്യോപയോഗസാധനങ്ങൾ ന്യായമായ വിലയ്ക്ക് ലഭ്യമാക്കുമ്പോൾ സംഘങ്ങൾക്ക് വിപണിയും തുറന്നുകിട്ടുന്നു. ചെറുകിട വ്യാപാരമേഖല കൈയ്യടക്കിക്കൊണ്ടിരിക്കുന്ന വൻ കുത്തകകൾക്കെതിരെ തൊഴിലാളികൾ ഉയർത്തുന്ന പ്രതിരോധ പരീക്ഷണമാണ് ‘സുവിധ’.

## മത്സ്യത്തൊഴിലാളി നിയമങ്ങൾ

കടൽ, കടൽത്തീരം, മത്സ്യസമ്പത്ത് എന്നിവയുടെ സംരക്ഷണം, നിയന്ത്രണം, പരിപാലനം തുടങ്ങിയ പ്രഖ്യാപിത ലക്ഷ്യങ്ങളോടെയാണ് കേന്ദ്രസർക്കാർ പുതിയ നിയമങ്ങൾ കൊണ്ടുവന്നത്. പക്ഷേ, തീരദേശപരിപാലന നിയമത്തിലെയും മത്സ്യബന്ധന നിയന്ത്രണ പരിപാലനനിയമത്തിലെയും വ്യവസ്ഥകൾ മത്സ്യത്തൊഴിലാളികളുടെയും തീരദേശവാസികളുടെയും മൗലികാവകാശങ്ങളെ ധ്വംസിക്കുന്നവയാണ്. അതിനാൽ ഈ നിയമങ്ങളെക്കുറിച്ച് സമഗ്രമായി പഠിക്കുന്നതിനും ഭേദഗതികൾ നിർദ്ദേശിച്ച് ബന്ധപ്പെട്ട മന്ത്രാലയങ്ങൾക്ക് നിവേദനങ്ങൾ സമർപ്പിക്കുന്നതിനും കെ. എൽ. എം. മുൻകൈയ്യെടുത്തു. തദ്ദേശ സ്വയംഭരണ നേതാക്കൾക്കുവേണ്ടി ഈ നിയമങ്ങളെക്കുറിച്ച് സെമിനാറുകൾ സംഘടിപ്പിക്കുകയും നിയമത്തിലെ വ്യവസ്ഥകൾക്കെതിരെ പൊതുവികാരം ഉണർത്തുന്നതിന് സംസ്ഥാന തലത്തിൽ ബോധവത്ക്കരണം നടത്തുകയും ചെയ്തു.

## തോട്ടം തൊഴിലാളികൾക്കൊപ്പം

പീരുമേട്ടിലേയും ബോണക്കാട്ടെയും തേയില ത്തോട്ടങ്ങൾ അടച്ചുപൂട്ടിയപ്പോൾ ഉണ്ടായ പ്രതിസന്ധിയെ നേരിടുവാൻ കെ. എൽ. എം. തൊഴിലാളികൾക്കുവേണ്ടി ക്രിയാത്മകമായ ഇടപെടലുകൾ നടത്തി. വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റിയും നെയ്യാറ്റിൻകരയിലെ നിഡ്സും ഈ സംരംഭത്തിൽ പങ്കുചേർന്നു. പീരുമേട് പ്രദേശത്തെ വൈദികർ, സാമൂഹ്യസന്നദ്ധതാ പ്രവർത്തകർ, ട്രേഡ് യൂണിയൻ നേതാക്കൾ എന്നിവരുമായി പലവട്ടം ചർച്ചകൾ നടത്തി, തോട്ടം തൊഴിലാളികളുടെ അവകാശപത്രിക തയ്യാറാക്കി.

തൊഴിൽ വകുപ്പുമന്ത്രി പി. കെ. ഗുരുദാസനുമായി രണ്ടു തവണ ചർച്ചനടത്തി പ്രശ്നപരിഹാരത്തിനുള്ള നിർദ്ദേശങ്ങൾ സമർപ്പിച്ചു. എറണാകുളത്തും തിരുവനന്തപുരത്തും നടത്തിയ ശ്രദ്ധ ക്ഷണിക്കൽ സമ്മേളനവുംകൂടി ആയപ്പോൾ എല്ലാവരും ജാഗരൂകരായി. അവകാശപത്രികയിലെ പല ആവശ്യങ്ങളും അംഗീകരിക്കപ്പെട്ടതിന്റെ ഫലമായി സർക്കാരിന്റേയും തദ്ദേശ ഭരണസ്ഥാപനങ്ങളുടെയും ആശ്വാസനടപടികളും തൊഴിലാളികൾക്ക് ഏറെ ഗുണകരമായി. ■

> തൊഴിൽ ദാതാക്കളെയും തൊഴിൽ അന്വേഷകരേയും പരസ്പരം ബന്ധിപ്പിക്കുന്ന ഇലക്ട്രോണിക് എംപ്ലോയ്മെന്റ് ഡാറ്റാ ബാങ്ക് കെ. എൽ. എമ്മിന്റെ ശ്രദ്ധേയമായ പ്രവർത്തനങ്ങളിൽ ഒന്നാണ്.

www.malankaralibrary.com



# പണിക്കുറ്റപ്പാടുകൾ

ഡോ. മാത്യു ഇല്ലത്തുപറമ്പിൽ
*മോറൽ തിയോളജി പ്രൊഫസർ, മംഗലപ്പുഴ*

കേരളത്തിലെ ഏറ്റവും രൂക്ഷമായ സാമ്പത്തിക പ്രശ്നം തൊഴിലില്ലായ്മയല്ല. ആയിരുന്നെങ്കിൽ ലക്ഷകണക്കിന് അന്യസംസ്ഥാനക്കാർക്ക് കേരളത്തിൽ ജോല്യലഭ്യമാകുമായിരുന്നില്ല. കേരളത്തിന്റെ പ്രധാന പ്രശ്നം മെച്ചപ്പെട്ട തൊഴിൽ സംസ്കാരത്തിന്റെ അഭാവമാണ്.

ഇക്കാലത്ത് ജീവിതത്തിന്റെ പര്യായമായി മാറിയിട്ടുള്ള പദമാണ് ജോലി; ജോലിയില്ലാത്തവർക്ക് ഫലത്തിൽ ജീവിതമില്ല. അവരുടെ ജീവിതം ആരുടെയൊക്കെയോ ഭിക്ഷയായി മാറുന്നു. പക്ഷേ തൊഴിലില്ലായ്മയല്ല കേരളത്തിലെ ഏറ്റവും രൂക്ഷമായ സാമ്പത്തിക പ്രശ്നം. ആയിരുന്നെങ്കിൽ ലക്ഷക്കണക്കിന് അന്യസംസ്ഥാനക്കാർക്ക് തൊഴിൽ കൊടുക്കാൻ നമുക്ക് കഴിയുമായിരുന്നില്ല. യഥാർഥ പ്രശ്നം നമുക്കിവിടെ ലഭ്യമായ തൊഴിലുകളും നമ്മുടെ ജീവിതവും തമ്മിൽ പലപ്പോഴും കലഹിക്കുന്നു എന്നതാണ്. അതുകൊണ്ട് പഠിച്ച് എങ്ങനെയെങ്കിലും പുറത്തുകടക്കണം എന്ന ചിന്തയോടെയാണ് ബുദ്ധിയുറച്ച ഭൂരിപക്ഷം വിദ്യാർഥികളും സ്കൂളിനകത്തേക്ക് കയറുന്നതുതന്നെ. ഇതിന്റെയൊക്കെ അടിസ്ഥാന കാരണങ്ങൾ കുറച്ചു സാമ്പത്തികവും കൂടുതൽ സാംസ്ക്കാരികവുമാണ്. അവയിൽ ചിലത് നമ്മുടെ സത്വര ശ്രദ്ധയും സാമൂഹിക പ്രതികരണങ്ങളും അർഹിക്കുന്നു.

## പഠിച്ചതൊന്ന്, പാടുന്നത് വേറൊന്ന്

തൊഴിലിനെയും ജീവിതത്തെയും മുന്നിൽകണ്ടായിരുന്നില്ല നമ്മുടെ നാട്ടിൽ അടുത്തകാലംവരെയും വിദ്യാഭ്യാസക്രമം രൂപപ്പെടുത്തിയിരുന്നത്. വിദ്യാഭ്യാസരംഗത്തെ ഭാവനാശൂന്യമായ നടപടികളുടെ ഇരയായി പഴയ തലമുറകൾ കടന്നുപോയി എന്നതാണ് വാസ്തവം. അടുത്ത കാലത്ത് തൊഴിലധിഷ്ഠിത വിദ്യാഭ്യാസം എന്ന നിലപാടും രീതികളും വന്നിട്ടുണ്ട് എന്നത് ശരിയാണ്. എങ്കിലും വ്യക്തിപരമായ അഭിരുചിയും കിട്ടുന്ന ജോലിയും തമ്മിൽ പൊരുത്തപ്പെടാത്ത സ്ഥിതിയാണിന്നും. കണക്ക് പഠിച്ചയാൾ ഇംഗ്ലീഷ് പഠിപ്പിക്കുന്നു. കൃഷിയിൽ അഭിരുചിയുള്ളയാൾക്ക് ഒടുവിൽ പൊലീസുകാരനാകേണ്ടിവരുന്നു. മെക്കാനിക്കാകാൻ വാസനാഗുണമുള്ളവനെ മെഡിക്കൽ കോളജിലേക്ക് കയറ്റിവിടുന്നു. തൊഴിൽ രംഗത്തെ താളംതെറ്റലുകൾ തുടങ്ങുന്നതിവിടെയാണ്.

## പണിയെടുക്കാത്ത പണിക്കാർ

വാങ്ങുന്ന ശമ്പളത്തിന് ആനുപാതികമായി പണിയെടുക്കാത്ത ജോലിക്കാരെക്കുറിച്ചുള്ള പരാതികൾ സുലഭമാണിവിടെ. സർക്കാർ ജീവനക്കാരെക്കുറിച്ചാകുമ്പോൾ ഈ ആക്ഷേപത്തിന് കട്ടികൂടുതലാണുതാനും. മറയ്ക്കാൻ വയ്യാത്ത

www.malankaralibrary.com



തെളിവായി ഓഫീസുകളിലെ കാലിക്കസേരകൾ പലപ്പോഴും മാദ്ധ്യമക്കണ്ണുകളിലും പെടാറുണ്ട്. എല്ലാ ജോലിക്കാർക്കും ആക്ഷേപകരമായ ഒരു സാമാന്യ വൽക്കരണം ഈ വിഷയത്തിൽ നീതിയാവുകയില്ല. പക്ഷേ വാങ്ങുന്ന ശമ്പളവും ചെയ്യുന്ന ജോലിയും തമ്മിലുള്ള പൊരുത്തമില്ലായ്മ അവഗണിക്കാനാ വാത്ത പ്രശ്നം തന്നെയാണ്. സർക്കാർ വരുമാന ത്തിന്റെ സിംഹഭാഗവും ജീവനക്കാർക്കുള്ള ശമ്പളവും ആനുകൂല്യങ്ങളും പെൻഷനുമായി മാറ്റിവയ്ക്കുന്ന ഒരു സമൂഹത്തിലാണിതെന്ന് ഓർക്കണം. തൊഴിലാളി മിനുങ്ങുന്നു; തൊഴിൽദാതാവായ സർക്കാരാ കട്ടെ ശോഷിക്കുന്നു. എന്നാൽ സ്വകാര്യ മേഖലയിൽ മിക്കപ്പോഴും നേരെ മറിച്ചാണ് കാര്യങ്ങൾ. നൂറു രൂപ കൂലികൊടുത്താൽ നൂറ്റമ്പതിന്റെ പണിയെടുപ്പിക്കും. തൊഴിലാളി മെലിയുന്നു; മുതലാളി കൊഴുക്കുന്നു. തൊഴിലാളികളുടെ ന്യായമായ അവകാശങ്ങൾ മേടി ച്ചെടുക്കാൻ കഴിഞ്ഞത് തൊഴിലാളി സംഘടനകളുടെ നേട്ടമാണ്. എന്നാൽ പണിയെടുത്തിട്ടേ കൂലി വാങ്ങാ വൂ എന്ന് ഉറപ്പിക്കാൻ കഴിയാത്തത് തൊഴിൽ സംഘട നകളുടെ പരാജയമാണ്. നോക്കുകൂലിക്കുവേണ്ടി വാദിക്കുന്നവരാകട്ടെ, തൊഴിൽ സംസ്ക്കാരത്തെ തന്നെ തകർക്കുന്നു.

## പ്രതിഫലത്തിലെ ഏറ്റക്കുറച്ചിലുകൾ

പ്രതിഫലക്കാര്യത്തിൽ അന്യായമായ ഏറ്റക്കുറച്ചി ലുകൾ ഇന്ന് നിലവിലുണ്ട്. സ്വകാര്യ മേഖലയിലെ ഉയർന്ന നിലയിലുള്ള ജോലിക്കാർക്ക് ഭീമമായ തോതിലാണ് ശമ്പളം. എന്നാൽ താഴ്ന്ന നിലയിലെ ജോലിക്കാർക്ക് നക്കാപ്പിച്ച വേതനമാണ്. സ്വകാര്യ മേഖലയിൽ ഡോക്ടർക്ക് പ്രതിമാസം മൂന്ന് ലക്ഷം രൂപ ശമ്പളം കൊടുക്കാൻ മടിയില്ല. പക്ഷേ നഴ്സി നാകുമ്പോൾ ശമ്പളം മൂവായിരം രൂപയിൽ വന്ന് മുട്ടി നില്ക്കുകയേയുള്ളൂ. ഇതിലധികം പണം കിട്ടും ഏത് കൂലിപ്പണിക്കാരിക്കും. ശരിയാണ്, പല ഘടകങ്ങൾ ഈ വ്യത്യാസങ്ങൾക്ക് പിന്നിലുണ്ട്. എങ്കിൽപോലും ഇത്തരം വ്യത്യാസങ്ങൾ അന്യായമാണ്. വിവിധതരം ജോലിക്കാർ തമ്മിൽ ശമ്പളത്തിൽ എത്രയിരട്ടി വ്യത്യാസമാകാം എന്നത് ചിന്താവിഷയമാകേണ്ട താണ്.

ഭീമമായ ശമ്പളം കൊടുക്കുന്ന ഉറപ്പാക്കുന്ന തൊഴി ലുകൾ മറ്റു പല സേവന മേഖലകളെയും അനാകർ ഷകമാക്കുന്നു. ഉദാഹരണത്തിന്, ബഹിരാകാശ ഗവേഷണത്തിനുള്ള ഇന്ത്യൻ സ്ഥാപനമാണ് ഐ എസ്. ആർ. ഒ. അവിടുത്തെ ഡയറക്ടർക്ക് കിട്ടുന്ന ശമ്പളത്തിനൊപ്പം ഐ. ടി രംഗത്തെ ചെറുപ്പക്കാര നായ മദ്ധ്യനിര മാനേജർക്കും കിട്ടും ശമ്പളം. പിന്നെ ആരു പോകും ശൂന്യാകാശ ഗവേഷണത്തിന്?

## തൊഴിലിലെ ജാതിചിന്ത

ചില ജോലികൾക്ക് ആഢ്യത്വവും മറ്റു ചിലതിന് പതിത്വവും കല്പിക്കുന്ന സമൂഹമാണ് നമ്മുടേത്. തൊഴിൽ ഇനങ്ങളനുസരിച്ച് അദ്ധ്വാനത്തിന് മാന്യത

> ചില ജോലികൾക്ക് ആഢ്യത്വവും മറ്റു ചിലതിന് പതിത്വവും കല്പിക്കുന്ന സമൂഹമാണ് നമ്മുടേത്. തൊഴിൽ ഇനങ്ങളനുസരിച്ച് അദ്ധ്വാനത്തിന് മാന്യത കല്പിക്കുന്നതിൽ ജാതിചിന്തയുടെ സ്വാധീനം ഉണ്ടെന്ന് പറയാതെ തരമില്ല.

കല്പിക്കുന്നതിൽ ജാതിചിന്തയുടെ സ്വാധീനം ഉണ്ടെന്ന് പറയാതെ തരമില്ല. മണ്ണിൽതൊട്ടുള്ള പണി യൊക്കെ ഹീനവേലയായി കണക്കാക്കുന്ന സമൂഹ



www.malankaralibrary.com

ത്തിൽ പഠനശേഷം ഞാൻ കൃഷിപ്പണിക്കു പോകുന്നു എന്നാരും പറയാൻ ധൈര്യപ്പെടുകയില്ല.

പണികളിലെ പരമപദം ഭൂലോകത്തിലെങ്ങുമില്ലാത്തവിധം ഡോക്ടർമാർക്കും എഞ്ചിനീയർമാർക്കും കല്പിച്ചിരിക്കുന്ന നാടാണ് നമ്മുടേത്. ഉയർന്ന ശമ്പളത്തോടൊപ്പം കിട്ടുന്ന സാമൂഹ്യ മാന്യതയാണതിന്റെ പ്രധാന കാരണം. പക്ഷേ എല്ലാ തൊഴിലും ഇതുപോലെ മാന്യമാണ്. മനുഷ്യമഹത്വത്തെയും ചെയ്യുന്ന തൊഴിലിനത്തെയും വേർതിരിക്കാൻ നാം ഇനിയും പഠിക്കേണ്ടിയിരിക്കുന്നു.

## ജോലിയിലെ ആത്മീയത

ജോലിയെ ആത്മീയജീവിതത്തിന്റെ ഭാഗമാക്കുന്ന ദൈവശാസ്ത്രം നമ്മുടെ നാട്ടിൽ വളർന്നിട്ടില്ല എന്നു വേണം പറയാൻ. ജോലിക്കിപ്പോഴും ഒരുതരം ശിക്ഷയുടെ സ്വഭാവമാണ് നാം കല്പിച്ചുകൊടുത്തിട്ടുള്ളത്. പണിയെടുക്കേണ്ടി വരുന്നത് പാപത്തിന്റെ ശിക്ഷയായിട്ടാണ് പഴയ നിയമ കല്പന. പക്ഷേ ക്രിസ്തു ഈ സങ്കല്പത്തെ ഭാവാത്മകമായി മാറ്റിയെഴുതി. നമ്മുടെ നാട്ടിലെ ഫ്യൂഡലിസത്തിൽ ജോലിക്കാർ കീഴാളന്മാരായിരുന്നു. മേലാളന്മാർക്ക് മുറുക്കിത്തുപ്പിയിരുന്നാൽ മതി. തൽഫലമായി ജോലിയെടുക്കാതിരിക്കലാണ് ആഢ്യത്തവും സുഖകരവും എന്ന പ്രതിലോമ ചിന്തയാണിവിടെ വളർന്നത്. അവനവന്റെ സ്വയം പൂർത്തീകരണത്തിന്റെയും സമൂഹനിർമ്മിതിയുടെയും അവശ്യഭാഗമായി ജോലിയെ കാണാൻ തുടങ്ങുമ്പോഴേ ജോലിയിൽ അഭിമാനിക്കുന്ന ഒരു ജനത ഉണ്ടാകുകയുള്ളൂ.

## പണിയിലെ സേവനാംശം

ജീവനാംശം നേടാനുള്ള മാർഗ്ഗം മത്രമല്ല ജോലി. ഏതൊരു ജോലിയും സാമൂഹിക സേവനംകൂടിയാണ്. കൃഷിപ്പണി അനേകരെ തീറ്റിപ്പോറ്റാനുള്ള ഉദ്യമത്തിലുള്ള ഒരുവന്റെ പങ്കാളിത്തമാണ്. അവശ്യവസ്തുക്കൾ എല്ലാവർക്കും എത്തിച്ചുകൊടുക്കുന്ന കച്ചവടക്കാരൻ സാമൂഹിക സേവനത്തിൽ നിരതനാണ്. ഓഫീസുകളിൽ ജോലിചെയ്യുന്നവരും മാനവസേവ ചെയ്യുന്നു. ഇതിന്റെ ഫലമായി ലാഭവും മിച്ചമൂല്യവും ഉണ്ടാകാറുണ്ട് എന്നത് നേര്. വളരെക്കുറച്ചു മാത്രമേ ജോലിയുടെ സേവനവശത്തെപ്പറ്റി നമ്മുടെ നാട്ടിൽ പറയപ്പെടുന്നുള്ളു. ചുരുക്കം ചില ജോലികൾക്ക് രാഷ്ട്രസേവനത്തിന്റെ ബാഹ്യമുദ്രയുണ്ട്. ഉദാഹരണത്തിന്, പട്ടാളജോലി. പക്ഷേ മറക്കരുതാത്ത ഒരു സംഗതിയുണ്ട്. ജയ് ജവാൻ എന്നു വിളിച്ച പാരമ്പര്യംതന്നെ നമ്മുടെ നാട്ടിൽ ജയ് കിസാൻ എന്നും വിളിച്ചിരുന്നു.

## കാണാപ്പണികൾ

ശമ്പളം പറ്റുന്ന, സംഘടിതരായവരുടെ ജോലികൾ മാത്രമേ സാധാരണ ഗതിയിൽ ജോലിചിന്തകളിൽ സ്ഥാനം പിടിക്കാറുള്ളൂ. പക്ഷേ പ്രത്യക്ഷത്തിൽ ആരാരും കണക്കുവയ്ക്കാത്ത ജോലികൾ ചെയ്യു

www.malankaralibrary.com

ന്നവരാണ് അടുക്കളപ്പണി ചെയ്യുന്ന സ്ത്രീകൾ. വീടിനുപുറത്ത് ജോലി ചെയ്യുന്ന പുരുഷന് ശമ്പളമുണ്ട്; അംഗീകാരമുണ്ട്. പക്ഷേ അടുക്കള പ്പണിക്ക് ഇതൊന്നുമില്ല എന്നു മാത്രമല്ല, എല്ലാം കഴിയുമ്പോൾ നിനക്ക് ഇവിടെ എന്താ ഇത്ര പണി എന്ന ചോദ്യം അന്തരീക്ഷത്തിൽ ബാക്കിയാകും. അമ്മമാരുടെയും ഭാര്യമാരുടെയും കടമകളുടെ കോളത്തിലേയ്ക്ക് അതെല്ലാം എഴുതിത്തള്ളുന്നു എന്നതാണ് സത്യം. ഭക്ഷണമുണ്ടാക്കലും കുട്ടികളെ പരിപാലിക്കലും വീടുനോട്ടവും നടത്തുന്നത് കൂടാതെ പുറംജോലികൾ ചെയ്യുന്ന സ്ത്രീകളുമുണ്ട്. കാണാപ്പണികൾ ചെയ്യുന്ന സ്ത്രീകൾ ശമ്പളം പ്രതീക്ഷിക്കുന്നുണ്ടാവില്ല; പക്ഷേ അവർ തങ്ങളുടെ ജോലിക്ക് കുടുംബത്തിൽ അർഹമായ അംഗീകാരം പ്രതീക്ഷിക്കുന്നുണ്ട്.

## തൊഴിലിടത്തിലെ കീരിയും പാമ്പും

പണിയെടുക്കുന്നവരും പണികൊടുക്കുന്നവരും വർഗ്ഗശത്രുക്കളാണെന്ന ധാരണ സമൂഹത്തിൽ നില നില്ക്കുന്നുണ്ട്. ഈ ധാരണയനുസരിച്ച് ഒരേക്കർ കൃഷിസ്ഥലമുള്ളവനും ബൂർഷ്വായാണ്. വർഗ്ഗശത്രു ക്കളാണെങ്കിൽ പരസ്പരം തോല്പിക്കാതെ തരമില്ല. ഒന്നു ചത്തിട്ട് വേണം മറ്റതിന് വളമാകാൻ. പക്ഷേ പണിയെടുക്കുന്നവരും പണികൊടുക്കുന്നവരും തമ്മി ലുള്ള പാരസ്പര്യമാണ് സാമ്പത്തിക വളർച്ചയുടെ ഒരു മാനദണ്ഡം. മുതലാളിക്ക് ലാഭമുണ്ടായാലേ എനി ക്ക് കാര്യമുള്ളു എന്ന് തൊഴിലാളിയും തൊഴിലാളിക്ക് എന്റെ ലാഭത്തിന്റെ പങ്ക് കിട്ടിയാലേ അവന്റെ പൂർണ്ണ സഹകരണം കിട്ടൂ എന്ന് മുതലാളിയും കരുതുന്നിട ത്താണ് ആരോഗ്യകരമായ ബന്ധമുണ്ടാകുന്നത്. പക്ഷേ വർഗ്ഗ ശത്രുവാണ് മുതലാളി എന്ന വിചാരം കൊടിപിടിച്ചാൽ ആദ്യം സമരം പ്രഖ്യാപിക്കും; പിന്നെ തൊഴിലുപകരണങ്ങൾ തല്ലിപ്പൊളിക്കും. ഈ പറയുന്ന മുതലാളിമാരും തൊഴിലാളികൾ തന്നെ. ഇക്കാലത്ത് പണിയെടുക്കാത്ത ഏത് മുതലാളി യാണുള്ളത്? ജോലിയുടെ രീതിക്കേ മാറ്റമുള്ളൂ.

പണിയെടുക്കുന്നവരും പണികൊടുക്കുന്നവരും തമ്മി ലുള്ള പാരസ്പര്യമാണ് സാമ്പത്തിക വളർച്ചയുടെ ഒരു മാനദണ്ഡം. മുതലാളിക്ക് ലാഭമുണ്ടായാലേ എനിക്ക് കാര്യമുള്ളു എന്ന് തൊഴിലാളിയും തൊഴിലാളിക്ക് എന്റെ ലാഭത്തിന്റെ പങ്ക് കിട്ടിയാലേ അവന്റെ പൂർണ്ണ സഹകരണം കിട്ടൂ എന്ന് മുതലാളിയും കരുതുന്നിട ത്താണ് ആരോഗ്യകരമായ ബന്ധമുണ്ടാകുന്നത്.

നിയമനിർമ്മാണംകൊണ്ടോ തൊഴിലാളി സംഘടനകളുടെ ഇടപെടൽകൊണ്ടോ തീർക്കാവുന്ന വയല്ല മേല്പറഞ്ഞ പ്രശ്നങ്ങൾ. കാരണം കാല ങ്ങളായി നമ്മുടെ പൊതുസംസ്ക്കാരത്തിൽ വേരൂന്നി നില്ക്കുന്നവയാണവ. അവ പരിഹരിക്കാൻ ബഹുതലസ്പർശിയായ മെച്ചപ്പെട്ട ഒരു തൊഴിൽ സംസ്ക്കാരം നമുക്ക് വേണം. ഇടമുറിയാത്ത ഒരു ബോധവൽക്കരണ പ്രക്രിയ ഇതിനാവശ്യമുണ്ട്. ഈ സാംസ്ക്കാരിക മാറ്റത്തിന്റെ ചാലകശക്തിയാകാൻ സഭക്ക് കഴിയും. വിദ്യാഭ്യാസം കേരളത്തിൽ എല്ലാവർക്കും സംലഭ്യമാക്കി അതുവഴി അനേകർക്ക് തൊഴിലവസരം ലഭ്യമാക്കിയതിലുള്ള സഭയുടെ അഭിമാനം പൂർണ്ണമാകുന്നത് മെച്ചപ്പെട്ട ഒരു തൊഴിൽ സംസ്ക്കാരംകൂടെ സഭ കൈമാറുമ്പോഴാണ്. ■



**ഡോ. മാത്യു ഇല്ലത്തുപറമ്പിൽ**

അറിയപ്പെടുന്ന മോറൽ തിയോളജിയൻ. ആലുവ മംഗലപ്പുഴ സെമിനാരിയിലെ പ്രൊഫസർ. വിവിധ സെമി നാരികളിലും പഠിപ്പിക്കുന്നു.

www.malankaralibrary.com



# സെക്ടുകളിലേയ്ക്കുള്ള ആളൊഴുക്ക്

ഡോ. സിപ്രിയൻ ഇല്ലിക്കമുറി OFM Cap
*ദൈവശാസ്ത്രജ്ഞൻ, കപ്പൂച്ചിൻ സെമിനാരി, തെള്ളകം*

മുഖ്യധാരാസഭകൾ അഭിമുഖീകരിക്കുന്ന ഒരു പ്രധാനപ്രശ്നം സെക്ടുകളിലേക്കുള്ള ആളൊഴുക്കാണ്. അതിനൊരു പ്രധാന കാരണം അത്ഭുതങ്ങളുമാണ്. ഈ നവീന സഭാപ്രശ്നത്തെ വിശകലനം ചെയ്യുന്ന ദൈവശാസ്ത്രലേഖനം.

കേരളത്തിൽ സെക്ടുകൾ അഥവാ വിഘടിത സഭാസമൂഹങ്ങൾ ഇന്നു പെരുകി വരികയാണ്. റ്റോം സഖറിയാസിന്റെ 'സ്പിരിറ്റ് ഇൻ ജീസസ്', മുല്ലക്കര ദേവസ്യയുടെ 'ആത്മാഭിഷേക സഭ', ജോസഫ് പൊന്നാറയുടെ 'എമ്പറർ ഇമ്മാനുവേൽ ട്രസ്റ്റ്', ജോസ് ആനത്താനത്തിന്റെ 'കവനന്റ് പീപ്പിൾ', ചരമമടഞ്ഞ ഫാ. ജോൺ ആലപ്പാട്ടിന്റെ 'ആത്മവിമോചന മധ്യസ്ഥാലയം' (AMMA) മുതലായവ കത്തോലിക്കാസഭയിൽ നിന്നുള്ള വിഘടിതസമൂഹങ്ങളും തങ്കു എന്നു വിളിക്കപ്പെടുന്ന ഓർത്തഡോക്സ് സഭാംഗം ശ്രീ. മാത്യു കുരുവിള തുടക്കംകുറിച്ച 'സ്വർഗ്ഗീയ വിരുന്നു'മൊക്കെ ഇന്ന് കത്തോലിക്കരും അകത്തോലിക്കരുമായ സഭാവിശ്വാസികളെ ഒരുപോലെ ആകർഷിക്കുകയും വഴിതെറ്റിക്കുകയും ചെയ്യുന്ന സെക്ടുകളാണ്. അവയെല്ലാംതന്നെ (AMMA ഒഴിച്ച്) ഇന്ന് കേരളത്തിനു വെളിയിൽ ഇൻഡ്യയുടെ പല ഭാഗങ്ങളിലും യൂറോപ്പിലും അമേരിക്കയിലും ശാഖകൾ സ്ഥാപിച്ച് അംഗങ്ങളെ ആകർഷിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. ശരിയായ ക്രൈസ്തവവിശ്വാസമുപേക്ഷിച്ച് ഇവരുടെ പിന്നാലെ പോകുന്നവർ ഇന്ന് അനവധിയാണ്. എന്തുകൊണ്ടാണ് ഇങ്ങനെയുള്ള വിഘടിതസഭാസമൂഹങ്ങളിലേയ്ക്ക് ഈ ആളൊഴുക്ക് സംഭവിക്കുന്നത്?

കാരണങ്ങൾ പലതാണ്. അവയെ ലളിതവത്ക്കരിച്ച് ഒന്ന് രണ്ട് കാര്യങ്ങളിലൊതുക്കുവാൻ സാധിക്കുമെന്ന് തോന്നുന്നില്ല. ഒരു കാരണം, സ്ഥാപകരുടെയും നേതാക്കളുടെയും വ്യക്തിപരമായ കഴിവും സ്വാധീനവുമാണെന്നു പറയാം. സാമൂഹ്യശാസ്ത്രജ്ഞനായ മാക്സ് വേബർ (Max Vebar) ഇത്തരം കഴിവിനെയാണ് വ്യക്തിപരമായ 'കാരിസം' എന്നു വിളിക്കുന്നത്. അനുയായികൾ തങ്ങളുടെ ഉത്തമബോധ്യങ്ങൾക്കെതിരായിപോലും നേതാവിൽ വിശ്വാസമർപ്പിക്കുന്ന ഒരു മായികശക്തിയാണ് ഈ കഴിവെന്നു പറയാം. അന്ധമായ അനുസരണമാണ് അതു അനു

www.malankaralibrary.com




യായികളിൽ പലപ്പോഴും ഉളവാക്കുന്നത്. ഈ സമൂഹങ്ങളിലേയ്ക്കുള്ള ആളൊഴുക്കിനു മറ്റൊരു കാരണം, വൈദികരിൽ നിന്നും മറ്റു സഭാധികാരികളിൽനിന്നും ചിലപ്പോൾ അനുഭവിക്കേണ്ടിവരുന്ന നിഷേധാത്മകമായ നിലപാടുകളും വേദനാജനകമായ അനുഭവങ്ങളുമാകാം. സ്വാർത്ഥലക്ഷ്യങ്ങളും താത്പര്യങ്ങളും നേടാനുള്ള അവസരങ്ങളായി ചിലർ ഈ വിഘടിത പ്രസ്ഥാനങ്ങളെ കാണുന്നതാകാം മൂന്നാമതൊരു കാരണം. അന്തഃപ്രചോദിതമല്ലാത്തതും വെറും ആചാരപരതയും ചടങ്ങുമായി ചിലയിടത്തെല്ലാം അധഃപതിക്കുകയും ചെയ്യുന്ന നമ്മുടെ ആരാധനാക്രമം നാലാമത്തെ കാരണമാണ്.

എന്നാൽ ഏറ്റവും പ്രധാനമായ കാരണം ഇവരുടെ വചനപ്രഘോഷണവുമായി ബന്ധപ്പെട്ടു സംഭവിക്കുന്ന അത്ഭുതങ്ങളാണെന്നു പറയാം. ഇവർ പലർക്കും രോഗശാന്തി നല്കുന്നു, ഭാഷാവരത്തോടെ സംസാരിക്കുന്നു, മറ്റുള്ളവരുടെ മനസ്സിലിരുപ്പു പറയുന്നു, കാഴ്ചയ്ക്ക് അപ്പുറമുള്ള കാര്യങ്ങൾ വെളിപ്പെടുത്തുന്നു. ഇതെല്ലാം അവരുടെ അടുത്തേയ്ക്ക് ഓടിക്കൂടാൻ പലർക്കും കാരണമാണ്.

മനുഷ്യർ ഇന്നു പലവിധമായ ക്ലേശങ്ങളാലും പ്രശ്നങ്ങളാലും വല യുന്നവരാണ്. ശമിക്കാത്ത ദാരിദ്ര്യം, മാറാത്ത രോഗം, തീരാത്ത കടബാധ്യതകൾ ഇങ്ങനെ നിത്യേന അലട്ടി ക്കൊണ്ടിരിക്കുന്ന പ്രശ്നങ്ങളുടെ നടുവിൽക്കിടന്ന് ഉഴലുന്ന മനുഷ്യർക്ക് അത്ഭുതങ്ങൾ പ്രവർത്തിച്ചു കൊണ്ടുള്ള വചനപ്രഘോഷണം ശരീരത്തിനും ആത്മാവിനും ഒരുപോലെ ഗുണകരമാകാമെന്ന ചിന്തയാണ് പലരേയും ഇവരുടെ അടുത്തേയ്ക്ക് ആകർഷിക്കുന്നത്. ഇങ്ങനെയുള്ള സിദ്ധികൾ ഉള്ളതുകൊണ്ട് അവരുടെ വാക്കുകൾ ദൈവവാക്യങ്ങളായും, പ്രബോധനങ്ങൾ സത്യമായും, ബൈബിൾ വ്യാഖ്യാനം കുറ്റമറ്റതായും കരുതപ്പെടുന്നു. അങ്ങനെ അത്ഭുതപ്രതിഭാസങ്ങളാണ് ഈ സെക്ടുകളിലേയ്ക്കു മുഖ്യമായും ആളുകളെ ആകർഷിക്കുന്നതെന്നു പറയാം. ഇങ്ങനെയുള്ള അത്ഭുത പ്രതിഭാസങ്ങൾ ഇന്നു പലയിടത്തും സംഭവിക്കുന്നുണ്ട്. രൂപങ്ങളിൽ നിന്നും കണ്ണീരും രക്തവും ഒഴുകുക, കൈക്കുമ്പിൾ തുറക്കുമ്പോൾ പാലും തേനും എണ്ണയും ഒഴുകുക അങ്ങനെ പലതും.

പൗരാണിക കാലംമുതൽ എല്ലാ മതങ്ങളിലും സംസ്ക്കാരങ്ങളിലും അത്ഭുതം സംഭവിച്ചിട്ടുള്ളതായി അവകാശവാദങ്ങളും രേഖകളുമുണ്ട്. പുരാതന ഈജിപ്തിലെ വിജ്ഞന്മാരും മന്ത്രവാദികളും ഫറവോയുടെ മുമ്പിൽ മോശയും അഹറോനും ചെയ്തതുപോലെ തങ്ങളുടെ വടികളെ നിലത്തിട്ട് സർപ്പമാക്കിമാറ്റിയെന്നു ബൈബിളിൽ നാം വായിക്കുന്നു (പുറ 7:11). അങ്ങനെയുള്ള വിദ്യകൾ കാണിക്കുന്ന വിജ്ഞന്മാർ അഥവാ മന്ത്രവാദികൾ അവിടെയുണ്ടായിരുന്നുവെന്നു ഇതു സൂചിപ്പിക്കുന്നു. അതിന് രേഖകളുമുണ്ട് (as documented in the Westear Papyrus: cf. The Expositor's

www.malankaralibrary.com




Bible Commentary, vol. 2,p.347) പുതിയ നിയമകാലത്ത് അത്ഭുത രോഗശാന്തി നല്കിയിരുന്നവർ ഹെല്ലിനിസ്റ്റിക് മേഖലകളിൽ ഉണ്ടായിരുന്നു (cf. walter kasper Jesus th Christ, Burns & Oates, London 1976 p.90). യഹൂദർക്കിടയിലും അങ്ങനെയുള്ളവർ ഉണ്ടായിരുന്നെന്നു യേശുവിന്റെ വാക്കുകൾ തന്നെ സാക്ഷ്യപ്പെടുത്തുന്നു. "ബേൽ സെബൂലിനെക്കൊണ്ടാണ് ഞാൻ പിശാചുക്കളെ ബഹിഷ്ക്കരിക്കുന്നതെങ്കിൽ, നിങ്ങളുടെ പുത്രന്മാർ ആരെക്കൊണ്ടാണ് അവയെ ബഹിഷ്ക്കരിക്കുന്നത്? അതുകൊണ്ട് അവർ നിങ്ങളുടെ വിധികർത്താക്കളായിരിക്കും" (മത്താ. 12:27/ലൂക്ക. 11:19). അപ്പസ്തോല ഗണത്തിലോ യേശുവിന്റെ അനുയായികളുടെ കൂടെയോ അല്ലാതിരുന്ന ഒരാൾ പിശാചുക്കളെ ബഹിഷ്ക്കരിച്ചതും (ലൂക്ക 9:49) ഇതുതന്നെ സൂചിപ്പിക്കുന്നു.

യേശുവിന്റെ ജീവിത കാലത്ത് അല്ലെങ്കിൽ ആദിമ സഭയിൽ അവിടുത്തോട് ബന്ധമില്ലാത്തവർ അത്ഭുതങ്ങൾ പ്രവർത്തിച്ചിരുന്നു വെന്ന് മത്താ. 7:22 സൂചന നല്കുന്നുണ്ട്. ആദിമസഭയുടെ കാലത്ത് ഇങ്ങനെയുള്ള അത്ഭുതപ്രവർത്തകർ പലരുണ്ടായിരുന്നുവെന്നതിന്റെ സൂചനകളാണ് സമരിയായിൽ ദീർഘകാലമായി മാന്ത്രികവിദ്യകൾ കൊണ്ട് ജനങ്ങളെ വിസ്മയിപ്പിച്ചിരുന്ന ശിമയോൻ (അപ്പ 8:9–11). പാഫോസിലെ യഹൂദമാന്ത്രികനായ ബാർ–യേശു അഥവാ ഏലിമാസ് (അപ്പ 13:6–12), ഭാവിഫലം പ്രവചിക്കുന്ന ആത്മാവു ബാധിച്ച ഫിലിപ്പിയൻ അടിമ പെൺകുട്ടി (അപ്പ16:16), റ്റിറാനോസിൽ പൗലോസ് പ്രസംഗിക്കുന്ന യേശുവിന്റെ നാമത്തിൽ പിശാചുബാധ ഒഴിപ്പിക്കാൻ ശ്രമിച്ച സ്കേവായുടെ പുത്രന്മാരും (അപ്പ 19:15) മറ്റു യഹൂദരുമൊക്കെ.

അത്ഭുതപ്രവർത്തകരെയും അത്ഭുതപ്രവർത്തികളെയും അന്യമതങ്ങളിലും കാണുവാൻ കഴിയും. ഹിന്ദുമതത്തിലെ യോഗിമാരും, ഇസ്ലാംമതത്തിലെ സൂഫിമാരുമെല്ലാം അമാനുഷികമെന്നു വിശേഷിപ്പിക്കപ്പെടുന്ന പ്രവൃത്തികൾ ചെയ്യാറുണ്ട്. സത്യസായി ബാബായും കുംഭമേളയിൽ പങ്കെടുക്കുന്ന സ്വാമിമാരുമൊക്കെ അതിനുള്ള ജീവിക്കുന്ന സാക്ഷികളാണ്. അങ്ങനെ ഒരു സ്വാമി ഭാരം കയറ്റിയ ലോറി ശരീരത്തിലെ ലോലമായ ഒരവയവം കൊണ്ട് വലിച്ചു മാറ്റുന്ന ദൃശ്യം ഫോട്ടോസഹിതം നമ്മുടെ മാധ്യമങ്ങളിൽ വന്നിരുന്നു.

ഈ പ്രതിഭാസങ്ങളെയെല്ലാം കൃത്യമായി മനസ്സിലാക്കുന്നതിന് ശാസ്ത്രം ഇനിയും വേണ്ടത്ര വളർന്നിട്ടില്ല എന്നതു വാസ്തവമാണ്. എന്നാൽ ചില പ്രതിഭാസങ്ങളെ പരീക്ഷണ നിരീക്ഷ ണങ്ങളിലൂടെ പഠിച്ച് ശാസ്ത്രം ഇന്ന് നിഗമനങ്ങളിലെത്തിക്കഴിഞ്ഞിട്ടുണ്ട്. അതിന് ഉദാഹരണമാണ് ESP (Extrasensory Perception - ആറാം ഇന്ദ്രിയം കൊണ്ടുള്ള അറിവ്) 'ടെലപ്പതി' അഥവാ ദൂരാനുഭൂതി, ക്ലയർ വൊയാൻസ് അഥവാ ദൂരജ്ഞാനം (Clairvoyance) തുടങ്ങിയവ. പ്രകൃതിയിൽ തന്നെയുള്ള സ്വാഭാവികമായ ചില ശക്തിവിശേഷണങ്ങളാണ് ഇവ. എല്ലാ മനുഷ്യരിലും ഒരുപോലെ ഇവ വികസിക്കുകയും പ്രകടമാക്കുകയും ചെയ്യുന്നില്ല. അനുകൂലമായ സാഹചര്യങ്ങളിൽ ചിലരിൽ അവ വികസിക്കുന്നു. ഇങ്ങനെയുള്ള പ്രവണതകളെ വളർത്തി വികസിപ്പിച്ച് വിവിധ ലക്ഷ്യങ്ങൾക്കു വേണ്ടി ഉപയോഗിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഉദാഹരണത്തിന് ശീതയുദ്ധകാലത്ത് അമേരിക്കയും റഷ്യയും ഇത്തരം മനുഷ്യരെ ഉപയോഗിച്ച് ചാരപ്രവർ

www.malankaralibrary.com

ത്തനങ്ങൾ നടത്തുകയും തന്ത്രപ്രധാനമായ രഹസ്യ ങ്ങൾ സമ്പാദിക്കയും ചെയ്തിരുന്നു (ef Dr. Sreenivasan, Clairvoyant"Remote Viewing": A Brief Account of the U S Government Sponsered Psychic Spying Program of 1972-95, in Fr. George Veliparambil (ed), Pranic Healing Foundation-Kerala, Eleventh anniverssary Special Issue, Vol.1.8. [December 2002], p. 14-20). ചില വ്യക്തികളി ലുള്ള ഇത്തരം സ്വാഭാവികമായ കഴിവുകൾ പ്രകട മാകുന്നതിനും വികസിക്കുന്നതിനും വചന പ്രഘോ ഷണ ധ്യാനങ്ങളും കൺവെൻഷനുകളും സഹായി ക്കാറുണ്ട്. മറ്റുള്ളവരുടെ മനസ്സുവായിക്കാനും കാണാ മറയത്തുള്ള കാര്യങ്ങൾ വെളിപ്പെടുത്താനുമുള്ള കഴിവ് ഇങ്ങനെയും മനസ്സിലാക്കാവുന്നതാണ്.

രോഗശാന്തികൾ സംഭവിക്കുന്നതും പലപ്പോഴും മനസ്സിന്റെ സ്വാഭാവികമായ ചില ശക്തിവിശേഷങ്ങൾ കൊണ്ടാണെന്നു തോന്നുന്നു. ഭൂരിപക്ഷം രോഗങ്ങളും മനസ്സുമായി അവഗാഢം ബന്ധപ്പെട്ടതാണ്. മനുഷ്യ മനസ്സ് ഒരു മഹാത്ഭുതം തന്നെയാണ്. അത് ഇന്നും വലിയ ഒരു രഹസ്യമാണ്. മനഃശാസ്ത്രത്തിനു അതി ന്റെ നൂറിലൊരംശംപോലും പുറത്തു കൊണ്ടു വരു വാൻ കഴിഞ്ഞിട്ടില്ല. യൂറിഗെല്ലർ എന്ന ഇസ്രായേൽ ക്കാരന് ഒരു നോട്ടംകൊണ്ട് ഒരു ഫോർക്ക് ഒടിക്കാൻ കഴിയുമായിരുന്നു. മനസ്സിനു വസ്തുക്കളെ ചലിപ്പി ക്കാൻ സാധിക്കയില്ല (mind cannot move matter) എന്നാണ് പണ്ട് മനുഷ്യർ കരുതിയിരുന്നത്. എന്നാൽ മനുഷ്യന് അത് സാധിക്കുമെന്നത് ഇന്ന് ഒരു പൊതു തത്വമാണ്. 'കുട്ടിച്ചാത്തന്റെ' കല്ലേറുമൊക്കെ മാനസി കമായി ഉൽക്കടമായ ടെൻഷൻ അനുഭവിക്കുന്ന ഏതോ വ്യക്തിയുടെ മനസ്സിന്റെ വിക്രിയകളായിട്ടാണ് ഇന്നു കരുതപ്പെടുന്നതും, പരീക്ഷണങ്ങളിലൂടെ തെളി യിക്കപ്പെട്ടിട്ടുള്ളതും.

ഓജോ ബോർഡിൽ ഗ്ലാസ്സ് ചലിക്കുന്നത് ചില മനസ്സുകളുടെ പ്രവർത്തനമാണെന്ന് ഇന്ന് മിക്കവർ ക്കും അറിയാം. ഹിന്ദു സന്യാസിമാരും യോഗികളും പ്രവർത്തിക്കുന്ന അത്ഭുതങ്ങൾ പലപ്പോഴും മനസ്സി ന്റെ തീവ്രമായ പരിശീലനം കൊണ്ടു സാധിച്ചെടുക്കു ന്നവയാണല്ലോ. എന്നാൽ മനസ്സിന്റെ പ്രതിഭാസങ്ങൾ സംഭവിക്കുന്നത് എപ്പോഴും ബോധമനസ്സിലല്ല, പ്രത്യുത ഉപബോധ മനസ്സിൽ മനുഷ്യന്റെ അറിവോ അവബോധമോ ഇല്ലാതെയാണ്. അമാനുഷികമെന്നു തോന്നിക്കുന്ന പല പ്രതിഭാസങ്ങളും മാനസിക രോഗി കളിൽ (പ്രേതബാധിതരിൽ) കാണാറുണ്ട്. അത് മനുഷ്യമനസ്സിൽ ഒളിഞ്ഞുകിടക്കുന്ന അപാരമായ കഴിവുകളുടെ സാക്ഷ്യമാണെന്നു പറയാം; നിഷേധാ ത്മകമായിട്ടാണെങ്കിലും.

മനസ്സിന്റെ ഭീതികളും തോന്നലുകളും പ്രൊജക്ഷൻ സുമൊക്കെ ചിലപ്പോൾ രൂപംകൊള്ളുന്നതാണല്ലോ മതിഭ്രമം (hallucintation) എന്നു പറയുന്നത്. ചില പ്പോൾ മറ്റുള്ളവർക്കുപോലും ഇന്ദ്രിയ ഗോചരമാകും വിധം രൂപംപ്രാപിക്കാറുണ്ടെന്ന് മനഃശാസ്ത്ര ജ്ഞന്മാരും അതീന്ദ്രിയ മനഃശാസ്ത്രജ്ഞന്മാരും (para pshycholagist) പറയുന്നു. പ്രേതദർശനങ്ങളുമൊക്കെ ഇങ്ങനെ സംഭവിക്കുന്നവയാണ്. ഇത്രയും പറഞ്ഞത് ഇന്ന് ധാരാളമായി സംഭവിക്കുന്ന അത്ഭുത പ്രതിഭാ സങ്ങളെപ്പറ്റി ഒരു സൂചന നല്കാൻ മാത്രമാണ്.അവ എങ്ങനെ സംഭവിക്കുന്നുവെന്നു വ്യക്തമായി പറയാൻ സാധിക്കയില്ലെങ്കിലും ഇന്നു മനഃശാസ്ത്രം അതേപ്പറ്റി വളരെ പ്രധാനപ്പെട്ട ഉൾക്കാഴ്ചകൾ നല്കുന്നുണ്ട്.

> **അന്തഃപ്രചോദിതമല്ലാത്തതും വെറും ആചാരപരതയും ചടങ്ങുമായി ചിലയിടത്തെല്ലാം അധഃപതിക്കുകയും ചെയ്യുന്ന നമ്മുടെ ആരാധനാക്രമം നാലാമത്തെ കാരണമാണ്.**

അത്ഭുതങ്ങളിലൂടെ ദൈവം ചില കാര്യങ്ങൾ സ്ഥി രീകരിക്കുന്നുണ്ടെന്ന് സഭ നമ്മെ പഠിപ്പിക്കുന്നു. അതൊന്നും ഇവിടെ നിഷേധിക്കയോ സംശയിക്കയോ അല്ല ചെയ്യുന്നത്. എന്നാൽ അത്ഭുത പ്രതിഭാസങ്ങളെ വിലയിരുത്തുന്നതിനും യഥാർത്ഥ അത്ഭുതങ്ങളെ തിരിച്ചറിയുന്നതിനും ചില കാര്യങ്ങൾ വ്യക്തമായി അറിഞ്ഞിരിക്കണം.

ഒന്നാമത്തെ കാരണം, പ്രഥമ കാരണമായ (Primary Cause) ദൈവം ഒരിക്കലും പ്രപഞ്ചത്തിൽ നേരിട്ട് ഇടപെട്ട് അത്ഭുതങ്ങൾ പ്രവർത്തിക്കുന്നില്ല. അവി ടുന്ന് അത്ഭുതങ്ങൾ പ്രവർത്തിക്കുന്നത് എപ്പോഴും ദ്വിതീയകാരണങ്ങളിലൂടെ (Secondary Cause) ആണ്. (Walten [Kardinal]Kasper Jesus the Christ p 91-95; B

www.malankaralibrary.com

Weissmahr, Natuerliche Phaenomene Und Wunder, in: Christilicher Glaube in modenner Gessellschaft, EnzyklopaedischeBibbliothek 4[1982] 121-148). നേരിട്ട് ഇടപെട്ടാൽ ദൈവം ഒരു ദ്വിതീയ കാരണമായിത്തീരും; മറ്റുവാക്കുകളിൽ പറഞ്ഞാൽ ദൈവമല്ലാതായിത്തീരും. അതിനാൽ ദൈവം പ്രവർത്തിക്കുന്ന അത്ഭുതങ്ങൾക്കിടയിലുള്ളത് ദ്വിതീയ കാരണങ്ങളാണ്. മറ്റ് അത്ഭുതപ്രതിഭാസങ്ങൾക്കിടയിൽ എന്നതുപോലെ തന്നെ. ഉദാഹരണമായി, ഒരത്ഭുതരോഗശാന്തി നല്കണമെന്ന് ദൈവം തിരുമനസ്സാകുന്നുവെങ്കിൽ അത് ഒരു ഡോക്ടറിലൂടെയോ മനുഷ്യമനസ്സിന്റെ കഴിവുകളിലൂടെയോ മറ്റെന്തെങ്കിലും ദ്വിതീയ കാരണങ്ങളിലൂടെയോ ആണ് നല്കുന്നത്.

> വരസിദ്ധികളുണ്ടെന്നു കരുതുന്നവർ എളിമയുള്ളവരായിരിക്കണം. അഹങ്കരിക്കാനോ ആൾദൈവങ്ങൾ ചമയാനോ ആർക്കും സാധ്യമല്ല.

ദൈവം നല്കുന്ന അത്ഭുത രോഗശാന്തിയുടെ യാഥാർത്ഥ്യം അടങ്ങിയിരിക്കുന്നത് അവിടുന്ന് നിശ്ചയിച്ച സമയത്ത്, അവിടുന്ന് തിരഞ്ഞെടുക്കുന്ന ദ്വിതീയ കാരണങ്ങളിലൂടെ അവി ടുന്ന് തീരുമാനിച്ച ഫലം ആ പ്രത്യേക വ്യക്തിക്കു ലഭിക്കുന്നുവെന്നതാണ്. ദൈവത്തിന്റെ പ്രത്യേകമായ ഇടപെടൽ ഇല്ലാതെ ഡോക്ടർ നല്കുന്ന മരുന്നിലൂടെയോ, മനുഷ്യമനസ്സിന്റെ പ്രവർത്തനത്തിലൂടെയോ സ്വാഭാ വികമായും അത്ഭുതമെന്നു തോന്നിക്കുന്ന രോഗ ശാന്തി ലഭിച്ചെന്നുവരാം. അതിനാൽ ഒരു രോഗശാന്തിയിൽ ദൈവത്തിന്റെ പ്രത്യേകമായ ഇടപെടൽ ഉണ്ടെന്നു തീർച്ചയായി പറയുവാൻ നമുക്കു സാധിക്കുകയില്ല.

ഒരത്ഭുതം ദൈവത്തിന്റെ പ്രത്യേകമായ ഇടപെടലിലൂടെയാണെന്ന് തിരിച്ചറിയുവാൻ ചില സൂചനകൾ ഉണ്ട്. അവയെ ഇവിടെ വിവരിക്കേണ്ടതില്ലല്ലോ. വിശ്വാസംകൊണ്ടു മാത്രമേ ദൈവത്തിന്റെ ഇടപെടലുള്ള അത്ഭുതങ്ങളെ തിരിച്ചറിയാൻ സാധിക്കയുള്ളൂ. അത്ഭുതങ്ങളെപ്പറ്റി രണ്ടാമതായി അറിഞ്ഞിരിക്കേണ്ട കാര്യം, അവ ഒരിക്കലും പ്രകൃതിനിയമങ്ങൾക്കെതിരോ അവയ്ക്ക് അതീതമോ അല്ല (cf. water kasper, ibid). ദൈവത്തിന്റെ പ്രത്യേകമായ ഇടപെടൽ ഉള്ള അത്ഭുതങ്ങൾപോലും പ്രകൃതി നിയമങ്ങൾക്കനുസൃതമായി ദ്വിതീയ കാരണങ്ങളിലൂടെയാണ് സംഭവിക്കുന്നത്. അത്ഭുതങ്ങൾ നമുക്കറിയാവുന്ന പ്രകൃതിനിയമങ്ങൾക്കെതിരായിരിക്കാം. എന്നാൽ നമുക്കറിഞ്ഞുകൂടാത്ത പ്രകൃതിനിയമങ്ങളുണ്ട്, അവയ്ക്കെതിരല്ല അത്ഭുതങ്ങൾ എന്നത്രേ വി. അഗസ്തിനോസ് പറയുന്നത് (City of God, 21,8). ഈ രണ്ടു കാര്യങ്ങളിലും ഇപ്പോൾ പലരിലും നില നില്ക്കുന്ന ചിന്താഗതി മാറ്റേണ്ടതുണ്ട്.

അത്ഭുതങ്ങളെന്നു പറയുന്ന സംഭവങ്ങളെല്ലാം നടക്കുന്നത് പ്രകൃതിനിയമങ്ങൾക്കനുസൃതമായും ദ്വിതീയ കാരണങ്ങളിലൂടെയുമായതുകൊണ്ട് ഒരു സംഭവവും ദൈവത്തിന്റെ പ്രത്യേകമായ ഇടപെടലുള്ള അടയാളമാണെന്നു തീർച്ചയായി പറയുവാൻ സാധിക്കുകയില്ല. അവ സ്വാഭാവികമായി നടക്കുന്ന സംഭവങ്ങൾ മാത്രമാകാം. വിഘടിത സഭാസ്ഥാപകരിലൂടെ സംഭവിക്കുന്ന കാര്യങ്ങൾ ഒരിക്കലും ദൈവത്തിന്റെ പ്രത്യേകമായ ഇടപെടലുള്ള അടയാളങ്ങളാകുകയില്ല. അവ ഒരിക്കലും അവരുടെ അബദ്ധ പഠനങ്ങൾക്കും സിദ്ധാന്തങ്ങൾക്കും ദൈവം നല്കുന്ന സ്ഥിരീകരണവുമല്ല.

കരിസ്മാറ്റിക് ധ്യാനങ്ങളിലും കൺവെൻഷനുകളിലും ദൈവത്തിന്റെ പ്രത്യേകമായ ഇടപെടലുള്ള അത്ഭുതരോഗശാന്തികൾ സംഭവിക്കാമെന്നതു നിഷേധിക്കുക സാധ്യമല്ല. എന്നാൽ അവയും പ്രകൃതിനിയമങ്ങൾക്കനുസൃതമായും ദ്വിതീയകാരണങ്ങളിലൂടെയുമാണ് സംഭവിക്കുന്നത്. ഉദാഹരണം: മരുന്നിലൂടെ, മനുഷ്യമനസ്സിന്റെ നിഗൂഢമായ കഴിവുകളിലൂടെ, അല്ലെങ്കിൽ മറ്റു ദ്വിതീയ കാരണങ്ങളിലൂടെ. അവയും ഒരിക്കലും അസന്നിദ്ധമല്ല. രോഗശാന്തികളും മറ്റും ചിലപ്പോൾ സ്വാഭാവിക സംഭവങ്ങളാകാം. അതിനാൽ വരസിദ്ധികളുണ്ടെന്നു കരുതുന്നവർ എളിമയുള്ളവരായിരിക്കണം. അഹങ്കരിക്കാനോ ആൾദൈവങ്ങൾ ചമയാനോ ആർക്കും സാധ്യമല്ല. വിശ്വാസികൾക്കിടയിൽ ഇത് ആഴമേറിയ ബോധ്യമായിത്തീരേണ്ടിയിരിക്കുന്നു. ■

www.malankaralibrary.com



# വിവാഹവും റീത്തുമാറ്റവും

ഡോ. ജോസ് ചിറമേൽ
*കാനൻ നിയമ വിദഗ്ധൻ, സീറോ-മലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ ട്രൈബ്യൂണലിന്റെ വൈസ് പ്രസിഡന്റ്*

സഭാനിയമങ്ങളെ (കാനൻനിയമം) സംബന്ധിച്ചുള്ള സംശയനിവാരണത്തിനായിട്ടുള്ള പംക്തിയാണിത്. ചോദ്യങ്ങൾക്ക് മറുപടി തയ്യാറാക്കുന്നത് കാനൻ നിയമപണ്ഡിതനായ ഡോ. ജോസ് ചിറമേൽ ആണ്. നിങ്ങളുടെ ചോദ്യങ്ങളും സംശയങ്ങളും കാരുണികന്റെ വിലാസത്തിൽ അയയ്ക്കുക.

**● എന്റെ പിതാവ് ലത്തീൻ കത്തോലിക്കാസഭയിലെയും മാതാവ് സീറോമലബാർ സഭയിലെയും അംഗങ്ങളാണ്. ഞാൻ മാമ്മോദിസാ സ്വീകരിച്ചത് അമ്മയുടെ ഇടവകപള്ളിയിലാണ്. എനിക്ക് 8 വയസ്സുള്ളപ്പോൾ എന്റെ പിതാവ് മരിച്ചു. രണ്ട് വർഷം കഴിഞ്ഞപ്പോൾ അമ്മ സീറോമലബാർ സഭാംഗമായ ഒരു പുരുഷനെ വിവാഹം ചെയ്തു. അമ്മയുടെ ഇപ്പോഴത്തെ ഭർത്താവ് നിയമാനുസൃതം എന്നെ ദത്തെടുത്തു. പിന്നീട് ഞാൻ അമ്മയുടെ ഇടവക പള്ളിയിലാണ് പോകുന്നത്. ആ ഇടവകാംഗവുമാണ്. ഇപ്പോൾ ഞാൻ ലത്തീൻ സഭാംഗമായ ഫെർണാണ്ടസ് എന്നയാളിനെ വിവാഹം ചെയ്യുവാൻ നിശ്ചയിച്ചിരിക്കുകയാണ്. സീറോമലബാർ സഭയിലെ എന്റെ ഇടവകപള്ളിയിലാണ് വിവാഹം നടത്താൻ ഉദ്ദേശിക്കുന്നത്. ഞങ്ങളുടെ വിവാഹം ഇപ്രകാരം നടത്തുന്നതിന് എന്തെങ്കിലും അനുവാദം പ്രത്യേകം വാങ്ങേണ്ടതുണ്ടോ? വിവാഹശേഷം ഭർത്താവിനും സീറോമലബാർ സഭാംഗത്വം ലഭിക്കുമോ?**

ഷേർളി പോൾ, കടവന്ത്ര

ഈ ചോദ്യത്തിന് എന്തെങ്കിലും പ്രത്യേകാനുവാദം വാങ്ങേണ്ട ആവശ്യമില്ല എന്ന് ഒറ്റവാക്കിൽ ഉത്തരം നല്കാൻ കഴിയും. എന്നാൽ ഈ ഉത്തരത്തിലേയ്ക്ക് നയിക്കുന്ന കാനോനികവും സഭാപരവുമായ കാര്യങ്ങൾ ചർച്ചചെയ്യുന്നത് വിജ്ഞാനപ്രദമായിരിക്കുമെന്ന് കരുതുന്നു.

## സ്വയാധികാരസഭയിലെ അംഗത്വം

ഷേർളിക്ക് ഏത് സ്വയാധികാരസഭ (Church sui iuris) യിലാണ് അംഗത്വം എന്നതാണ് ആദ്യമായി മനസ്സിലാക്കേണ്ട കാര്യം. സഭയുടെ നിയമമനുസരിച്ച് ഒരു വ്യക്തിക്ക് കത്തോലിക്കാസഭയിൽ അംഗത്വം ലഭിക്കുന്നത് ഏതെങ്കിലുമൊരു സ്വയാധികാരസഭയിലൂടെയായിരിക്കും. ഒരാൾ ഒരു സ്വയാധികാരസഭയിലേയ്ക്ക് ചേർക്കപ്പെടുന്നത് താഴെപ്പറയുന്ന ഏതെങ്കിലും മാർഗ്ഗം വഴിയാണ്:
1 മാമ്മോദീസ; 2. ഒരു സ്വയാധികാരസഭയിൽ നിന്ന് മറ്റൊന്നിലേയ്ക്കുള്ള മാറ്റം.; 3. വിവാഹം; 4. അകത്തോലിക്കാ സഭയിൽ നിന്നുള്ള പുനരൈക്യം വഴി.




മാമ്മോദിസ സ്വീകരിക്കുന്നയാൾ 14 വയസ്സിന് മുകളിലാണെങ്കിൽ ഏത് സ്വയാധികാരസഭയിൽ അംഗമാകണമെന്ന് അയാൾക്ക് സ്വയം തീരുമാനിക്കാം.

## 14 വയസ്സിന് താഴെയാണെങ്കിൽ

എന്നാൽ 14 വയസ്സിന് താഴെയാണെങ്കിൽ കത്തോലിക്കാസഭാ കൂട്ടായ്മയിലെ ഏതെങ്കിലുമൊരു സ്വയാധികാരസഭയിൽ അംഗത്വം ലഭിക്കുന്നത് താഴെപ്പറയുന്ന വിധത്തിലായിരിക്കും:

1. അപ്പനും അമ്മയും കത്തോലിക്കരാണെങ്കിൽ മക്കൾ അപ്പൻ അംഗമായിരിക്കുന്ന സ്വയാധികാരസഭയിലെ അംഗങ്ങളായിത്തീരും. എന്നാൽ അമ്മ മാത്രമേ കത്തോലിക്കാസഭയിൽ അംഗമായിട്ടുള്ളൂവെങ്കിൽ (മിശ്രവിവാഹത്തിൽ) മക്കൾ, അമ്മ അംഗമായിരിക്കുന്ന സ്വയാധികാരസഭയിൽ അംഗങ്ങളാകും.
2. ദത്തെടുക്കപ്പെടുന്ന കുഞ്ഞുങ്ങളുടെ കാര്യത്തിലും മേല്പറഞ്ഞ പ്രകാരം സംഭവിക്കുന്നു. ദത്തെടുക്കപ്പെടുന്ന കുട്ടി ഏതെങ്കിലുമൊരു സ്വയാധികാരസഭയിൽ അംഗമാണെങ്കിൽപോലും ദത്തെടുക്കപ്പെടുന്നതോടെ പിതാവിന്റെ സഭയിലാണ് അംഗത്വം ലഭിക്കുന്നത്.
3. സഭ അംഗീകരിക്കാത്ത സ്ത്രീ–പുരുഷ ബന്ധത്തിൽ നിന്നുണ്ടാകുന്ന കുട്ടികൾക്ക് അമ്മ അംഗമായിരിക്കുന്ന സ്വയാധികാരസഭയിലായിരിക്കും അംഗത്വം ലഭിക്കുക.
4. ഉപേക്ഷിക്കപ്പെട്ടു ലഭിക്കുന്ന കുട്ടികളുടെ (foundlings) കാര്യത്തിലും ദത്തെടുക്കുന്നവരുടെ കാര്യത്തിലേ പോലെ തന്നെ സംഭവിക്കുന്നു.
5. അക്രൈസ്തവ മാതാപിതാക്കളുടെ മക്കൾ മാമ്മോദീസ സ്വീകരിച്ചാൽ അവർക്ക് കത്തോലിക്കാ പരിശീലനം ഉറപ്പുനല്കുന്ന വ്യക്തിയുടെ സഭാംഗത്വമാണ് ലഭിക്കുന്നത് (CCEO.cc. 29,30; CIC.c. 111).

ചുരുക്കത്തിൽ ഒരു വ്യക്തിയുടെ സഭാംഗത്വം തീരുമാനിക്കപ്പെടുന്നത് മാമ്മോദീസ നല്കുന്ന വ്യക്തിയുടെ സഭാംഗത്വമോ മാമ്മോദീസയുടെ കർമ്മങ്ങൾ അനുഷ്ഠിക്കപ്പെടുന്ന റീത്തോ അടിസ്ഥാനമാക്കിയല്ല; പ്രത്യുത മേൽ വിവരിച്ച സഭാനിയമമനുസരിച്ചാണ്. ഉദാഹരണമായി, നിയമമനുസരിച്ച് ഒരു കുഞ്ഞ് ലത്തീൻസഭയിൽ അംഗമായിത്തീരേണ്ടതാണെങ്കിൽ ആ കുഞ്ഞിനെ സീറോമലബാർ സഭയിലെ വൈദികൻ സീറോമലബാർ ക്രമമനുസരിച്ച് സീറോമലബാർ പള്ളിയിൽ മാമ്മോദിസ നല്കിയാലും ആ കുഞ്ഞ് ലത്തീൻ സഭാംഗമായിരിക്കും.

## ഷേർളിയുടെ സഭാംഗത്വം

ഷേർളിയുടെ സഭാംഗത്വം ലത്തീൻസഭയിൽ തന്നെയാണെന്നത് മേൽപ്രസ്താവിച്ച സഭാനിയമത്തിൽ നിന്ന് വ്യക്തമാണല്ലോ. ഇത് ലത്തീൻ സഭയിൽ മാമ്മോദിസ സ്വീകരിച്ചു എന്നതുകൊണ്ടല്ല, പ്രത്യുത, പിതാവ് ലത്തീൻ സഭാംഗമായതുകൊണ്ടാണ്.

www.malankaralibrary.com

## പിതാവിന്റെ മരണവും മാതാവിന്റെ രണ്ടാം വിവാഹവും

പിതാവിന്റെ മരണവും തുടർന്ന് മാതാവ് നടത്തിയ രണ്ടാം വിവാഹവും ഷേർളിയുടെ സഭാംഗത്വത്തിൽ ഉണ്ടാക്കുന്ന മാറ്റങ്ങൾ എന്തൊക്കെയാണ്?

പൗരസ്ത്യ നിയമസംഹിതയിലെ 34–ാം കാനോനയനുസരിച്ചും ലത്തീൻ നിയമസംഹിതയിലെ 112–ാം കാനോനയനുസരിച്ചും മാതാപിതാക്കൾ സ്വന്തം സഭാംഗത്വം വെടിഞ്ഞ് കത്തോലിക്കാ സഭയിലെ കൂട്ടായ്മയിലെതന്നെ മറ്റൊരു സ്വയാധി കാരസഭയിലെ അംഗങ്ങളാകുമ്പോൾ 14 വയസ്സ് പൂർത്തിയാകാത്ത അവരുടെ കുട്ടികളുടെയും സഭാംഗത്വം അതോടൊപ്പം മാറുന്നു. ഷേർളിയുടെ പിതാവ് ലത്തീൻ സഭാംഗമായിരുന്നു. അദ്ദേഹം മരിച്ചു. മാതാപിതാക്കളിൽ അവശേഷിക്കുന്നത് അമ്മയാണ്. അമ്മ സീറോമലബാർ സഭാംഗമാണ്. അപ്പന്റെ മരണശേഷം അമ്മയോടൊപ്പം സീറോമലബാർ പള്ളിയിലാണ് ഷേർളി ആത്മീയാവശ്യങ്ങൾക്കായി പോയിരുന്നതും. പിന്നീട് അമ്മ സീറോമലബാർ സഭാംഗമായ പുരുഷനെയാണ് വിവാഹം ചെയ്തത്. അപ്പന്റെ മരണത്തോടെ 14 വയസ്സ് പൂർത്തിയാകാത്ത ഷേർളി അമ്മയുടെ സഭാംഗമായി എന്നുതന്നെ പറയാം. മാത്രവുമല്ല, ഷേർളിയുടെ അമ്മ രണ്ടാമത് വിവാഹം കഴിച്ചിരിക്കുന്നതും സീറോമലബാർസഭാംഗത്തെയാണ്. ഷേർളിയുടെ രണ്ടാനപ്പൻ (step father) ഷേർളിയെ നിയമാനുസൃതം ദത്തെടുക്കുകയും ചെയ്തിട്ടുണ്ട്. ഷേർളിയുടെ നിയമാനുസൃതമുള്ള ഇപ്പോഴത്തെ മാതാപിതാക്കൾ സീറോമലബാർ സഭാംഗങ്ങളാണ്. തന്മൂലം ഷേർളിയും സീറോമലബാർ സഭാംഗം തന്നെയാണ്.

## തിരിച്ചുപോകാമോ?

ഇങ്ങനെയുള്ള സാഹചര്യങ്ങളിൽ ഷേർളിക്ക് ആഗ്രഹമുണ്ടെങ്കിൽ 14 വയസ്സ് പൂർത്തിയായിക്കഴിഞ്ഞാൽ മാമ്മോദീസ സ്വീകരിച്ചപ്പോൾ അംഗത്വം ലഭിച്ച പിതാവിന്റെ സ്വയാധികാരസഭയിലേയ്ക്ക് (ലത്തീൻ സഭയിലേയ്ക്ക്) തിരികെ പോകുന്നതിന് സഭാനിയമം അനുവദിക്കുന്നുണ്ട് (CCEO.c.34; CIC.c. 112/1,3). എന്നാൽ ഈ മാറ്റം സ്വയമേവ നടക്കുന്ന (automatic) ഒന്നല്ല. സഭയുടെ നടപടിക്രമങ്ങൾ പാലിച്ച് ഇപ്രകാരമൊരു തിരികെപോക്ക് ഷേർളി നടത്തിയിട്ടില്ല. എന്നുമാത്രമല്ല, സീറോമലബാർ സഭയിലെ പള്ളിയിലാണ് ആദ്ധ്യാത്മികാവശ്യങ്ങൾ നിറവേറ്റിപ്പോന്നതും. ഇക്കാരണങ്ങളാൽ ഷേർളി സീറോമലബാർ സഭാംഗമാണെന്ന് നിസ്സംശയം പറയാവുന്നതാണ്.

## ഷേർളിയും ഫെർണാണ്ടസും തമ്മിലുള്ള വിവാഹം

അടുത്ത ചോദ്യം ലത്തീൻ സഭാംഗമായ ഫെർണാണ്ടസും സീറോമലബാർ സഭാംഗമായ ഷേർളിയും തമ്മിലുള്ള വിവാഹം സംബന്ധിച്ചാണ്. സീറോമലബാർ സഭയിലെ പള്ളിയിൽ വച്ച് വിവാഹം നടത്തുവാൻ ഷേർളി ആഗ്രഹിക്കുന്നു. ഇതിന് എന്തെങ്കിലും പ്രത്യേക അനുവാദം ആവശ്യമുണ്ടോ? ഇവിടെ രണ്ടു കത്തോലിക്കർ തമ്മിലുള്ള വിവാഹത്തെപ്പറ്റിയാണ് പ്രതിപാദിക്കുന്നതെന്ന കാര്യം വിസ്മരിക്കരുത്. ഇവർ തമ്മിൽ കത്തോലിക്കാ ദേവാലയത്തിൽ വച്ച് വിവാഹം കഴിക്കുന്നതിന് വിവാഹത്തിന്റെ സാധാരണ നടപടിക്രമങ്ങൾ ഒഴിച്ച് മറ്റ് യാതൊരു പ്രത്യേക അനുവാദത്തിന്റേയും ആവശ്യമില്ല.

> മാതാപിതാക്കൾ സ്വന്തം സഭാംഗത്വം വെടിഞ്ഞ് കത്തോലിക്കാ സഭയിലെ കൂട്ടായ്മയിലെതന്നെ മറ്റൊരു സ്വയാധി കാരസഭയിലെ അംഗങ്ങളാകുമ്പോൾ 14 വയസ്സ് പൂർത്തിയാകാത്ത അവരുടെ കുട്ടികളുടെയും സഭാംഗത്വം അതോടൊപ്പം മാറുന്നു.

## നിയമാനുസൃതത്തിനുവേണ്ടി

പൗരസ്ത്യ നിയമസംഹിതയിലെ 831–ാം കാനോനയിലെ രണ്ടാം ഖണ്ഡികയിൽ പറയുന്നതനുസരിച്ച് വരന്റെ (bridegroom) ഇടവകവികാരിയുടെ മുമ്പാകെയാണ് വിവാഹം നടത്തേണ്ടത്. എന്നാൽ ഈ

www.malankaralibrary.com



നിയമം വിവാഹത്തിന്റെ നിയമാനുസൃതത്തിന് (licity) വേണ്ടി മാത്രമുള്ളതാണ്. ഇത് ഒരു വിധത്തിലും വിവാഹത്തിന്റെ സാധുതയെ ബാധിക്കുന്നില്ല. ലത്തീൻ നിയമ സംഹിതയിൽ ഇതിന് സമാനമായി (parallel) കൊടുത്തിട്ടുള്ള നിയമം (CIC.c.1115) വ്യത്യ സ്തമാണ്. അതനുസരിച്ച് വിവാഹം വരന്റേയോ, വധുവിന്റേയോ ഇടവക വികാരിയുടെ മുമ്പാകെ നടത്താവുന്നതാണ്. ഇതും നിയമാനുസൃതത്തിനു വേണ്ടി മാത്രമുള്ളതാണ്. പൗരസ്ത്യനിയമം നിർദ്ദേ ശിക്കുന്നതുപോലെ വരന്റെ വികാരിയുടെ മുമ്പാകെ വിവാഹം നടത്തണമെന്ന് ലത്തീൻ നിയമം നിഷ്ക്കർ ഷിക്കുന്നില്ല.

ഫെർണാണ്ടസും ഷേർളിയും തമ്മിലുള്ള വിവാഹം ഷേർളിയുടെ ഇടവക വികാരിയുടെ മുമ്പാ കെയാണ് നടത്താൻ ഉദ്ദേശിക്കുന്നതെന്ന് ചോദ്യത്തിൽ നിന്നും മനസ്സിലാകുന്നു. ഈ വിവാഹത്തിലെ വരൻ ലത്തീൻ സഭാംഗമായതിനാൽ അയാൾക്ക് ബാധക മായിട്ടുള്ളത് ലത്തീൻ നിയമമാണ്. തന്മൂലം അയാൾക്ക് തന്റെ ഇടവക വികാരിയുടേയോ വധുവിന്റെ സ്വയാധികാരസഭയിലെ ഇടവക വികാരിയുടേയോ മുമ്പാകെ സാധുവായും നിയമാനു സൃതമായും ഈ വിവാഹം നടത്താം. അതിന് യാതൊരു അനുവാദവും ആവശ്യമില്ല. വധു സീറോ മലബാർ സഭാംഗമായതിനാൽ പൗരസ്ത്യസഭകൾ ക്കുള്ള പൊതുനിയമമാണ് വധുവിന് ബാധകമാ യിട്ടുള്ളത്. പ്രത്യേകിച്ച് ഈ നിയമസംഹിതയിലെ 831–ാം കാനോനയിലെ രണ്ടാം ഖണ്ഡികയിലെ വ്യവസ്ഥകളനുസരിച്ച് നിയമാനുസൃതത്തിനുവേണ്ടി ചോദ്യകർത്താവ് ഫെർണാണ്ടസിനെ വിവാഹം കഴിക്കേണ്ടത് അദ്ദേഹത്തിന്റെ പള്ളിയിൽ വച്ചാണ്. എന്നാൽ ലത്തീൻകാരനായ വരനും സീറോമലബാർ സഭാംഗമായ വധുവും തമ്മിലുള്ള ഈ വിവാഹ ത്തിൽ ലത്തീൻ നിയമത്തിനായിരിക്കും മുൻഗണന. ലത്തീൻ നിയമത്തിലെ 1115–ാം കാനോനയിലെ വ്യവ സ്ഥകൾ പൗരസ്ത്യനിയമത്തിലെ 831–ാം കാനോന യിലെ വ്യവസ്ഥകളെ ഉല്ലംഘിക്കുന്നതായിരിക്കും (supersede). തന്മൂലം മേല്പറഞ്ഞ വിവാഹം വധുവിന്റെ പള്ളിയിൽ വച്ച് നടത്തുന്നതിന് യാതൊരു പ്രത്യേക അനുവാദത്തിന്റേയും ആവശ്യമില്ല.

## വരന് വധുവിന്റെ സ്വയാധികാരസഭയിലേയ്ക്ക് മാറാമോ?

വിവാഹസമയത്തോ വിവാഹജീവിതത്തിനിട യ്ക്കോ വരന് വധുവിന്റെ സ്വയാധികാരസഭയിലേ യ്ക്ക് മാറാമോ എന്നതാണ് മറ്റൊരു ചോദ്യം. ലത്തീൻ കാരനായ വരന് ബാധകമായിട്ടുള്ളത് ലത്തീൻ നിയമ മാണ്. ലത്തീൻ നിയമസംഹിതയിലെ 112–ാം കാനോന യനുസരിച്ച് ലത്തീൻകാരനായ പുരുഷന് വിവാഹ സമയത്തോ, വിവാഹജീവിതത്തിനിടയ്ക്കോ അയാ ളുടെ വധുവിന്റെ സ്വയാധികാരസഭയിലേയ്ക്ക് മാറു വാനുള്ള സ്വാതന്ത്ര്യമുണ്ട് (CIC.c.112/2). ഇതനു സരിച്ച് ഫെർണാണ്ടസിന് ഷേർളിയുടെ സ്വയാധികാര സഭയിൽ അംഗത്വം നേടാൻ സാധിക്കും. ഇതിന് അദ്ദേഹം ഭാര്യയുടെ ഇടവക വികാരിയുടെ മുമ്പാകെ നിയമാനുസൃതം അപേക്ഷ സമർപ്പിക്കണം. ഇക്കാര്യം സ്വന്തം ഇടവക വികാരിയെ അറിയിക്കുകയും വേണം. ഇപ്രകാരമുള്ള മാറ്റം മാമ്മോദീസാ രജിസ്റ്ററിൽ രേഖപ്പെടുത്തുകയും വേണം. ഇത് വളരെ പ്രധാനപ്പെട്ടതാണ്. കാരണം, ഇവർക്കുണ്ടാകുന്ന കുട്ടികൾക്ക് അപ്പന്റെ സ്വയാധികാരസഭയിലാണല്ലോ അംഗത്വം ലഭിക്കുക. ■



**ഡോ. ജോസ് ചിറമേൽ**

റോമിലെ പൊന്റിഫിക്കൽ ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും കാനൻ നിയമത്തിൽ 1990ൽ ഡോക്ടറേറ്റ്. ഗ്രിഗോറിയൻ യൂണിവേഴ്സിറ്റിയിൽ നിന്നും 1992–ൽ പോസ്റ്റ്–ഡോക്ടറൽ ഡിപ്ലോമ. വിവിധ സെമിനാരികളിൽ കാനൻ നിയമത്തിന്റെ പ്രൊഫസർ.

www.malankaralibrary.com



# വീട്ടിലെ കാരണവർക്ക് അടുപ്പിലും...

മനുഷ്യപുത്രൻ

മലയാളികളുടെ ഇടയിൽ അഭിപ്രായ ഐക്യമുണ്ടാവുക അത്ര എളുപ്പമല്ല. എന്നാൽ അടുത്തയിടെ മലയാളികളെയെല്ലാം അസാധാരണമായി ഒരുമിപ്പിച്ച വിഷയമായിരുന്നു തൊടുപുഴയിലെ കൈവെട്ട്. തൊടുപുഴ കോളേജിലെ അധ്യാപകന്റെ കൈവെട്ടിയ സംഭവത്തിൽ എല്ലാവരും ഒരുപോലെ ഞെട്ടി. ഭരണപക്ഷവും പ്രതിപക്ഷവും, കോൺഗ്രസ്സും മാർക്സിസ്റ്റും ഹിന്ദുവും മുസ്ലീമുമെല്ലാം ഒരുപോലെ പ്രതിഷേധിച്ചു.

എന്നാൽ ഓർമ്മശക്തിയുള്ള മലയാളികളെയെല്ലാം അത്ഭുതപ്പെടുത്തുന്ന ഒരു കാര്യമുണ്ട്. അധ്യാപകന്റെ കൈവെട്ടിയതിനെ അപലപിക്കുന്ന മാർക്സിസ്റ്റുകാരന് വിദ്യാർത്ഥികളുടെ കൺമുമ്പിൽ വച്ച് അധ്യാപകന്റെ തലവെട്ടുന്നതിന് ഒരു മടിയുമില്ല. കൈവെട്ടുന്നതിൽ പ്രതിഷേധിക്കുന്നവൻ തലവെട്ടുന്നതിന് പ്രോത്സാഹനം കൊടുക്കുന്നത് എന്തുകൊണ്ടാണ്? ഇതാണ് കേരള രാഷ്ട്രീയത്തിലെ ഉത്തരം കിട്ടാത്ത പ്രഹേളിക.

പോപ്പുലർ ഫ്രണ്ടുകാരുടെ ഓഫീസുകളും കേന്ദ്രങ്ങളും ഇപ്പോൾ ഒന്നിനുപിറകേ ഒന്നായി റെയ്ഡു ചെയ്യപ്പെടുകയാണ്. കണ്ടുകിട്ടുന്ന മാരകായുധങ്ങളും ബോംബും കണ്ട് മാധ്യമങ്ങളെല്ലാം അനുദിനം അത്ഭുതപ്പെടുകയാണ്. എന്നാൽ യഥാർത്ഥ സത്യത്തിലേയ്ക്ക് ചോദ്യമെറിഞ്ഞത് പോപ്പുലർ ഫ്രണ്ടിന്റെ നേതാവാണ്. ഞങ്ങളുടെ കൈവശമുള്ളതിനേക്കാൾ പതിന്മടങ്ങ് ബോംബുശേഖരം പാർട്ടിക്കാരുടെ കൈയ്യിലില്ലേ? ഇതാണ് മലയാളി സമൂഹത്തെ ഞെട്ടിക്കേണ്ട പകൽസത്യം.

ആരാണിവിടെ അക്രമത്തെ സമൂഹത്തിലെ സാധാരണരീതിയാക്കി വളർത്തിയെടുത്തത്? മാർക്സിസ്റ്റു പാർട്ടിക്കതിൽ വലിയ പങ്കുണ്ടെന്ന് ഏത് നിഷ്പക്ഷസമിതിയും സമ്മതിക്കും. അല്ലാതെ അക്രമത്തെ കേരളത്തിൽ സാമാന്യവത്ക്കരിച്ചത് ക്രിസ്തുമതമല്ല; ഹിന്ദുമതമല്ല; ഇസ്ലാം മതവുമല്ല. മറ്റേതെങ്കിലും രാഷ്ട്രീയ പാർട്ടികൾ ആ ഉത്തരവാദിത്വം ഏറ്റെടുക്കാൻ തയ്യാറാകുമോയെന്നും തോന്നുന്നില്ല.

എന്തും നേടിയെടുക്കാൻ അക്രമത്തെ മാർഗ്ഗമാക്കുന്ന രീതി പാർട്ടി കേരളത്തിൽ നടപ്പിലാക്കിയത് ഇന്നോ ഇന്നലെയോ അല്ല. പാർട്ടിക്കെതിരായി ആരുവന്നാലും അക്രമത്തിലൂടെ അവനെ നിഷ്ക്രിയനാക്കുകയാണ് പാർട്ടി രീതി. പഞ്ചായത്ത് വാർഡ് മുതൽ സംസ്ഥാനതലംവരെ ഇതാണ് പാർട്ടിനയം. സി. എം. എസ്. കോളേജിലാണെങ്കിലും അത് നടപ്പിലാക്കും.

നീതിന്യായക്കോടതിയാണെങ്കിലും പാർട്ടി ഇതു തന്നെ ചെയ്യും. കോടതിയെ ചീത്തവിളിക്കും, ഭള്ള് പറയും, കോടതിക്കെതിരെ ജാഥ നടത്തും. വേണമെങ്കിൽ കോടതിയുടെ കോലം വരെ കത്തിക്കും.

റോഡും പരിസരവും യാത്ര ചെയ്യാനുള്ളതും യാത്രക്കാർക്കുള്ളതുമാണെന്ന കോടതി വിധി പാർട്ടിക്ക് ഇഷ്ടപ്പെടാതെ പോയി. നാല് ജയരാജന്മാരും കോടതിക്കെതിരെ ഉറഞ്ഞുതുള്ളി. റോഡ് എന്തിനാണ്? മലയാളി ഉറക്കെ ചോദിക്കേണ്ട ചോദ്യമാണിത്. റോഡ് വണ്ടിയോടിക്കാനും യാത്ര ചെയ്യാനുമുള്ളതാണ്. അല്ലാതെ രാഷ്ട്രീയക്കാർക്ക് മീറ്റിങ്ങ് കൂടാൻ അവർക്ക് സ്ത്രീധനമായി കിട്ടിയ സ്വത്തൊന്നുമല്ല റോഡ്. അത് കമ്മ്യൂണിസ്റ്റ് പാർട്ടിക്കാർ മനസ്സിലാക്കണം. കമ്മ്യൂണിസ്റ്റുകാരുടെ ചുവടുപിടിച്ച് ചില വിവരംകെട്ട കോൺഗ്രസ്സുകാരും സമാന അഭിപ്രായം പറഞ്ഞു. അവരോട് പൊതുജനത്തിന് പറയാനുള്ളത് ഒന്ന് മാത്രമേയുള്ളൂ. കമ്മ്യൂണിസ്റ്റുകാർക്കും കോൺഗ്രസ്സുകാർക്കും മസിലുബലം കാട്ടാനുള്ള സ്ഥലമല്ല റോഡും പരിസരവും. ഇതാണ് ലോകമെമ്പാടുമുള്ള പൊതുനിയമം. ഇവിടുത്തെ മഹാഭൂരിപക്ഷം ജനത്തിന്റെയും അഭിപ്രായം ഇതുതന്നെയാണ്–ജനങ്ങൾക്ക് യാത്ര ചെയ്യാനും വണ്ടിയോടിക്കാനുമുള്ള സ്ഥലമാണ് റോഡ്.

ഈ സത്യം വിളിച്ചുപറഞ്ഞ കോടതിയെ തെറിപറഞ്ഞ് ഭീഷണിപ്പെടുത്താൻ ശ്രമിക്കുന്നത് ചട്ടമ്പിത്തരമാണ്; റൗഡിത്തരമാണ്; തനി ഫാസിസമാണ്; അക്രമരാഷ്ട്രീയമാണ്. ഭരണം കൈയ്യിലുള്ളതുകൊണ്ടും കൊടിപിടിക്കാൻ നാലാൾ കൂടെയുള്ളതുകൊണ്ടും എന്തുമാകാമെന്ന് കരുതരുത്. "വീട്ടിലെ കാരണവർക്ക് അടുപ്പിലും..." എന്ന പഴഞ്ചൊല്ലുണ്ടല്ലോ. അത് ഇനിയും തുടരരുത്. പാർട്ടിക്കാരന്റെ അമേദ്യത്തിന്റെ ഗന്ധം പൊതുജനത്തിന് മടുത്തുകഴിഞ്ഞു. കിഴക്കൻ യൂറോപ്പിൽ നിന്ന് പാഠം പഠിക്കാനായില്ലെങ്കിൽ, ബംഗാളിൽ നിന്നെങ്കിലും പാഠം പഠിക്കണം സഖാവേ. ■

July 2010 / Karunikan Monthly RNI No. KERMAL/2007/19623 Postal Reg. No. KL/ALY/0010/2010-12
Licence No. KL/CR/ALY/WPP-02/2010-12 Licensed to Post Without Prepayment
www.malankaralibrary.com

## കാരുണികൻ

# വരിക്കാരാകൂ... സമ്മാനം നേടൂ!




## വരിസംഖ്യ

| | | |
|---|---|---|
| 1 വർഷം | : | Rs. 250/- |
| 5 വർഷം | : | Rs. 1000/- |
| ആജീവനാന്തം | : | Rs. 5000/- |

- അഞ്ച് വർഷത്തെ വരിക്കാർക്ക് 500 രൂപയുടെ പുസ്തകം സമ്മാനം
- ആജീവനാന്ത വരിക്കാർക്ക് ആദ്യവർഷം 500 രൂപയുടെ പുസ്തകവും; എല്ലാ വർഷം 100 രൂപയുടെ പുസ്തകവും സമ്മാനം

* Postage Extra

## ലഭ്യമായ പുസ്തകങ്ങൾ

| പുസ്തകം | വില |
|---|---|
| Human Face of Divine Compassion | 150/- |
| Priest as a Man | 130/- |
| Christ Centered Priest | 130/- |
| Dew Drops | 70/- |
| Communication Can Renew the Church | 250/- |
| ബൈബിൾ തിരുവചനത്തിലേക്ക് പത്ത് ചുവടുകൾ | 70/- |
| ബൈബിൾ വ്യാഖ്യാനത്തിന് സഭയുടെ മാർഗ്ഗരേഖ | 70/- |

| പുസ്തകം | വില |
|---|---|
| നൂറുമേനി - പാർട്ട് 1 | 80/- |
| നൂറുമേനി - പാർട്ട് 2 | 80/- |
| മാതൃതീർത്ഥങ്ങളിൽ | 120/- |
| കുടുംബജീവിതം പ്രാഥമിക പാഠങ്ങൾ | 60/- |
| സഭാനിയമ സമീക്ഷ | 80/- |
| ഇത് എന്റെ ശരീരം | 60/- |
| നസ്രായന്റെ കൂടെ | 90/- |
| പുരോഹിതൻ | 80/- |

Printed and Published by Fr. Jacob Naluparayil, MCBS House, Perumanoor P.O. Kochi-682015, Ernakulam Dt.
Printed at St.Joseph's Orphanage Press, Changanacherry, Kerala - 686 101, Editor: Fr. Jacob Naluparayil